# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഒക്‌ടോബർ 2015 വാല്യം 42 ലക്കം 7 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


## മോദി സർക്കാരിന്റെ കോർപ്പറേറ്റ് – വർഗ്ഗീയ നയങ്ങൾക്കും സംസ്ഥാനത്തെ ജനദ്രോഹ അഴിമതിഭരണത്തിനുമെതിരെ

# സംസ്ഥാനവ്യാപകമായ പ്രക്ഷോഭം

**മോദി സർക്കാരിന്റെ കോർപ്പറേറ്റ്-വർഗ്ഗീയ നയങ്ങൾക്കും സംസ്ഥാനത്തെ ജനദ്രോഹ അഴിമതിഭരണത്തിനുമെതിരെ ഇടതുപക്ഷ ഐക്യമുന്നണി (എൽയുഎഫ്) സംസ്ഥാനകമ്മിറ്റിയുടെ ആഹ്വാനപ്രകാരം സെപ്തംബർ 30 ന് ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ മാർച്ചും ധർണ്ണയും സംഘടിപ്പിക്കപ്പെട്ടു.**




ഇടതുപക്ഷ ഐക്യമുന്നണി സംഘിപ്പിച്ച സെക്രട്ടേറിയറ്റ് മാർച്ച്

**കോ**ർപ്പറേറ്റുകളുടെ ലാഭം മാത്രം ലക്ഷ്യമാക്കി നരേന്ദ്രമോദി നടപ്പാക്കുന്ന സാമ്പത്തിക സമീപനങ്ങളുടെ ഇരയാകുന്നത് ദരിദ്രരും ഇടത്തരക്കാരുമായ ജനകോടികളാണ്. ജനങ്ങളുടെ സംഘടിത പ്രക്ഷോഭം ഈ നയങ്ങൾക്കെതിരെ വളർന്നുവരാതിരിക്കാനായി രാജ്യമെമ്പാടും വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കുകയാണ് മോദിയുടെ ഭരണം. കേരളീയരുടെ ദാരിദ്ര്യം പെരുപ്പിക്കുന്ന തരത്തിലുള്ള വിലക്കയറ്റവും കാർഷിക മേഖലയുടെ തകർച്ചയും സംഭവിക്കുമ്പോഴും നിർവ്വികാരമായി നോക്കിനിൽക്കുകയും അഴിമതി നടത്തുന്നതിൽ മാത്രം ശ്രദ്ധാലുക്കളുമാണ് കോൺഗ്രസ്സ് നേതൃത്വത്തിൽ കേരളത്തിലുള്ള യുഡിഎഫ് സർക്കാർ. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനകീയ സമരൈക്യം വളർത്തിയെടുത്തുകൊണ്ട് ഇന്നത്തെ ഈ സാഹചര്യത്തെ നേരിടുകയെന്ന ലക്ഷ്യംവച്ചുകൊണ്ടാണ് ആർഎംപി, എസ്‌യുസിഐ(സി), എംസിപിഐ(യു) എന്നീ പാർട്ടികൾ ചേർന്നു രൂപംകൊടുത്ത ഇടതുപക്ഷ ഐക്യമുന്നണി, തൊഴിലവകാശങ്ങൾ കവർന്നെടുക്കുന്ന തൊഴിൽ നിയമങ്ങൾ പിൻവലിക്കുക, വിദ്യാഭ്യാസ-സാംസ്കാരിക മേഖലയുടെ വർഗ്ഗീയവൽക്കരണം തടയുക, അവശ്യനിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയ 15 ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് സെപ്തംബർ 30 ന് സംസ്ഥാനതല പ്രക്ഷോഭപരിപാടികൾ സംഘടിപ്പിച്ചത്.

*(ശേഷം 8-ാം പേജിൽ)*


തോട്ടം തൊഴിലാളി സമരം: **തൊഴിലാളികളുടെ കൂട്ടായ വിലപേശൽ ശേഷിയെ തകർക്കാനുള്ള ഗൂഢാലോചനയ്ക്കെതിരെ ജാഗ്രത പാലിക്കുക** -പേജ് 4

**പുതിയ ദേശീയ വിദ്യാഭ്യാസ നയം: ജനാധിപത്യ വിദ്യാഭ്യാസത്തിന് ഭീഷണി** -പേജ് 6

**സ്റ്റാലിനെ അപകീർത്തിപ്പെടുത്താനായി ബൂർഷ്വാ മാദ്ധ്യമങ്ങൾ അങ്ങേയറ്റം തരംതാഴുന്നു.** -പേജ് 14

**പഞ്ചായത്ത് തെരഞ്ഞെടുപ്പും ജാതി രാഷ്ട്രീയവും** -പേജ് 7

**പശ്ചിമേഷ്യയിലെ അഭയാർത്ഥിദുരന്തം** -പേജ് 10

**ദാദ്രിയിലെ കൊലപാതകം** -പേജ് 7

**ആലപ്പുഴയിലെ വിജയംവരിച്ച ചെമ്മീൻപീലിംഗ് തൊഴിലാളി സമരം** -പേജ് 15

**പ്രൊഫ.എം.എം.കൽബുർഗിയുടെ വധം** -പേജ് 13

**സംസ്ഥാന യുവജനക്യാമ്പ്** -പേജ് 12

**നവോത്ഥാനശക്തി ചരിത്രപ്രദർശനം വൈക്കത്ത്** -പേജ് 3

**കാലടി സർവ്വകലാശാലയിൽ വിദ്യാർത്ഥി-ഗവേഷക സംഗമം** -പേജ് 16


# ശ്രീനാരായണഗുരുവും കമ്മ്യൂണിസ്റ്റുകളും

അടുത്തകാലത്ത് കേരളത്തിൽ ശ്രീനാരായണഗുരുവിനെ കേന്ദ്രീകരിച്ച് ഒരു വിവാദം ഉയർന്നുവരികയുണ്ടായല്ലോ. കേരളത്തിന്റെ നവോത്ഥാന നായകന്മാരിൽ അഗ്രഗണ്യനായ ഗുരുവിനെ ഒരു പ്രത്യേക ജാതിയുടെ മാത്രം ആചാര്യനായി അവതരിപ്പിച്ചുകൊണ്ടുള്ള ചില വാദങ്ങൾ അതിന്റെ ഭാഗമായി ഉയരുകയുണ്ടായി. സങ്കുചിതമായ രാഷ്ട്രീയനേട്ടങ്ങൾ മാത്രം ലാക്കാക്കി ചില സ്ഥാപിതതാല്പര്യക്കാർ അതിനെ ജാതിവികാരം ഇളക്കിവിടാനുള്ള അവസരമാക്കാൻ മുതിർന്നു. നവോത്ഥാനത്തിലൂടെ കേരളം കൈവരിച്ച മതേതര ജനാധിപത്യ സാംസ്കാരികാന്തരീക്ഷത്തെ തകർക്കുന്ന വർഗ്ഗീയശക്തികൾക്ക് തലയുയർത്താൻ അത് അവസരം നൽകി. ഈ സാഹചര്യത്തിൽ കേരള നവോത്ഥാനത്തിൽ ശ്രീനാരായണഗുരുവിന്റെ സംഭാവനയെന്തെന്നും അദ്ദേഹത്തിന്റെ ആദർശങ്ങളുടെ വർത്തമാനകാല പ്രസക്തിയെന്തെന്നും, ശ്രീനാരായണനെപ്പോലെയുള്ള നവോത്ഥാനനായകന്മാരോടുള്ള കമ്മ്യൂണിസ്റ്റുകാരുടെ സമീപനമെന്തെന്നുമുള്ള വസ്തുനിഷ്ഠമായ പരിശോധന പ്രസക്തമായിരിക്കുന്നു.

**സ**മീപകാല വിവാദങ്ങൾക്കിടയിൽ ഉന്നയിക്കപ്പെട്ട ചില വാദങ്ങളുണ്ട്. ശ്രീനാരായണൻ ഹിന്ദുമതസംരക്ഷകനായിരുന്നു, ജാതി പറയുന്നത് ശ്രീനാരായണധർമ്മത്തിനെതിരല്ല, നമ്പൂതിരി മുതൽ നായാടി വരെയുള്ള ഹിന്ദുക്കളുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുകയെന്നതാണ് ഇന്ന് ശ്രീനാരായണന്റെ അനുയായികളുടെ കർത്തവ്യം എന്നീ വാദങ്ങൾ ഗുരുവിന്റെ അനുയായികളായി കരുതപ്പെടുന്ന എസ്എൻഡിപി യോഗനേതൃത്വം ഉയർത്തുകയുണ്ടായി. ഗുരു അരുവിപ്പുറത്തും തുടർന്ന് കേരളത്തിൽ പലയിടങ്ങളിലും ക്ഷേത്രപ്രതിഷ്ഠ നടത്തിയത് ക്ഷേത്രാരാധനയുടെ പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ വേണ്ടിയായിരുന്നു, ശ്രീനാരായണഗുരു അവസാന കാലങ്ങളിൽ ദൈവമായി മാറി എന്നുമൊക്കെയുള്ള അഭിപ്രായങ്ങളും അവരിൽ ചിലർ ഉയർത്തുന്നുണ്ട്. ഈ വാദങ്ങളിൽ എന്തുമാത്രം കഴമ്പുണ്ട് എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.അതുപോലെ തന്നെ, കുട്ടികളുടെ ഘോഷയാത്രയിൽ ശ്രീനാരായണഗുരുവിനെ സംബന്ധിച്ചുള്ള തികച്ചും അപലപനീയമായ നിശ്ചലദൃശ്യം അവതരിപ്പിച്ച സിപിഐ(എം) അനുകൂലികൾ അവകാശപ്പെടുന്നത് തങ്ങളാണ് ശ്രീനാരായണഗുരുവിന്റെയും മറ്റ് നവോത്ഥാന നായകന്മാരുടെയും പാത ശരിയായി പിന്തുടരുന്നതെന്നാണ്. ഈ അവകാശവാദം എന്തുമാത്രം ശരിയാണെന്നും വിലയിരുത്തപ്പെടണം. മൂന്നാമതായി, ഇന്നത്തെ പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് ശ്രീനാരായണഗുരുവിൽ നിന്നും മറ്റ് നവോത്ഥാന നായകന്മാരിൽ നിന്നും എന്താണ് ഉൾക്കൊള്ളാനുള്ളത് എന്ന് വിചിന്തനം ചെയ്യണം.

### നമ്പൂതിരി മുതൽ നായാടി വരെയുള്ള ഹിന്ദുക്കൾ എന്നെങ്കിലും സഹോദരന്മാരായിരുന്നിട്ടുണ്ടോ?

ആദ്യമേ തന്നെ ഒരു കാര്യം വ്യക്തമാക്കേണ്ടിയിരിക്കുന്നു. നമ്പൂതിരി മുതൽ നായാടി വരെയുള്ള ഹിന്ദുസഹോദരന്മാരുടെ ഐക്യത്തെപ്പറ്റി ഇന്ന് പലരും പറയുന്നുണ്ടല്ലോ. പ്രത്യേകിച്ചും, പഴയ ജാതിമേധാവിത്വസമൂഹം മനുഷ്യരായിപ്പോലും പരിഗണിക്കാതെ ചവി

(ശേഷം പേജ് 2-ൽ)



എഐയുടിയുസിയുടെ നേതൃത്വത്തിൽ അംഗൻവാടി ജീവനക്കാർ നടത്തിയ പടുകൂറ്റൻ പാർലമെന്റ് മാർച്ച്

# ശ്രീനാരായണഗുരു ഹിന്ദുമത സംരക്ഷകനോ?

*(1-ാം പേജിൽ നിന്ന്)*

ട്ടിയരച്ചിരുന്ന അധഃസ്ഥിതജാതിക്കാരുടെ ചില നേതാക്കൾ. അർത്ഥശൂന്യമായ പ്രയോഗമാണത്. എന്തെന്നാൽ കേരളത്തിൽ നിലനിന്നിരുന്ന ജാതിമേധാവിത്വവ്യവസ്ഥിതിയിൽ ഒരിക്കലും മേൽപ്പറഞ്ഞ എല്ലാ ജാതിക്കാരും സഹോദരന്മാരായിരുന്നിട്ടില്ല. മറിച്ച് ഉച്ചനീചത്വമായിരുന്നു ഹിന്ദുമതത്തിലെ ജാതി വ്യവസ്ഥയുടെ മുഖമുദ്ര. ജാതിശ്രേണിയിൽ ഏറ്റവും ഉയർന്ന സ്ഥാനം മലയാള ബ്രാഹ്മണരായ നമ്പൂതിരിമാർക്ക്. മറ്റുള്ള ഓരോ ജാതിക്കാർക്കും താഴേയ്ക്ക് താഴേയ്ക്ക് വ്യത്യസ്ത സ്ഥാനങ്ങൾ. മറ്റ് ജാതിക്കാർ നമ്പൂതിരിയെ തൊട്ടുപോയാൽ അയാളുടെ ശുദ്ധി നഷ്ടപ്പെടും. അതു കൊണ്ട് അവർ നമ്പൂതിരിയിൽ നിന്ന് അകലം പാലിക്കണം. ജാതി ശ്രേണിയിൽ താഴേയ്ക്ക് വരും തോറും നമ്പൂതിരിയിൽ നിന്ന് പാലിക്കേണ്ട അകലം അഥവാ തീണ്ടാപ്പാട് കൂടിക്കൂടി വരും. നായർ 12 അടി, ഈഴവൻ 36 അടി, പുലയൻ 48 അടി എന്നിങ്ങനെ താഴേയ്ക്ക് പോയിപ്പോയി നായാടിയുടെ അടുത്തെത്തുമ്പോൾ, അയാളെ കാണുന്നതുതന്നെ അയിത്തത്തിന് കാരണമാകും എന്നതായിരുന്നു വ്യവസ്ഥ. ആരെങ്കിലും തന്റെ ജാതിക്ക് നിശ്ചയിച്ചിട്ടുള്ള അകലം പാലിക്കാതെ അടുത്തേയ്ക്ക് വന്നാൽ അയാളെ വധിക്കണമെന്നതായിരുന്നു അന്നത്തെ ധർമ്മം. അത്തരമൊരവസ്ഥയിൽ എങ്ങനെയാണ് നമ്പൂതിരി മുതൽ നായാടി വരെയുള്ള ഹിന്ദുക്കൾ സഹോദരന്മാരാകുന്നത്? അതുകൊണ്ടാണ് ശ്രീനാരായണഗുരു 1888-ൽ അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തിയ ശേഷം അവിടെ *ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്* എന്ന് എഴുതിവച്ചത്. നമ്പൂതിരി മുതൽ നായാടി വരെയുള്ള ഹിന്ദുക്കൾ ഏവരും സോദരത്വേന വാഴുന്നതിനെ പ്പറ്റിയല്ല അദ്ദേഹം പറഞ്ഞതെന്നത് ശ്രദ്ധിക്കുക. ജാതിഭേദമോ മതദ്വേഷമോ ഇല്ലാത്ത അവസ്ഥയിൽ മാത്രമേ മനുഷ്യസാഹോദര്യം യാഥാർത്ഥ്യമാകുകയുള്ളു എന്ന ബോധ്യത്തിൽ നിന്നാണ് ഈ വരികളുയർന്നത്.

### ശ്രീനാരായണഗുരു ഹിന്ദുമത സംരക്ഷകനോ?

ശ്രീനാരായണൻ ഹിന്ദുമത സംരക്ഷകനായിരുന്നുവെന്ന വാദത്തിനും വസ്തുതകളുടെ പിൻബലമില്ല. അദ്ദേഹം ഹിന്ദുദൈവങ്ങളുടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചുവെന്നത് ശരിയാണ്. പക്ഷെ, അദ്ദേഹത്തിന്റെ ആദർശം ഒരു *ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്* എന്നതായിരുന്നു. ഇവിടെ *ഒരു മതം* എന്നതു കൊണ്ട് എന്താണർത്ഥമാക്കുന്നതെന്ന് സി.വി. കുഞ്ഞിരാമനുമായി നടന്ന, താഴെക്കൊടുത്തിട്ടുള്ള, സംഭാഷണത്തിൽ നിന്ന് വ്യക്തമാകും.

*ഗുരു: എല്ലാ മതങ്ങളുടെയും ഉദ്ദേശ്യം ഒന്നുതന്നെ. നദികൾ സമുദ്രത്തിൽ ചേർന്നാൽ പിന്നെ തിരക്കുഴിയെന്നും നടുക്കടലെന്നുമുണ്ടോ? ...സൂക്ഷ്മാന്വേഷണത്തെ സഹായിക്കുന്ന മാർഗ്ഗദർശികൾ മാത്രമാണ് മതങ്ങൾ. സൂക്ഷ്മമറിഞ്ഞവന് മതം പ്രമാണമല്ല. മതത്തിന് അവർ പ്രമാണമാണ്....*

*സി.വി.കുഞ്ഞിരാമൻ: ത്യാജ്യഗ്രാഹ്യവിവേചനത്തോടുകൂടി എല്ലാമതഗ്രന്ഥങ്ങളും പഠിക്കണമെന്നാണ് തൃപ്പാദങ്ങളുടെ ഉപദേശസാരമെന്ന് ഞാൻ മനസ്സിലാക്കട്ടെയോ?*

*സ്വാമി: നമ്മുടെ ഉപദേശസാരം അതുതന്നെയാണ്. ആലുവാവച്ചുകൂടിയ സർവമത സമ്മേളനാവസരത്തിൽ നാം അത് പ്രസ്താവിച്ചിട്ടുണ്ടല്ലോ. രാജ്യങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലുമുള്ള ശണ്ഠ ഒന്നു മറ്റൊന്നിനെ തോല്പിക്കുമ്പോൾ അവസാനിക്കും. മതങ്ങൾ തമ്മിൽ പൊരുതാൽ ഒടുങ്ങാത്തതുകൊണ്ട് ഒന്നിന് മറ്റൊന്നിനെ തോല്പിക്കാൻ കഴിയില്ല. ഈ മതപ്പോരിന് അവസാനമുണ്ടാകണമെങ്കിൽ സമബുദ്ധിയോടുകൂടി എല്ലാ മതങ്ങളും എല്ലാവരും പഠിക്കണം. അപ്പോൾ പ്രധാനതത്ത്വങ്ങളിൽ അവയ്ക്കു തമ്മിൽ സാരമായ വ്യത്യാസമില്ലെന്ന് വെളിപ്പെടുന്നതാണ്. അങ്ങനെ വെളിപ്പെട്ടുകിട്ടുന്ന മതമാണ് നാം ഉപദേശിക്കുന്ന 'ഏകമതം'.*

*....ഹിന്ദുമതം എന്നൊരു മതമേയില്ലല്ലോ. ഹിന്ദുസ്ഥാനനിവാസികളെ ഹിന്ദുക്കൾ എന്ന് വിദേശീയർ പറഞ്ഞുവന്നു. ഹിന്ദുസ്ഥാനനിവാസികളുടെ മതം ഹിന്ദുമതം എന്നാണെങ്കിൽ ഹിന്ദുസ്ഥാനത്തെ ഇപ്പോൾ അധിവസിക്കുന്ന ക്രിസ്ത്യാനികളുടെയും മുഹമ്മദീയരുടെയും മതങ്ങളും ഹിന്ദുമതം തന്നെയാണ്. അങ്ങനെ ആരും പറയുന്നുമില്ല, സമ്മതിക്കുന്നുമില്ല. ഇപ്പോൾ ഹിന്ദുമതമെന്ന് പറയുന്നത് ക്രിസ്തുമതം മുഹമ്മദുമതം മുതലായി ഹിന്ദുസ്ഥാനത്തിന് വെളിയിൽ നിന്ന് വന്ന മതങ്ങൾ ഒഴിച്ച് ഹിന്ദുസ്ഥാനത്തിൽത്തന്നെ ഉത്ഭവിച്ചിട്ടുള്ള മതങ്ങൾക്കുള്ള ഒരു പൊതുപ്പേരാകുന്നു. അതുകൊണ്ടാണ് ബുദ്ധമതം, ജൈനമതം മുതലായവയും ഹിന്ദുമതം തന്നെ എന്ന് ചിലർ പറയുന്നത്. വൈദികമതം, പൗരാണികമതം, സാംഖ്യമതം, വൈശേഷികമതം, മീമാംസമതം, ദ്വൈതമതം, അദ്വൈതമതം, വിശിഷ്ടാദ്വൈതമതം, ശൈവമതം, ശാക്തേയമതം, വൈഷ്ണവമതം എന്നിങ്ങനെ പ്രത്യക്ഷത്തിൽ വിഭിന്നങ്ങളായിരിക്കുന്ന അനേകമതങ്ങൾക്ക് എല്ലാറ്റിനുംകൂടി ഹിന്ദുമതം എന്ന് പൊതുപ്പേര് പറയുന്നത് യുക്തിഹീനമല്ലെങ്കിൽ, മനുഷ്യജാതിക്കെല്ലാറ്റിനും മോക്ഷപ്രാപ്തിക്ക് ഉപയുക്തങ്ങളായി ദേശകാലാവസ്ഥകൾ അനുസരിച്ച് ഓരോ ആചാര്യന്മാർ ഈഷദീഷൽഭേദങ്ങളോടുകൂടി ഉപദേശിച്ചിട്ടുള്ള എല്ലാ മതങ്ങൾക്കും കൂടി ഏകമായ ലക്ഷ്യത്തോടുകൂടിയ ഏകമതം എന്നുപറയുന്നതിൽ എന്തിനാണ് യുക്തിഹീനതയെ സംശയിക്കുന്നത്?... ഏകത്വത്തിൽ നാനാത്വവും നാനാത്വത്തിൽ ഏകത്വവും അവനവന്റെ മതത്തെ സംബന്ധിച്ച് ചാതുര്യത്തോടെ പ്രസംഗിക്കുന്നവർക്ക് മനുഷ്യജാതിയുടെ മതത്തെ പൊതുവിൽ എടുത്ത് അതിന്റെ ഏകത്വത്തിൽ നാനാത്വവും നാനാത്വത്തിൽ ഏകത്വവും കാണാൻ കഴിയാതെവന്നത് ആശ്ചര്യമായിരിക്കുന്നു...*

*സി.വി: അങ്ങനെയാണെങ്കിൽ തൃപ്പാദങ്ങളുടെ ശിഷ്യസംഘത്തിൽ ഹിന്ദുമതവിശ്വാസിക്കും, ബുദ്ധമതവിശ്വാസിക്കും, ക്രിസ്തുമതവിശ്വാസിക്കും, മുഹമ്മദുമതവിശ്വാസിക്കും പ്രവേശനം അനുവദിക്കേണ്ടതാണല്ലോ.*

*ഗുരു: നമുക്ക് അതിന് യാതൊരു വിരോധവുമില്ല.*

ഹിന്ദുമതം എന്ന് വിവക്ഷിക്കപ്പെടുന്ന ബ്രാഹ്മണമതത്തോടുള്ള ഗുരുവിന്റെ സമീപനമെന്തായിരുന്നുവെന്ന് പി.കെ.ബാലകൃഷ്ണൻ തന്റെ നാരായണഗുരു എന്ന കൃതിയിൽ പരാമർശിക്കുന്ന താഴെപ്പറയുന്ന സംഭാഷണം വ്യക്തമാക്കുന്നു.

*ഒന്നാം ലോകയുദ്ധം നടക്കുന്ന കാലത്ത് സ്വാമികളും ഒരു ശിഷ്യനുമായി ഇങ്ങനെയൊരു സംഭവമുണ്ടായി.*

*സ്വാമികൾ: ഇംഗ്ലീഷുകാർ ജയിക്കാൻ നാമൊക്കെ പ്രാർത്ഥിക്കണം. നമുക്കൊക്കെ സന്യാസം നൽകിയ ഗുരുക്കന്മാരാണവർ.*

*ശിഷ്യൻ: സന്യാസം നൽകുക എന്നുവച്ചാൽ മന്ത്രോപദേശം ചെയ്ത് കാഷായം നൽകുകയാണ് പതിവ്. തൃപ്പാദങ്ങൾ കല്പിച്ചതിന്റെ അർത്ഥം മനസ്സിലായില്ല.*

*സ്വാമികൾ: ശ്രീരാമന്റെ കാലത്തുകൂടി ശൂദ്രാദികൾക്കു സന്യസിപ്പാൻ പാടില്ലെന്നല്ലേ പറയുന്നത്. ഹിന്ദുക്കൾ സ്മൃതികൾ നോക്കി ഭരിക്കുന്നവരല്ലായോ?*

### ഗുരു ക്ഷേത്രാരാധനയുടെ വക്താവോ?

ഗുരു ക്ഷേത്രങ്ങൾ സ്ഥാപിച്ചത് ക്ഷേത്രാരാധനയുടെ പ്രധാന്യം അനുയായികളെ ബോദ്ധ്യപ്പെടുത്താൻ വേണ്ടിയായിരുന്നുവെന്ന വാദം പരിശോധിക്കാം. വിഗ്രഹപ്രതിഷ്ഠയ്ക്കുള്ള അധികാരം ബ്രാഹ്മണർക്ക് മാത്രമുണ്ടായിരുന്ന അക്കാലത്ത് ഗുരു നടത്തിയ വിഗ്രഹപ്രതിഷ്ഠ ആ വ്യവസ്ഥിതിക്കെതിരായ വെല്ലുവിളിയായിരുന്നുവെന്ന് മനസ്സിലാക്കാത്തവരുടെ അഭിപ്രായമാണിത്. അന്ന് ക്ഷേത്രങ്ങൾ അധികാരകേന്ദ്രങ്ങൾ കൂടിയായിരുന്നു. അതിനാൽ അന്ന് ക്ഷേത്രം സ്ഥാപിക്കുകയെന്നാൽ അധഃസ്ഥിതന്റെ ബദൽ അധികാരകേന്ദ്രം സ്ഥാപിക്കുക എന്നുകൂടി അർത്ഥമുണ്ടായിരുന്നു. നിരീശ്വരവാദിയായിരുന്ന സി. കേശവന്റെ താഴെപ്പറയുന്ന വാക്കുകൾ അത് സാക്ഷ്യപ്പെടുത്തുന്നു: *ക്ഷേത്രങ്ങളിലും പ്രതിഷ്ഠകളിലും ഒന്നും ഒരു വിശ്വാസമില്ലാത്ത എനിക്ക് സ്വാമിയുടെ ക്ഷേത്രപ്രതിഷ്ഠകളുടെ പൊരുൾ നല്ലപോലെ ബോദ്ധ്യമാണ്. ശ്രീരാമന്റെ കാലമായിരുന്നെങ്കിൽ ഒരു ഈഴവൻ അരുവിപ്പുറത്ത് തപസ്സു തുടങ്ങുമ്പോൾ, ഒരു 'ഈഴവശ്ശിവ'ന്റെ പ്രതിഷ്ഠയ്ക്ക് ഒരുങ്ങുമ്പോൾത്തന്നെ, ശ്രീരാമന്റെ 'ഘോരം ഖഡ്ഗം' ആ ഈഴവമുനിയുടെ ഗളനാളം മുറിച്ചുകളയുമായിരുന്നു എന്നുള്ളത് നിസ്സംശയമാണ്. സ്വാമിയുടെ ആ ധീരതയെ നാം നമസ്കരിക്കുക.* (സി.കേശവൻ, പരിശുദ്ധജീവിതത്തിന്റെ പരമോദാഹരണം, പി.കെ.ബാലകൃഷ്ണന്റെ *നാരായണഗുരുവിൽ* നിന്ന്)

ക്ഷേത്രങ്ങളെ സംബന്ധിച്ച് ശ്രീനാരായണഗുരുവിന്റെ കാഴ്ചപ്പാട് തന്നെ വ്യത്യസ്തമായിരുന്നു എന്നതാണ് വസ്തുത. അദ്ദേഹം പറഞ്ഞു: *ക്ഷേത്രങ്ങൾ പഴയ സമ്പ്രദായത്തിൽ വളരെ പണം ചെലവുചെയ്തുണ്ടാക്കേണ്ട ആവശ്യമില്ല. ഉത്സവത്തിനും കരിമരുന്നിനും മറ്റും പണം ചെലവഴിക്കരുത്. ക്ഷേത്രത്തിൽ ജനങ്ങൾക്ക് സുഖത്തിൽ വന്നിരിക്കാനും പ്രസംഗിക്കാനും മറ്റും ഏർപ്പാടുകൾ ഉള്ള വിശാലമായ മുറികളാണ് വേണ്ടത്. എല്ലാ ക്ഷേത്രങ്ങളോടും സംബന്ധിച്ച് വിദ്യാശാലകളും തോട്ടങ്ങളും ഉണ്ടായിരിക്കണം. കുട്ടികളെ പലതരം വ്യവസായങ്ങൾ ശീലിപ്പിക്കാനുള്ള ഏർപ്പാടുകളും ക്ഷേത്രത്തോടനുബന്ധിച്ചുണ്ടാകേണ്ടതാണ്. ജനങ്ങളിൽ നിന്ന് വഴിപാടായി കിട്ടുന്ന ധനം, സാധുക്കളായ ജനങ്ങൾക്കുതന്നെ പ്രയോജനകരമായ വിധത്തിൽ ചെലവഴിക്കുകയാണ് വേണ്ടത്.* (മൂർക്കോത്തുകുമാരൻ എഴുതിയ ശ്രീനാരായണഗുരുവിന്റെ ജീവചരിത്രത്തിൽ നിന്ന് പി. കെ.ബാലകൃഷ്ണൻ ഉദ്ധരിച്ചിരിക്കുന്നത്)

1917-ൽ നൽകിയ സന്ദേശത്തിൽ ഇനി ക്ഷേത്രങ്ങളല്ല വേണ്ടത് എന്നും അദ്ദേഹം പറഞ്ഞു.*"ഇനി ക്ഷേത്രനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കരുത്... തൽക്കാലം ക്ഷേത്രം വേണ്ടെന്നുപറഞ്ഞാൽ ജനങ്ങൾ കേൾക്കുകയില്ല. നിർബ്ബന്ധമാണെങ്കിൽ ചെറിയ ക്ഷേത്രം വച്ചുകൊള്ളട്ടെ. പ്രധാന ദേവാലയം വിദ്യാലയമായിരിക്കണം. പണം പിരിച്ച് പള്ളിക്കൂടങ്ങൾ കെട്ടുവാനാണുത്സാഹിക്കേണ്ടത്. ശുചിയും മറ്റും ഉണ്ടാക്കുവാൻ ക്ഷേത്രം കൊള്ളാം. ജാതിഭേദം കൂടാതെ ഒരു പൊതു ആരാധനസ്ഥലത്തെങ്കിലും ജനങ്ങളെ ഒന്നിച്ചുചേർക്കുവാൻ ക്ഷേത്രങ്ങൾവഴി കഴിയുമെന്ന് തോന്നിയിരുന്നു. അനുഭവം നേരെമറിച്ചാണ്. ക്ഷേത്രം ജാതിവ്യത്യാസത്തെ അധികമാക്കുന്നു. ഇനി ജനങ്ങൾക്ക് വിദ്യാഭ്യാസം കൊടുപ്പാൻ ശ്രമിക്കണം. അവർക്ക് അറിവുണ്ടാകട്ടെ. അതുതന്നെയാണ് അവരെ നന്നാക്കുവാനുള്ള മരുന്ന്".* (നാരായണഗുരു-പികെബാലകൃഷ്ണൻ)

ശ്രീനാരായണഗുരുവിനെ ക്ഷേത്രാരാധനയുടെ വക്താവായി ചിത്രീകരിക്കുന്നത് ന്യായമാണോ എന്ന് ഗുരുവിന്റെ തന്നെ മേല്പറഞ്ഞ വാക്കുകളുടെ വെളിച്ചത്തിൽ മാന്യവായനക്കാർ വിലയിരുത്തുക.

### ഗുരുവും ജാതിയും

ഇനി,ഗുരുവിന്റെ അനുയായികൾ ജാതി പറയേണ്ടതാണെന്ന വാദമെടുക്കാം. തന്റെ വിഖ്യാത ആദർശവാക്യത്തിലെന്നപോലെ എത്രയോ വട്ടം അദ്ദേഹം മനുഷ്യരെല്ലാം ഒരേ ജാതിയാണെന്ന അഭിപ്രായം സംശയത്തിനിടയില്ലാത്തവണ്ണം വ്യക്തമാക്കിയിട്ടുള്ളതാണ്.

*"മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ട് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന് യാതൊരു ദോഷവുമില്ല."*

*"ജാതി ഒന്നാണെന്നതിന് തെളിവൊന്നും വേണ്ടല്ലോ. ഒരു പട്ടി വേറൊരു പട്ടിയെക്കണ്ടാൽ അതിന്റെ സ്വന്തം ജാതിയാണെന്ന് മനസ്സിലാക്കുന്നു. എല്ലാ മൃഗങ്ങൾക്കും ഈ വക തിരിവുണ്ട്. അതനുസരിച്ച് ജീവിക്കുന്നുമുണ്ട്. മനുഷ്യർക്ക് മാത്രം സംശയം, സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയില്ല. മൃഗങ്ങളെക്കാൾ മോശം."* (ശ്രീനാരായണഗുരുസ്മരണകൾ - കുറ്റിപ്പുഴ കൃഷ്ണപിള്ള)

*"മനുഷ്യർ ഒക്കെ ഒരു ജാതിയാണ്. അവരുടെയിടയിൽ സ്ഥിതിഭേദമല്ലാതെ ജാതിഭേദം ഇല്ല. ഉണ്ടാകാൻ നിവൃത്തിയും ഇല്ല."* (തിരുവനന്തപുരത്ത് മുട്ടത്തറയിൽ ഗുരുവിന്റെ അദ്ധ്യക്ഷതയിൽ നടന്ന പുലയരുടെ ഒരു യോഗത്തിൽ ഗുരു ഉപദേശിച്ചത്. വിവേകോദയം 1096 ചിങ്ങം ലക്കം. കെ.എൻ.ഷാജി എഡിറ്റ് ചെയ്ത *നാരായണഗുരു - ജീവിതം, കൃതികൾ, ദർശനം* എന്ന കൃതിയിൽ ഉദ്ധരിച്ചിരിക്കുന്നത്)

*"മനുഷ്യാണാം മനുഷ്യത്വം*
*ജാതിർഗോത്വം ഗവാം യഥാ*
*ന ബ്രാഹ്മണാദിരസ്യൈവം*
*ഹ തത്ത്വം വേത്തി കോപി ന"*

അർത്ഥം: പശുക്കൾക്ക് ഗോത്വം എന്ന ജാതിയുള്ളതുപോലെ, മനുഷ്യർക്ക് മനുഷ്യ ജാതിയുണ്ട്. ബ്രാഹ്മണാദി ജാതിയില്ല, എന്നാൽ കഷ്ടം പരമാർത്ഥദർശികളായി ആരുമില്ല ( നാരായണഗുരു -പി.കെ.ബാലകൃഷ്ണൻ)

എസ്എൻഡിപി യോഗത്തിന്റെ സ്ഥാപക പ്രസിഡന്റായ ഗുരു, യോഗത്തിന് ജാത്യഭിമാനം കൂടിവരുന്നുവെന്ന് പരിതപിച്ചുകൊണ്ട് യോഗത്തോട് വിടപറഞ്ഞുവെന്നതും ചരിത്രമാണ്. ഇങ്ങനെ എത്രയോവട്ടം അദ്ദേഹം തന്റെ നിലപാട് ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നിട്ടും അതിന് നേർവിപരീതമായ ആശയം ഒരു മനഃസാക്ഷിക്കുത്തുമില്ലാതെ ഗുരുവിന്റെ പേര് പറഞ്ഞ് അവതരിപ്പിക്കുന്നവരെപ്പറ്റി എന്ത് പറയാൻ.

എന്തിന്, അവർ ഗുരുവിനെത്തന്നെ ഒരു പ്രത്യേക ജാതിയുടെയും മതത്തിന്റെയും ആളായി അവതരിപ്പിക്കുകയും ചെയ്യുന്നു. ഗുരു ജീവിച്ചിരുന്നപ്പോൾത്തന്നെ ഇത്തരം 'അനുയായി' കളുണ്ടായിരുന്നു. അതുകൊണ്ടായിരിക്കുമല്ലോ *തനിക്ക് ജാതിയോ മതമോ ഇല്ലെന്ന്* പത്രത്തിൽ (പ്രബുദ്ധകേരളം, 1916) പരസ്യം ചെയ്യാൻപോലും അദ്ദേഹം നിർബ്ബന്ധിതനായത്. എന്നിട്ടും ഇപ്പോഴും ഗുരു ഒരു പ്രത്യേകജാതിക്കാരുടെ ആചാര്യനായി അവതരിപ്പിക്കപ്പെടുന്നത് കാണുമ്പോൾ സി.കേശവന്റെയൊപ്പം ചേർന്ന് ഇങ്ങനെ പരിതപിക്കാനേ കഴിയൂ: *എന്നാൽ കഷ്ടം! ഈ വസുധയെ ഒരു കുടുംബമായും മനുഷ്യനെ ഒരു ജാതിയായും മാത്രം കാണാൻ കഴിഞ്ഞ വിശാലാശയനെ എങ്ങനെയെല്ലാമാണ് ദുർവ്യാഖ്യാനം ചെയ്ത്, ഒരു ഹിന്ദുവോ, ഈഴവനോ, അല്ലെങ്കിൽ ഹിന്ദുക്കളുടെ ഉപദേവന്മാരിൽ ഒരുവനോ ആക്കാൻ അദ്ദേഹത്തിന്റെ ശിഷ്യപരമ്പരയിൽപ്പെട്ട ചിലർ ഇപ്പോൾ കെണിയുന്നതാലോചിക്കുമ്പോൾ സങ്കടം തോന്നുന്നു.* (സി.കേശവൻ, പരിശുദ്ധജീവിതത്തിന്റെ പരമോദാഹരണം; *നാരായണഗുരു- ജവിതം,കൃതികൾ,ദർശനം*)

ശ്രീനാരായണഗുരുവിന്റെ അനുയായികളായി അറിയപ്പെടുന്നവർ അദ്ദേഹത്തെപ്പറ്റി അവതരിപ്പിക്കുന്ന ചിത്രം യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല എന്നാണ് മേൽപ്പറഞ്ഞ സംഭാഷണങ്ങൾ വ്യക്തമാക്കുന്നത്. മറിച്ച് കേരള ചരിത്രത്തിൽ ശ്രീനാരായണഗുരുവിന്റെ സ്ഥാനമെന്ത് എന്ന് വസ്തുനിഷ്ഠമായി മനസ്സിലാക്കണമെങ്കിൽ അദ്ദേഹം ജീവിച്ചിരുന്ന ചരിത്രപശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ ആശയങ്ങളെയും പ്രവൃത്തികളെയും വിലയിരുത്തേണ്ടതുണ്ട്.

### ചരിത്രപശ്ചാത്തലം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുമാണ് ശ്രീനാരായണഗുരുവിന്റെ ജീവിതകാലം. ഇന്നത്തെ കേരളം അന്ന് രൂപം കൊണ്ടിട്ടില്ല. ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചിരുന്ന തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളും നേരിട്ടുള്ള ബ്രിട്ടീഷ്ഭരണത്തിന് കീഴിലുള്ള മലബാറും എന്നിങ്ങനെ മൂന്നായി പിരിഞ്ഞ അവസ്ഥയിലായിരുന്നു അന്നത്തെ കേരളം.

അന്ന് കേരളത്തിൽ ബ്രാഹ്മണമേധാവിത്വത്തിലധിഷ്ഠിതമായ ജാതിവ്യവസ്ഥയാണ് നിലനിന്നിരുന്നത്. സ്വാമി വിവേകാന

*(ശേഷം 3-ാം പേജിൽ)*

# ശ്രീനാരായണഗുരു: കേരളീയ നവോത്ഥാന ദർശനത്തിന്റെ ഉത്തുംഗ പ്രതീകം

*(2-ാം പേജിൽ നിന്ന്)*

ന്ദനെപ്പോലൊരു മനുഷ്യസ്നേഹി 'ഭ്രാന്താലയം' എന്ന് കേരളത്തെ വിളിക്കാനിടയാക്കിയ തരത്തിൽ ക്രൂരമായ വ്യവസ്ഥിതിയായിരുന്നു അത്. ആ ഫ്യൂഡൽസമൂഹത്തിൽ മനുഷ്യരില്ലായിരുന്നുവെന്ന് പറയാം. ഓരോ ആളും ഏതെങ്കിലുമൊരു ജാതിയുടെ പ്രതിനിധി. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഭാഷ, സഞ്ചാരം തുടങ്ങിയ എല്ലാക്കാര്യങ്ങളിലും ജാത്യടിസ്ഥാനത്തിലുള്ള പ്രത്യേകതകൾ നിർബ്ബന്ധിതമായിരുന്നു. ആചാരലംഘനം കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റമായിരുന്നു.

സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന അദ്ധ്വാനിക്കുന്ന ജനങ്ങളും സ്ത്രീകളും കൊടിയ മർദ്ദനം അനുഭവിച്ചു. അദ്ധ്വാനിക്കുന്ന ജനങ്ങൾ അധഃസ്ഥിതരായി ചവിട്ടിത്താഴ്ത്തപ്പെട്ടിരുന്നു. അവർക്ക് ഇഷ്ടമുള്ള വസ്ത്രം ധരിക്കാൻ അവകാശമില്ലായിരുന്നു. കുട പിടിക്കാനോ, ചെരിപ്പിടാനോ, മീശവയ്ക്കാനോ, തലപ്പാവ് വയ്ക്കാനോ ഒന്നും അവകാശമില്ലായിരുന്നു. അവർക്ക്, ആണിനും പെണ്ണിനും, മുട്ടിനുതാഴേയ്ക്കോ അരയ്ക്കുമുകളിലേയ്ക്കോ മറയുന്ന വസ്ത്രം നിഷിദ്ധമായിരുന്നു.

ഈഴവർക്കും മറ്റ് അധഃസ്ഥിത ജാതിക്കാർക്കും പാലോ പാലുൽപ്പന്നങ്ങളോ കഴിക്കാൻ അവകാശമില്ലായിരുന്നു. പശുവിനെ വളർത്താം. പശു പ്രസവിച്ചുകഴിഞ്ഞാൽ അടുത്തുള്ള നായരുടെയോ നമ്പൂതിരിയുടെയോ ഭവനത്തിൽ അതിനെ എത്തിച്ചുകൊടുക്കണം. പ്രതിഫലമായി ഒരു നേരത്തെ ആഹാരവും തലയിൽ തേയ്ക്കാൻ ഒരു തുടം എണ്ണയും നൽകും. കറവ വറ്റുമ്പോൾ അറിയിക്കും. ചെന്ന് പശുവിനെ കൊണ്ടുപോകാം. അതായിരുന്നു സമ്പ്രദായം (പി.ഭാസ്കരനുണ്ണി, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം)

ഭാഷയും ജാതീയമായിരുന്നു. ഏവർക്കും ഉപയോഗിക്കാവുന്ന പൊതുവായ ഭാഷ ഉണ്ടായിരുന്നില്ല. 1936-ൽ ഒറ്റപ്പാലത്ത് ശിവരാമൻ എന്ന് പേരുള്ള ഒരു ഈഴവയുവാവ് ഒരു നായരുടെ കടയിൽ ചെന്ന് ഉപ്പ് ചോദിച്ചു. സവർണ്ണർക്ക് മാത്രം ഉച്ചരിക്കാൻ അവകാശപ്പെട്ട *ഉപ്പ്* എന്ന പദം ഉച്ചരിച്ചുവെന്ന ധിക്കാരത്തിന് ജാതിമേധാവിത്വവാദികൾ ആ ചെറുപ്പക്കാരനെ അവിടെവച്ച് തല്ലിക്കൊന്നു. ഈഴവർ പറയേണ്ടിയിരുന്നത് പുളിച്ചാടൻ എന്ന പദമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം പതിറ്റാണ്ടിൽപ്പോലും ഇതായിരുന്നു അവസ്ഥയെങ്കിൽ 19-ാം നൂറ്റാണ്ടിലെ കാര്യം പറയേണ്ടതില്ലല്ലോ. തീണ്ടൽ ജാതിക്കാർക്ക് പെരുവഴികളിൽ പ്രവേശനമില്ലായിരുന്നു. സർക്കാരാപ്പീസുകളിലോ കോടതികളിലോ വിദ്യാലയങ്ങളിലോ അവർക്ക് പ്രവേശനമുണ്ടായിരുന്നില്ല.

ഇത്തരത്തിൽ അങ്ങേയറ്റം ഇരുളടഞ്ഞിരുന്ന ഒരു സാഹചര്യത്തിലാണ് അന്നത്തെ തിരുവിതാംകൂറിലെ തിരുവനന്തപുരത്ത് ചെമ്പഴന്തിയെന്ന ഗ്രാമത്തിൽ 1856 ആഗസ്റ്റ് 28-ന് അധഃസ്ഥിത ജാതിയായ ഈഴവസമുദായത്തിൽ നാരായണൻ ജനിച്ചത്.

**നവോത്ഥാനം**

പത്തൊമ്പതാം നൂറ്റാണ്ട് കേരളത്തെ സംബന്ധിച്ചിടത്തോളം സാമൂഹ്യസംഘർഷങ്ങളുടെ കാലവുമായിരുന്നു. വിദേശാധിപത്യത്തിന് കീഴിൽ അനുവർത്തിക്കപ്പെട്ട സാമ്പത്തികവും രാഷ്ട്രീയവുമായ നയനടപടികളുടെ ഫലമായി സമൂഹത്തിൽ സമ്പന്നമായ ഒരു പുതിയ മദ്ധ്യവർഗ്ഗം ഉദയം ചെയ്തുവരികയായിരുന്നു. നൂറ്റാണ്ടുകളുടെ പഴക്കമുള്ളതും ചരിത്രപരമായി കാലഹരണപ്പെട്ടതുമായ ഫ്യൂഡൽവ്യവസ്ഥിതിയെ മാറ്റി പകരം ആധുനിക വ്യാവസായികോൽപ്പാദനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പുതിയ മുതലാളിത്ത സമൂഹം കെട്ടിപ്പടുക്കാനുള്ള വ്യഗ്രത ആ മദ്ധ്യവർഗ്ഗം പ്രദർശിപ്പിച്ചു. അന്നത്തെ സമൂഹത്തിലെ ഏറ്റവും വിപ്ലവകരമായ പ്രവണതയായിരുന്നു അത്. നിലനിന്നിരുന്ന ജന്മിത്ത സാമൂഹ്യക്രമത്തെ നീതീകരിക്കുന്ന മതപരമായ ധാർമ്മിക സദാചാരമൂല്യങ്ങളെ ചോദ്യം ചെയ്യാനും പുതിയ സാമൂഹ്യസ്യഷ്ടിക്ക് അനുരോധമായ മാനവവാദപരമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും ആ പുതിയ സാമൂഹ്യശക്തി മുതിർന്നു. കലയിലും തത്ത്വചിന്തയിലും മാനുഷികബന്ധങ്ങളെയും സാമൂഹ്യ-രാഷ്ട്രീയസ്ഥാപനങ്ങളെയും സംബന്ധിച്ച ആദർശങ്ങളിലുമെല്ലാം ആ പുതിയ മൂല്യബോധം പ്രകാശിതമായി. കാഴ്ചപ്പാടിലും ധാർമ്മിക-സദാചാര മൂല്യവിചാരത്തിലുമെല്ലാം അടിമുടി മാറിയ പുതിയ മനുഷ്യർക്ക് അത് ജന്മം നൽകി. ക്രമേണ സമൂഹത്തെയാകെ ആ പുതിയ മൂല്യബോധത്താൽ പ്രചോദിതമാക്കുന്ന ബൃഹത്തായ പ്രസ്ഥാനമായത് മാറി. ഈ ചരിത്രപ്രക്രിയയെയാണ് നവോത്ഥാനം എന്ന് വിളിക്കുന്നത്.

ഫ്യൂഡൽസമൂഹത്തെ നീതീകരിച്ചിരുന്ന മതപരമായ ആദ്ധ്യാത്മിക മൂല്യങ്ങളെ സംബന്ധിച്ചിടത്തോളം ശരി-തെറ്റുകളുടെ ഉരകല്ല് പാപ-പുണ്യസങ്കല്പമായിരുന്നു. ദൈവത്തിന് നിരക്കുന്നത് പുണ്യമെന്നും ദൈവത്തിന് നിരക്കാത്തത് പാപമെന്നും വിളിക്കപ്പെട്ടു. ദൈവഹിതമറിയാൻ സാധാരണക്കാരന് സാധിക്കുകയില്ലല്ലോ. അതിന് കഴിവുള്ളവരായി കരുതപ്പെട്ടിരുന്ന പുരോഹിതന്മാർ അഥവാ ദൈവജ്ഞർ ശരി-തെറ്റുകൾ എന്തെന്ന് നിശ്ചയിക്കുന്നു. ജനങ്ങൾ അതിനെ ചോദ്യം ചെയ്യാതെ അംഗീകരിക്കുന്നു. പക്ഷെ, പുതുതായി ഉയർന്നുവന്ന ആദർശമായ മാനവവാദത്തെ സംബന്ധിച്ചിടത്തോളം മനുഷ്യനാണ് എല്ലാത്തിന്റെയും മാനദണ്ഡം. മനുഷ്യന് നിരക്കുന്നത് ശരി, അല്ലാത്തത് തെറ്റ്. അത് നിർണ്ണയിക്കാൻ ദൈവജ്ഞരുടെ ആവശ്യമില്ല. അനുഭവത്തിന്റെയും ശാസ്ത്രീയ യുക്തിചിന്തയുടെയും വെളിച്ചത്തിലുള്ള വിശകലനമാണതിനാവശ്യം.

ഫ്യൂഡൽസമൂഹത്തിലെ ഉച്ചനീചശ്രേണിയിൽ ഓരോ ആളുടെയും സ്ഥാനം അയാളുടെ ജന്മം കൊണ്ട് നിർണ്ണയിക്കപ്പെട്ടിരുന്നു. ദൈവകല്പിതമെന്ന മട്ടിൽ ഇങ്ങനെ തനിക്ക് ലഭിച്ച സ്ഥാനത്തിനനുസരിച്ച പ്രവൃത്തി ചെയ്യുകയെന്നതാണ് ഓരോരുത്തരുടെയും കർത്തവ്യം. അതാണ് പുണ്യം. അത് ലംഘിക്കുന്നത് പാപം. എന്നാൽ, മാനവവാദത്തെ സംബന്ധിച്ചിടത്തോളം മനുഷ്യർ ജന്മനാ തുല്യരാണ്. സമൂഹത്തിലെ വ്യത്യസ്ത നിലകളിൽ അവരെ കൊണ്ടെത്തിക്കുന്നത് അവനവന്റെ പ്രവൃത്തിയാണ്. സ്വന്തം സ്ഥാനമെന്തായിരിക്കണമെന്ന തെരഞ്ഞെടുപ്പിനുള്ള അലംഘനീയമായ അവകാശം ഓരോ വ്യക്തിക്കുമുണ്ട്. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്ന പ്രസിദ്ധ മുദ്രാവാക്യങ്ങൾക്ക് പിൻബലമായിരിക്കുന്ന പ്രത്യയശാസ്ത്രമിതാണ്.

**ശ്രീനാരായണഗുരു: കേരളീയ നവോത്ഥാന ദർശനത്തിന്റെ ഉത്തുംഗ പ്രതീകം**

കേരളീയ നവോത്ഥാനത്തിന്റെ ഏറ്റവും ഉന്നതവും സമഗ്രവുമായ സൈദ്ധാന്തികാവിഷ്കാരം ശ്രീനാരായണഗുരുവിലാണ് കാണാൻ കഴിയുക. "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന പ്രസിദ്ധമായ വാക്യം ശ്രീനാരായണഗുരുവിന്റെ മാനവവാദവീക്ഷണം പ്രകാശിപ്പിക്കുന്നു. മനുഷ്യരെല്ലാം ഒരേ ജാതിയാണെന്ന ആദർശം അദ്ദേഹത്തിന്റെ സമത്വദർശനം വിളിച്ചോതുന്നു. അദ്ദേഹം ക്ഷേത്രങ്ങളും മഠങ്ങളുമൊക്കെ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ക്ഷേത്രത്തെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന ധാരണ സവിശേഷമായിരുന്നുവെന്ന് മുമ്പ് ചൂണ്ടിക്കാട്ടി. ഒടുവിൽ 'ഇനി ക്ഷേത്രങ്ങളല്ല വിദ്യാലയങ്ങളാണ് വേണ്ടത്' എന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് കേരളത്തിൽ ആദ്യത്തെ വ്യാവസായിക കാർഷിക പ്രദർശനം സംഘടിപ്പിച്ചത്. അദ്ദേഹം സർവ്വമത സമ്മേളനം നടത്തുകയും അവിടെ '*വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനും വേണ്ടി*' എന്ന ബാനർ എഴുതിവയ്പ്പിക്കുകയും ചെയ്തു. ജനാധിപത്യസംസ്കാരത്തിന്റെ ദീപ്തി ഇവിടെയെല്ലാം കാണാം. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന ഗുരുവചനത്തെ "ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്" എന്ന് സഹോദരൻ അയ്യപ്പൻ തിരുത്തി. അതറിഞ്ഞ ഗുരു 'അയ്യപ്പൻ പറഞ്ഞതും ശരിയാണല്ലോ' എന്ന് പ്രതികരിച്ചു. ആദ്ധ്യാത്മികവാദത്തിന്റെ രീതിയായ അന്ധമായ ആധികാരികതാ ബോധമോ അസഹിഷ്ണുതയോ തരിമ്പുമില്ലാത്ത സമീപനം.

അദ്ദേഹം വ്യത്യസ്ത ചിന്താഗതികളോടും സമ്പ്രദായങ്ങളോടും തികഞ്ഞ സഹിഷ്ണുത പുലർത്തിയിരുന്നു. അദ്ദേഹം സസ്യാഹാരി

*(ശേഷം 12-ാം പേജിൽ)*

# വൈക്കത്ത് നവോത്ഥാന ശക്തി ചരിത്ര പ്രദർശനം

അയ്യങ്കാളി നയിച്ച കാർഷിക പണിമുടക്കത്തിന്റെ ശതാബ്ദി ആചരണത്തിന്റെ ഭാഗമായി വൈക്കം ബോട്ടുജെട്ടി മൈതാനിയിൽ സെപ്റ്റംബർ 24, 25, 26 തീയതികളിൽ നവോത്ഥാന ശക്തി ചരിത്ര പ്രദർശനം നടത്തി. വൈക്കം മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീലത ബാലചന്ദ്രൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. നവോത്ഥാന നായകൻമാരുടെ ആത്മസമർപ്പണം പുതു തലമുറ മാതൃകയാക്കി ഈ കാലഘട്ടത്തിലെ അനീതികൾക്കെതിരെ പൊരുതണമെന്ന് അവർ പറഞ്ഞു. 24 ന് വൈകുന്നേരം *അയ്യൻകാളിയും കേരള നവോത്ഥാനവും* എന്ന സെമിനാർ ചെങ്ങറ ഭൂസമര നേതാവ് ളാഹ ഗോപാലൻ ഉത്ഘാടനം ചെയ്തു. ആചരണ കമ്മിറ്റി സംസ്ഥാന കൺവീനർ ജി. എസ് പത്മകുമാർ വിഷയാവതരണം നടത്തി. വൈക്കം താലൂക്ക് കമ്മിറ്റി പ്രസിഡന്റ് വൈക്കം ബാബു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കെപിഎംഎസ് സംസ്ഥാന പ്രസിഡന്റ് എൻ.കെ.നീലകണ്ഠൻ മാസ്റ്റർ, പ്രൊഫ. പള്ളിപ്പുറം മുരളി, എൻഎസ്എസ് വൈക്കം താലൂക്ക് കമ്മിറ്റി പ്രസിഡന്റ് ഡോ. സി.ആർ വിനോദ്കുമാർ, ധീവരസഭ വൈക്കം താലൂക്ക് കമ്മിറ്റി സെക്രട്ടറി എം.കെ.രാജു, എകെസിഎച്ച്എംഎസ് നേതാവ് എ.കെ.വാവ തുടങ്ങിയവർ പ്രസംഗിച്ചു. 25 നു നടന്ന *കേരള നവോത്ഥാനവും സ്ത്രീ വിമോചനവും* എന്ന സെമിനാർ പ്രശസ്ത എഴുത്തുകാരി ഡോ. മ്യൂസ് മേരി ജോർജ് ഉദ്ഘാടനം ചെയ്തു. ആചരണ സമിതി വൈക്കം താലൂക്ക് കമ്മിറ്റി രക്ഷാധികാരി രാജൻ അക്കരപ്പാടം അദ്ധ്യക്ഷത വഹിച്ചു. സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി മിനി കെ.ഫിലിപ്പ് വിഷയാവതരണം നടത്തി. സിന്ധു ഷാജി, പി.പുഷ്പാകരൻ മാസ്റ്റർ, അരവിന്ദൻ കെ.എസ്. മംഗലം, വേണു വെട്ടിക്കാട്ട്, കെ.എസ്.ശിവദാസൻ, പി.എൻ ശിവൻകുട്ടി, എം.കെ.ഷിബു, കെ.എസ്.ശശികല, അനിലാബോസ് തുടങ്ങിയവർ പ്രസംഗിച്ചു. 26 ന് *നവോത്ഥാന മുന്നേറ്റത്തിന്റെ അവശേഷിക്കുന്ന കടമകൾ* എന്ന വിഷയത്തിൽ നടന്ന സെമിനാർ കൊതവറ സെന്റ് സേവിയേഴ്സ് കോളേജ് അസ്സോസിയേറ്റ് ഡോ. ടോമി ജോസഫ് ഉദ്ഘാടനം ചെയ്തു. ശതാബ്ദി ആചരണ കമ്മിറ്റി സംസ്ഥാന കമ്മിറ്റി അംഗം എൻ.കെ.ബിജു വിഷയാവതരണം നടത്തി. ആചരണ സമിതി താലൂക്ക് സെക്രട്ടറി എൻ.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. എസ്എൻഡിപി താലൂക്ക് കമ്മിറ്റി സെക്രട്ടറി എം.പി.സെൻ കേരള ബ്രാഹ്മണ സഭ വൈക്കം ഉപസഭ പ്രസിഡന്റ് പി.ബാലചന്ദ്രൻ, സാംബവ മഹാസഭ സംസ്ഥാന ജനറൽ സെക്രട്ടറി വി.വി ഭാസ്കരൻ, കേരള വിശ്വകർമ്മ സഭ സംസ്ഥാന കൗൺസിൽ അംഗം കരുണാകരൻ ആചാരി, കെ.ശങ്കരൻ, എൻ.എസ്.താലൂക്ക് യൂണിയൻ മെമ്പർ എം.ഗോപാലകൃഷ്ണൻ, സുരേഷ്കൃഷ്ണ, പി.കെ.വേണു, കെ.സദാനന്ദൻ. റ്റി.ജെ.ബൈജു, റ്റി.എം.ബോസ് തുടങ്ങിയവർ പ്രസംഗിച്ചു. ■



ചെങ്ങറ ഭൂസമരനേതാവ് ളാഹ ഗോപാലൻ *അയ്യൻകാളിയും കേരള നവോത്ഥാനവും* സെമിനാർ ഉദ്ഘാടനം ചെയ്യുന്നു

# ശ്രീനാരായണഗുരുവും കേരള നവോത്ഥാനവും – സെമിനാർ




നവോത്ഥാനശക്തി തൃപ്പൂണിത്തുറ മേഖലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ, ശ്രീനാരായണഗുരുവും കേരള നവോത്ഥാനവും എന്ന വിഷയത്തിൽ സെമിനാർ നടത്തി. തിരുവാങ്കുളം പബ്ലിക്ലൈബ്രറി ആഡിറ്റോറിയത്തിൽ നടന്ന സെമിനാറിൽ ജനകീയപ്രതിരോധ സമിതി സംസ്ഥാന കമ്മിറ്റിയംഗം ആർ.പാർത്ഥസാരഥിവർമ്മ വിഷയാവതരണം നടത്തി. നവോത്ഥാന ശക്തി എറണാകുളം ജില്ലാ ജനറൽ കൺവീനർ എൻ.ആർ.മോഹൻകുമാർ അദ്ധ്യക്ഷത വഹിച്ചു. കെ.കെ.ഗോപിനായർ(മദ്യവിരുദ്ധ ജനകീയ സമരസമിതി), സി.പി.സുപ്രൻ(തിരുവാങ്കുളം പൗരസമിതി), മുകുന്ദൻ വയലിൽ, ടി.എ.വേലപ്പൻ(ബാനർ സാംസ്കാരിക സമിതി), ബാബു മുല്ലയ്ക്കൽ, സി.ബി.അശോകൻ, പി.പി.സജീവ്കുമാർ എന്നിവർ പ്രസംഗിച്ചു. ■

## തോട്ടം തൊഴിലാളികളുടെ സമരം

# തൊഴിലാളികളുടെ സംഘടിത വിലപേശൽ ശേഷിയെ തകർക്കാനുള്ള നീക്കങ്ങൾക്കെതിരെ ജാഗ്രത പുലർത്തുക

ദിവസക്കൂലി 500 രൂപയാക്കണമെന്ന ഡിമാന്റ് ഉയർത്തിക്കൊണ്ട് സംസ്ഥാനവ്യാപകമായി സെപ്റ്റംബർ 28ന് തോട്ടം തൊഴിലാളികൾ ആരംഭിച്ച പണിമുടക്ക് ഇപ്പോഴും തുടരുകയാണ്. ഒരു കാരണവശാലും കൂലി വർദ്ധിപ്പിക്കില്ല എന്ന നിലപാടിലാണ് തോട്ടം ഉടമകൾ. കൂലി വർദ്ധിപ്പിച്ചാൽ തോട്ടം മേഖലയിൽ പ്രതിസന്ധി രൂക്ഷമാകുമെന്ന് പ്രസ്താവിച്ചുകൊണ്ട് തൊഴിൽവകുപ്പ് മന്ത്രി ആദ്യം തന്നെ സർക്കാർ ആരോടൊപ്പമാണെന്ന് വ്യക്തമാക്കുകയുണ്ടായി. ഉൽപ്പന്നങ്ങളുടെ വിലയിടിവാണ് കൂലി വർദ്ധിപ്പിക്കുന്നതിന് തടസ്സമെന്ന് ഉടമകൾ പറയുന്നു. അല്ലെങ്കിൽ പ്ലാന്റേഷൻ നികുതി പിൻവലിക്കണമെന്നാണ് മുതലാളിമാർ ആവശ്യപ്പെടുന്നത്. കൂലി വർദ്ധിപ്പിക്കാൻ തീരുമാനിച്ചില്ലെങ്കിലും നികുതി ഇല്ലാതാക്കാമെന്ന് സർക്കാർ തത്വത്തിൽ അംഗീകരിച്ചുകഴിഞ്ഞു. തോട്ടം തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം ഒരു കാലത്തും ഉൽപ്പന്നത്തിന്റെ വിലയായിരുന്നിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഉൽപ്പന്നങ്ങൾക്ക് വളരെ ഉയർന്ന വില ലഭിക്കുകയും വൻലാഭം നേടി ആസ്തി വർദ്ധിപ്പിക്കുകയും ചെയ്ത വർഷങ്ങളിൽ, തൊഴിലാളിയുടെ കൂലിയോ ആനുകുല്യങ്ങളോ അതിന്റെ പേരിൽ തോട്ടം ഉടമകൾ വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. അതിനാൽ ഇപ്പോഴത്തെ ഉൽപ്പന്ന വിലയിടിവിന്റെ പേരിൽ കൂലി വർദ്ധിപ്പിക്കാനാവില്ല എന്ന നിലപാട് ഒരു വിധത്തിലും അംഗീകരിക്കാനാവില്ല. ഉയർന്നുകൊണ്ടേയിരിക്കുന്ന ജീവിതച്ചെലവുകൾക്കുമുമ്പിൽ നിലവിലുള്ള കൂലി വളരെ തുച്ഛമായിരിക്കുന്നതിനാൽ കൂലി കൂട്ടണമെന്ന ഡിമാന്റ് ഏറ്റവും ന്യായമാണ്.

ഇപ്പോൾ നടക്കുന്ന ഈ സമരം, മൂന്നാറിൽ ടാറ്റായുടെ തേയില തോട്ടങ്ങളിലെ സ്ത്രീത്തൊഴിലാളികൾ കഴിഞ്ഞ സെപ്റ്റംബർ 3ന് തുടക്കം കുറിച്ചതും കേരളത്തിന്റെ ആകെ പിന്തുണ നേടിയതുമായ പ്രക്ഷോഭത്തിന്റെ അനിവാര്യ തുടർച്ച മാത്രമാണ്. അതായത് ഇപ്പോൾ നടക്കുന്ന സമരവും അതിന്റെ ഡിമാന്റും സെപ്റ്റംബർ 3ന് തുടക്കം കുറിച്ച ഐതിഹാസികമായ പ്രക്ഷോഭത്തിന്റെ സൃഷ്ടിയാണ്. മൂന്നാറിലെ തോട്ടം മേഖലയെയും ഫാക്ടറി പ്രവർത്തനങ്ങളെയും ഓഫീസുകളെയും ആകെ സ്തംഭിപ്പിച്ചുകൊണ്ടും ദേശീയപാത ഉപരോധിച്ചുകൊണ്ടും മുന്നേറിയ, അസാധാരണമായ ഇച്ഛാശക്തിയോടെ നടന്ന ആദ്യസമരം സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങളുടെ തൊഴിലാളി വഞ്ചനയോടുള്ള ഒരു പൊട്ടിത്തെറി കൂടിയായിരുന്നു. ദിവസക്കൂലി 500 രൂപയാക്കുക, 20 ശതമാനം ബോണസ്സ് അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അംഗീകൃതയൂണിയനുകളായ ഐഎൻറ്റിയുസി, എഐറ്റിയുസി, സിഐറ്റിയു എന്നിവരുടെ നേതൃത്വത്തെ പൂർണ്ണമായി നിരാകരിച്ചുകൊണ്ട് തൊഴിലാളികൾ സ്വന്തം മുൻകൈയിൽ സംഘടിപ്പിച്ച അന്നത്തെ സമരം ബോണസ്സ് 20 ശതമാനവും നേടിയെടുക്കുന്നതിൽ പൂർണ്ണമായും വിജയിക്കുകയുണ്ടായി. എന്നാൽ കൂലി വർദ്ധനവിന്റെ കാര്യത്തിൽ പ്ലാന്റേഷൻ ലേബർ കമ്മീഷൻ യോഗം ചേർന്ന് പിന്നീട് തീരുമാനിക്കുമെന്നായിരുന്നു അന്നത്തെ ഒത്തുതീർപ്പ് വ്യവസ്ഥ. ഒടുവിൽ സെപ്റ്റംബർ 26ന് നടന്ന പിഎൽസി യോഗത്തിൽ തൊഴിലാളികളുടെ ഡിമാന്റ് അംഗീകരിക്കാതിരുന്നതിനെത്തുടർന്നാണ് വീണ്ടും പണിമുടക്കാൻ തൊഴിലാളികൾ തീരുമാനിച്ചത്.

ഐഎൻറ്റിയുസി, എഐറ്റിയുസി, സിഐറ്റിയു തുടങ്ങിയ യൂണിയനുകളുടെ നേതൃത്വത്തിലുള്ള സംയുക്ത ട്രേഡ് യൂണിയൻ സമിതിയാണ് സംസ്ഥാനവ്യാപകമായ പണിമുടക്കിനെ നയിക്കുന്നത്. അതേ സമയം തോട്ടം തൊഴിലാളികളുടെ പ്രക്ഷോഭത്തിന്റെ പ്രഭവ കേന്ദ്രമായ മൂന്നാറിൽ സ്ത്രീത്തൊഴിലാളികളുടെ സ്വതന്ത്രവേദിയായ പൊമ്പിളൈ ഒരുമൈ, സംയുക്ത ട്രേഡ് യൂണിയൻ സമിതിയിൽ നിന്നും വേറിട്ടുനിന്നുകൊണ്ട് സ്വന്തം സമരവും പ്രഖ്യാപിച്ചിട്ടുണ്ട്. രണ്ട് വേദികളിലായി നടക്കുന്ന സമരത്തിൽ അണികളെ അണിനിരത്തി ശക്തി കാട്ടാൻ നടത്തുന്ന വാശിയും മൽസരവും ചെറിയ സംഘർഷങ്ങളും മാധ്യമങ്ങളിൽ വാർത്തകളായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഏകോപിത നേതൃത്വത്തിന്റെ അഭാവത്തിൽ പ്രവർത്തിക്കുന്ന പൊമ്പിളൈ ഒരുമൈയിലുള്ള പാവപ്പെട്ട സ്ത്രീത്തൊഴിലാളികൾക്കു നേരെ, വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികളുടെ നേതൃത്വത്തിലുള്ള യൂണിയനുകൾ അവരുടെ സംഘടിതബലത്തിന്റെയും അധികാരസ്വാധീനത്തിന്റെയും മുഷ്ക്ക് കാട്ടുകയാണ്. ജനാധിപത്യ വിരുദ്ധമായ ഈ നടപടികൾ തൊഴിലാളികളുടെ സമരൈക്യം ശക്തിപ്പെടുത്താനല്ല, മറിച്ച് ദൂർബ്ബലപ്പെടുത്താനാണിട വരുത്തുക എന്ന് ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ ഈ വൈകിയ വേളയിലെങ്കിലും മനസ്സിലാക്കണം.

**പതിറ്റാണ്ടുകളായി തുടരുന്ന ചൂഷണത്തിനെതിരെയുള്ള പ്രതിഷേധം കരുത്താർന്ന തൊഴിലാളി സമരമായി പടരുന്നു.**

സെപ്റ്റംബർ 3ന്റെ ആദ്യ സമരത്തിന്റെ സന്ദർഭത്തിൽ പ്രസിദ്ധപ്പെടുത്തിയ യൂണിറ്റിയുടെ പ്രത്യേക തമിഴ്-മലയാളം പതിപ്പിൽ, അനിതരസാധാരണമായ ഇത്തരമൊരു പ്രക്ഷോഭത്തിലേക്ക് ഇറങ്ങുവാൻ സ്ത്രീത്തൊഴിലാളികളെ പ്രേരിപ്പിച്ച സാഹചര്യമെന്തെന്ന് ഞങ്ങൾ വിശദീകരിക്കുകയുണ്ടായി. ബോണസ്സ് വെട്ടിക്കുറച്ചതുപോലുള്ള പൊടുന്നനെ ഉണ്ടായ ചില നടപടികൾ തൊഴിലാളികളെ സമരത്തിനു പ്രേരിപ്പിച്ചെങ്കിലും അതു മാത്രമായിരുന്നില്ല കാരണം. ദീർഘകാലമായി മൂന്നാറിലെ തൊഴിലാളികൾ അനുഭവിച്ചുവരുന്ന കരളുരുക്കുന്ന ചൂഷണവും വിവരണാതീതമായ യാതനകളും സൃഷ്ടിച്ച രോഷം അടിത്തട്ടിൽ ഉറഞ്ഞുകൂടിയത് പ്രതിഷേധപ്രവാഹമായി അണപൊട്ടിയതാണ് പ്രസ്തുത പ്രക്ഷോഭത്തിൽ നാം മൂന്നാറിൽ കണ്ടത്. കഴിഞ്ഞ മൂന്ന് തലമുറകളായി ടാറ്റായ്ക്കു വേണ്ടി പണിയെടുക്കുന്ന തൊഴിലാളികളാണ് മൂന്നാറിലുള്ളത്. ജീർണ്ണിച്ചതും ചോർന്നൊലിക്കുന്നതുമായ ലയങ്ങളിൽ ദുരിതജീവിതം നയിക്കുകയാണ് തലമുറകളായി ഈ തൊഴിലാളികൾ. സ്വന്തമായി ഒരു കൂര പണിയാൻ ഭൂമിയോ പണമോ അവരുടെ പക്കലില്ല. മൂന്നാറിലെ ഭൂമി മുഴുവൻ ടാറ്റായുടേതാണ്. അവിടെ ടാറ്റ ഔദാര്യമായി നൽകിയിട്ടുള്ള ഭൂമിയിൽ ബംഗ്ലാവുകൾ പണിത് രാഷ്ട്രീയ കക്ഷികളും നേതാക്കളും സസുഖം വാഴുന്നു. തൊഴിലാളികൾ കാലിത്തൊഴുത്തിനേക്കാൾ മോശമായ ലയങ്ങളിൽ നരകിക്കുന്നു. വൈദ്യുതിചാർജ്ജും വിറകുവിലയും വെള്ളക്കരവും കമ്പിളിക്കാശും കൊടുത്താണ് ലയങ്ങളെന്ന പേരിലുള്ള കുടുസ്സുമുറികളിൽ തണുത്തുവിറച്ച് ജീവിതം തള്ളിനീക്കുന്നത്. തൊഴിലാളികളുടെ മക്കൾക്ക് പഠിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. ടാറ്റ സ്ഥാപിച്ചിട്ടുള്ള ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന സ്കൂളിൽ പഠിക്കാൻ അവരുടെ മക്കൾക്ക് അവകാശമില്ല. അവിടെ ടാറ്റയുടെ മാനേജ്മെന്റ് സ്റ്റാഫിന്റെയും തൊഴിലാളി യൂണിയനുകളുടെ നേതാക്കളുടെയും മക്കൾ പഠിക്കുന്നു. ടാറ്റാ സ്ഥാപിച്ചിട്ടുള്ള ആശുപത്രിയിലും ഈ ഹതഭാഗ്യരായിട്ടുള്ള തൊഴിലാളികൾക്ക് പ്രവേശനമില്ല. റേഷനായി ലഭിക്കുന്ന 5 കിലോ അരിയും അര ലിറ്റർ മണ്ണെണ്ണയുമാണ് ഇവർക്ക് ആകെ ലഭിക്കുന്ന ആനുകൂല്യം.

**കൂലി തുച്ഛമാണെന്നതിനാൽ ഇൻസെന്റീവിനുവേണ്ടി പണിയെടുക്കാൻ തൊഴിലാളികൾ നിർബന്ധിതമാകുന്നു.**

നാല് പതിറ്റാണ്ടിനുമുമ്പ് ടാറ്റായുടെ തേയില തോട്ടത്തിൽ പണിയെടുത്തിരുന്ന തൊഴിലാളികളുടെ എണ്ണം 40,000 ആയിരുന്നു. ഇന്നത് 12,000 മാത്രം. അന്നത്തേതിനേക്കാൾ വിസ്തൃതിയിൽ ഇന്ന് തേയില കൃഷി ചെയ്യുന്നു. അതായത് തൊഴിലാളികളുടെ അദ്ധ്വാനഭാരം മൂന്നിരട്ടിയിലേറെ വർദ്ധിച്ചിരിക്കുന്നു. തുച്ഛമായ കൂലികൊണ്ട് ജീവിക്കാനാവാത്തതിനാൽ പരമാവധി സമയം പണിയെടുത്ത് കൂലിക്കുപുറമെ ഇൻസെന്റീവ് നേടാൻ തൊഴിലാളികൾ കഠിനമായി ശ്രമിക്കുന്നു. അതായത് തുച്ഛമായ ഇൻസെന്റീവിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യാൻ തൊഴിലാളികൾ വിധിക്കപ്പെട്ടിരിക്കുന്നു. സാധാരണ സാഹചര്യങ്ങളിൽ 41 കിലോയ്ക്കുമുകളിൽ കൊളുന്ത് എടുത്താൽ ഓരോ അധികകിലോയ്ക്കും 1 രൂപ പ്രകാരം ഇൻസെന്റീവ് ലഭിക്കും. (സൂപ്പർവൈസർക്ക് 4 രൂപയും ഫീൽഡ് ഓഫീസർക്ക് 5 രൂപയും മാനേജുമെന്റിന് 5 രൂപയും ഇൻസെന്റീവ് ലഭിക്കുമ്പോൾ തൊഴിലാളിക്ക് ലഭിക്കുന്നത് വെറും 1 രൂപ മാത്രം) സീസൺ കാലത്ത് 61 കിലോയ്ക്ക് മുകളിൽ എടുത്താൽ മാത്രമേ ഇൻസെന്റീവ് ലഭിക്കൂ. രാവിലെ 6 മുതൽ വൈകിട്ട് 6 മണി വരെ തുടർച്ചയായി അദ്ധ്വാനിച്ചാൽ 80 കിലോയ്ക്കു മുകളിൽ നുള്ളാൻ കഴിയും. അപ്പോൾ 40 കിലോയുടെ ഇൻസെന്റീവ് ആയ 40 രൂപ അധികമായി ലഭിക്കും. തോട്ടം ഉടമയെ സംബന്ധിച്ചിടത്തോളം മറ്റൊരു തൊഴിലാളിയെ നിയമിച്ചാൽ നൽകേണ്ടുന്ന 232 രൂപയ്ക്കു പകരം വെറും 40 രൂപ നൽകിയാൽ 40 കിലോ കൊളുന്ത് ഗോഡൗണിൽ എത്തും. കൂലി പരമാവധി താഴ്ത്തി നിലനിർത്തിയിരിക്കുന്നതിനാൽ തൊഴിലാളികൾ ഇൻസെന്റീവിനു വേണ്ടി പണിയെടുക്കാൻ നിർബന്ധിതമാകുന്നു. അധികം അദ്ധ്വാനത്തിനു തൊഴിലാളികൾ നിർബന്ധിതമാകുന്നതോടെ തൊഴിലാളികളുടെ എണ്ണം കുറയ്ക്കാൻ ഉടമയ്ക്കു കഴിയുന്നു. അങ്ങിനെ വെട്ടിക്കുറച്ച് ഒടുവിൽ 40,000 തൊഴിലാളികളുടെ സ്ഥാനത്ത് ഇന്ന് 12,000 മാത്രം. പ്രതിവർഷം 221 ദശലക്ഷം ടൺ സംസ്കരിച്ച തേയില വിപണിയിലെത്തിക്കുമ്പോൾ അതിനുവേണ്ടി പച്ചകൊളുന്ത് നുള്ളാൻ ഏറ്റവും കുറഞ്ഞത് 60,000 തൊഴിലാളികളെങ്കിലും വേണ്ടപ്പോഴാണ് വെറും പന്തീരായിരം പേർ പണിയെടുക്കുന്നത്! മരം കോച്ചുന്ന തണുപ്പത്ത് എല്ലുമുറിയെ പണിയെടുത്ത് ചത്തൊടുങ്ങുകയാണ് തോട്ടം തൊഴിലാളികൾ. ടാറ്റായുടെ കീശയിൽ കോടികൾ നിറയാനായി ട്രേഡ് യൂണിയനുകൾ ഒപ്പിട്ടുകൊടുത്തിട്ടുള്ള തൊഴിൽവ്യവസ്ഥകളാണ് ഈ ദുരന്തം തൊഴിലാളികൾക്ക് സമ്മാനിക്കുന്നത്.

10ഉം 15ഉം കിലോമീറ്റർ നടന്നാണ് തൊഴിലാളികൾ പണിസ്ഥലത്ത് എത്തിച്ചേരുന്നത്. ടാറ്റായ്ക്കുവേണ്ടി പണിയെടുക്കാനായി മാത്രം വിധിക്കപ്പെട്ട മനുഷ്യായുസ്സുകളായി ഈ തൊഴിലാളികൾ മാറിയിരിക്കുന്നു. ഇരുകൈകളും ഒരു പ്രത്യേക രീതിയിൽ ചലിപ്പിച്ചാണ് കൊളുന്ത് എടുക്കുന്നത് എന്നതിനാൽ വർഷങ്ങളോളം നിരന്തരമായി ചെയ്യുന്ന ജോലി കൊണ്ട് തോളെല്ലുകൾക്ക് തേയ്മാനം സംഭവിച്ച് 80 ശതമാനം തൊഴിലാളികളും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇരയാകുന്നു. തോട്ടങ്ങളിലെ അമിതമായ കീടനാശിനി പ്രയോഗം വഴി കാൻസർ പോലുള്ള മാരകമായ രോഗങ്ങൾക്ക് ഇരയാകുന്നവരുടെ എണ്ണം വളരെയധികമാണ്. ഇഎസ്ഐ ആനുകൂല്യമില്ലാത്തതിനാൽ ചികിൽസയ്ക്ക് മറ്റു മാർഗ്ഗങ്ങളുമില്ല. സമീപകാലത്ത് ബ്രെസ്റ്റ് കാൻസർ പിടിപെട്ട ഒരു തൊഴിലാളിക്ക് ചികിൽസയ്ക്ക് 7 ലക്ഷം രൂപ ചെലവായപ്പോൾ കമ്പനി നൽകിയ തുക വെറും 15,000 രൂപ മാത്രമാണ്. തമിഴ്നാട്ടിൽ പോയി ചികിൽസ നടത്താൻ ചെലവായ വണ്ടിക്കൂലി മാത്രം 50,000 രൂപയ്ക്കു മുകളിലാണ്.

ഇത്തരമൊരു സാഹചര്യത്തിൽ തൊഴിലാളികൾ നരകിക്കുമ്പോഴാണ് ഈ വർഷത്തെ ബോണസ്സ് 20 ശതമാനത്തിൽ നിന്നും 8 ശതമാനമാക്കി വെട്ടിക്കുറച്ച തീരുമാനം വന്നത്. തൊഴിലാളികളെ പൊടുന്നനെ തെരുവിലിറങ്ങാൻ നിർബന്ധിതമാക്കിയത് ഈ തീരുമാനമാണ്. ബോണസ്സ് വെട്ടിക്കുറയ്ക്കാൻ യൂണിയനുകൾ കൂട്ടുനിന്നു എന്ന യാഥാർത്ഥ്യം സംശയരഹിതമായി ബോദ്ധ്യപ്പെട്ടു എന്നതാണ് വ്യവസ്ഥാപിത യൂണിയനുകളെ തള്ളിപ്പറയാൻ തൊഴിലാളികളെ പ്രേരിപ്പിച്ചത്. 2013–14 കാലയളവിലെ ടാറ്റായുടെ അറ്റാദായം 286.80 കോടി രൂപയായിരുന്നു. 2014–15 വർഷത്തിൽ അത് 285.90 കോടി രൂപയായി കുറഞ്ഞു. അതായത് കുറവ് വെറും 90 ലക്ഷം രൂപയുടെ മാത്രമാണ്. അതിന്റെ പേരിൽ ബോണസ്സ് വെട്ടിക്കുറച്ചത് 9 ശതമാനമാണ്. തുകയുടെ അടിസ്ഥാനത്തിൽ വിശദീകരിച്ചാൽ കഴിഞ്ഞ വർഷം തൊഴിലാളിക്ക് ലഭിച്ചത് 7980 രൂപയായിരുന്നു. ഈ വർഷം പ്രസ്തുത തുക പകുതിയായി കുറച്ചു. അതായത് ഒരു തൊഴിലാളിക്ക് 4000 രൂപയുടെ കുറവാണ് ഉണ്ടാകുന്നത്. തൊഴിലാളികൾക്ക് മൊത്തം നഷ്ടപ്പെടുന്നത് 4 കോടി 80 ലക്ഷം രൂപ. അതായത് കമ്പനിയുടെ അറ്റാദായത്തിൽ 90 ലക്ഷം രൂപയുടെ കുറവ് വന്നപ്പോൾ തൊഴിലാളിയിൽ നിന്ന് പിടിച്ചെടുത്തത് 4.8 കോടി രൂപ! അതിന് യൂണിയനുകൾ കൂട്ടുനിന്നു.

**വ്യവസ്ഥാപിത ട്രേഡ് യൂണിയനുകളുടെ വഞ്ചന**

തൊഴിലാളികൾക്ക് നിയമപരമായ പരിരക്ഷ ഉറപ്പുവരുത്താനും ചൂഷണത്തിൽ നിന്ന് സംരക്ഷിക്കാനും ഉത്തരവാദപ്പെട്ട ട്രേഡ് യൂണിയനുകൾ അത് ചെയ്യുന്നില്ലെന്നു മാത്രമല്ല, മുതലാളിപക്ഷത്ത് ചേർന്നുകൊണ്ട് തൊഴിലാളിയെ കൊള്ളയടിക്കാനും അതിന്റെ വീതം പറ്റാനുമാണ് ഇക്കൂട്ടർ ശ്രമിക്കുന്നത്. തൊഴിലാളികൾ മനുഷ്യോചിതമല്ലാത്ത ജീവിതസാഹചര്യത്തിൽ നരകിക്കുകയാണെന്ന് നേതാക്കന്മാർക്ക് വളരെ നന്നായി അറിയാം. 5000 രൂപക്കുമേൽ മൂല്യമുള്ള അദ്ധ്വാനം തൊഴിലാളി ചെയ്യുമ്പോൾ അതിന് 500 രൂപയുടെ പോലും പ്രതിഫലം ലഭ്യമാക്കാൻ ഈ നേതാക്കന്മാർ ശ്രമിക്കാറില്ല. പതിനായിരക്കണക്കിന് ഹെക്ടർ സർക്കാർ ഭൂമി അനധികൃതമായി ടാറ്റാ കൈവശം വച്ചിട്ടുള്ള മൂന്നാറിൽ ഒരു തൊഴിലാളി കുടുംബത്തിന് തല ചായ്ക്കാൻ ഏറ്റവും കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും നേടിയെടുക്കാൻ ഈ നേതൃത്വങ്ങൾക്ക് കഴിയാതെ പോയത് എന്തുകൊണ്ടാണ്. ചോർന്നൊലിക്കുന്ന ലയങ്ങളിൽ രോഗബാധിതരായി, തണുപ്പിനോട് മല്ലടിച്ച് അരവയറുമായി അന്തിയുറങ്ങുന്ന ഈ തൊഴിലാളികളുടെ ജീവിതയാതനകൾ യൂണിയൻ നേതൃത്വങ്ങൾ അറിയാതെ പോയതല്ല. ടാറ്റാ എന്ന വൻകിട കുത്തകയുമായി ഒത്തുചേർന്ന് പതിറ്റാണ്ടുകളായി വ്യവസ്ഥാപിത ട്രേഡ്യൂണിയൻ നേതൃത്വം നടത്തിക്കൊണ്ടിരിക്കുന്ന ഭയാനകമായ അഴിമതിയുടെയും തട്ടിപ്പിന്റെയും ബാക്കിപത്രമാണ് പട്ടിണിപ്പാവങ്ങളായ ആയിരക്കണക്കിന് തൊഴിലാളികളുടെ ഈ ദുസ്ഥിതി.

ടാറ്റായുടെ അനധികൃതകയ്യേറ്റത്തിന്റെ വാർത്തകൾ കഴിഞ്ഞ 5 വർഷം മുമ്പ് കേരളത്തിൽ കോലാഹലം ഉയർത്തിയ നാളുകളിൽ എസ്റ്റേറ്റിലെ യൂണിയനുകൾക്ക് ടാറ്റ നൽകിയിട്ടുള്ള ഭൂമിയുടെയും കൂറ്റൻ ബഹുനിലമന്ദിരങ്ങളുടെയും ചിത്രങ്ങൾ പത്രത്താളുകളിൽ നിറഞ്ഞുനിന്നത് ജനങ്ങൾ മറന്നിട്ടില്ല. യൂണിയൻ നേതാക്കളുടെ മക്കൾ പലരും ടാറ്റായുടെ കണ്ണൻ ദേവൻ കമ്പനിയിലെ മാനേജ്മെന്റ് തലത്തിലുള്ള ഉന്നത ഉദ്യോഗസ്ഥന്മാരായിരിക്കുന്നത് ടാറ്റായും നേതാക്കളും തമ്മിലുള്ള അവിഹിത ബന്ധത്തിന്റെ വ്യക്തമായ തെളിവാണ്. കോടികളുടെ കൈക്കൂലിയും ഔദാ

(ശേഷം 5–ാം പേജിൽ)

# തോട്ടം തൊഴിലാളി സമരം:

## ട്രേഡ് യൂണിയൻ പ്രവർത്തനത്തിനെതിരായ സംഘടിത പ്രചാരവേലയുടെ ഗൂഢലക്ഷ്യം തിരിച്ചറിയുക

(4-ാം പേജിൽ നിന്ന്)

രൃങ്ങളും പറ്റി ടാറ്റായുടെ അനധികൃത കൈയ്യേറ്റത്തിനും തട്ടിപ്പുകൾക്കും മൃഗീയമായ തൊഴിലാളി ചൂഷണത്തിനും ഒത്താശചെയ്തുകൊടുക്കുകയാണ് വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികളുടെ നേതൃത്വവും ട്രേഡ് യൂണിയനുകളും. ഈ വസ്തുത ഇന്ന് തൊഴിലാളികൾ തിരിച്ചറിഞ്ഞിരിക്കുന്നു. ഇപ്പോൾ നടക്കുന്ന രണ്ടാം ഘട്ടസമരത്തിൽ ഒരുമിച്ച് സമരം ചെയ്യാമെന്ന യൂണിയനുകളുടെ നിർദ്ദേശം പൊമ്പിളൈ ഒരുമ തള്ളിക്കളഞ്ഞതിന്റെ പിറകിൽ ഈ ശക്തമായ വികാരമാണ് പ്രതിഫലിക്കുന്നത്. നേതൃത്വങ്ങൾക്കെതിരെയുള്ള പൊട്ടിത്തെറി ആരുടെയെങ്കിലും പ്രേരണയാലോ ഏതെങ്കിലും തമിഴ് സംഘടനയുടെ പിന്നണി പ്രവർത്തനത്തിലൂടെയോ വന്നിട്ടുള്ള ഒന്നല്ല. സ്ത്രീത്തൊഴിലാളികളുടെ സമരത്തിന്റെ പിറകിൽ തമിഴ് ഭീകര സംഘടനയാണെന്ന ചില നേതാക്കളുടെ പ്രസ്താവന തൊഴിലാളികളെ അപമാനിക്കലാണ്. യൂണിയനുകൾ സ്വന്തം തെറ്റ് അംഗീകരിക്കാൻ തയ്യാറല്ല എന്നതിന്റെ പ്രഖ്യാപനവുമാണ്. ഇതിനോടുള്ള സ്വാഭാവികമായ വൈകാരിക പ്രതികരണമാണ് ഒരുമിച്ച് ചേർന്ന് സമരം വേണ്ട എന്ന് പൊമ്പിളൈ ഒരുമയുടെ തീരുമാനത്തിലുള്ളത്. നേതാക്കളിലുള്ള വിശ്വാസം ഇത്രമേൽ ചോർന്നുപോകാൻ കാരണമെന്തെന്ന് സത്യസന്ധമായി പരിശോധിക്കാൻ തയ്യാറാവുകയാണ് യൂണിയൻ നേതാക്കൾ ചെയ്യേണ്ടുന്നത്. അതിനിനിയും അവർ തയ്യാറായിട്ടില്ല എന്നത് അത്യന്തം ഖേദകരമാണ്.

**തൊഴിലാളികൾ ശരിയായ ട്രേഡ് യൂണിയൻ നേതൃത്വത്തിൻ കീഴിൽ അണിനിരക്കുക.**

സെപ്റ്റംബർ 3 മുതൽ 11 വരെ സ്ത്രീത്തൊഴിലാളികളുടെ നേതൃത്വത്തിൽ നടന്ന സമരം മൂന്നാറിൽ ഉണ്ടായിരുന്നില്ലെങ്കിൽ യൂണിയനുകളുടെ ഇപ്പോഴത്തെ സംസ്ഥാന തലസമരം ഉണ്ടാകുമായിരുന്നില്ല. തൊഴിലാളികളുടെ സമരശക്തി ഉപയോഗപ്പെടുത്തി, യൂണിയനുകളെ ശരിയായ ഡിമാന്റിലേക്കും അത് നേടിയെടുക്കാനുള്ള പ്രക്ഷോഭത്തിലേക്കും വരാൻ നിർബ്ബന്ധിതമാക്കി എന്നതാണ് മൂന്നാറിലെ സ്ത്രീത്തൊഴിലാളികളുടെ സമരത്തിന്റെ രാഷ്ട്രീയ പ്രാധാന്യം. സമരത്തിന്റെ സുപ്രധാനമായ നേട്ടങ്ങളിലൊന്നും അതുതന്നെ. ഡിമാന്റ് നേടാൻ ഏറ്റവും അനുകൂലമായ സാഹചര്യം തൊഴിലാളികൾ സ്വന്തം പ്രയത്നത്തിലൂടെ സൃഷ്ടിച്ചെടുത്തു. സംസ്ഥാനമെമ്പാടും നടക്കുന്ന പണിമുടക്ക് സമരം സൃഷ്ടിക്കുന്ന സമ്മർദ്ദം ഏറ്റവും ഫലപ്രദമായി പ്രയോജനപ്പെടുത്താനായി ശരിയായ ഡിമാന്റ് ഉയർത്തുന്ന മുഴുവൻ ശക്തികളെയും ഏകോപിപ്പിക്കുകയാണ് അടിയന്തരമായി ചെയ്യേണ്ടത്. സമരത്തിന്റെ രംഗത്തുനിന്ന് ഡിമാന്റ് ഉപേക്ഷിച്ച് മുതലാളിമാരുടെ പക്ഷം ചേരാൻ ആരെയും അനുവദിക്കാത്ത വിധം ഐക്യം ശക്തിപ്പെട്ടാൽ അതിനുമുമ്പിൽ തോട്ടം ഉടമകൾ മുട്ടുകുത്തുക തന്നെ ചെയ്യും. അതിനാൽ സമരത്തിന്റെ പ്രഭവകേന്ദ്രമായ മൂന്നാറിൽ മുഴുവൻ തൊഴിലാളികളും ഒരൊറ്റ സമരശക്തിയായി, ഒരൊറ്റ പന്തലിൽ അണിനിരക്കുകയാണ് വേണ്ടത്. വൈകാരികമായ പ്രതികരണങ്ങളല്ല, വിവേകപൂർണ്ണമായ തീരുമാനങ്ങളായിരിക്കണം തൊഴിലാളി പ്രക്ഷോഭത്തെ നയിക്കേണ്ടുന്നത്. ഏതുചേരിയിൽ നിലകൊള്ളണമെന്ന തീരുമാനമില്ലായ്മയിലേക്ക് സാധാരണതൊഴിലാളികളെ തള്ളവിടുന്നത് ഒഴിവാക്കപ്പെടണം. ഇരു ചേരിയെയും തള്ളാനാവാതെ വരുന്ന വലിയൊരു വിഭാഗം തൊഴിലാളികളും പണിമുടക്കുന്നുണ്ടെങ്കിലും സമരപന്തലിൽ എത്താതെ പോകുന്നുവെന്നത് സമരത്തെ ദുർബ്ബലപ്പെടുത്തും. തൊഴിലാളികളുടെ സമരൈക്യത്തിന് ഉണ്ടാകുന്ന ഏതുവിള്ളലും ഫലത്തിൽ തോട്ടം ഉടമകളെ മാത്രമേ സഹായിക്കൂ എന്ന് ഈ സന്ദർഭത്തിൽ തൊഴിലാളികൾ മനസ്സിലാക്കണം. സമരൈക്യത്തെ കണ്ണിലെ കൃഷ്ണമണി പോലെ സംരക്ഷിക്കാൻ നാം തയ്യാറാകണം.

അതോടൊപ്പം വിപുലമായ ഈ സമരപ്രവർത്തനങ്ങളുടെ മദ്ധ്യേ ഒരു ശരിയായ ട്രേഡ് യൂണിയൻ സംഘടനയെ സൃഷ്ടിച്ചെടുക്കാൻ തൊഴിലാളികൾക്ക് കഴിയുകയും വേണം. സമരൈക്യത്തിന്റെ അന്തരീക്ഷത്തെ അതിനായി പ്രയോജനപ്പെടുത്തണം. വ്യക്തിഗത താൽപ്പര്യങ്ങൾക്ക് ഉപരിയായി തൊഴിലാളികളുടെ അവകാശങ്ങളെ കാണുകയും അവയുടെ സംരക്ഷണത്തിനായി അചഞ്ചലം പോരാടുകയും ചെയ്യുന്ന ഒരു നേതൃത്വത്തെയാണ് നാം സൃഷ്ടിക്കേണ്ടത്. വ്യവസ്ഥാപിത യൂണിയനുകളുടെ നേതൃത്വം മുതലാളിമാരുടെ ചേരിയിൽ നിലയുറപ്പിച്ചുകഴിഞ്ഞതായി വ്യക്തമായിരിക്കുന്നു. തങ്ങളുടെ കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചുപോകുന്നുവെന്ന തിരിച്ചറിവാണ് സമരത്തിന്റെ പേരിൽ നിലകൊള്ളാൻ അവരെ പ്രേരിപ്പിക്കുന്നത്. തൊഴിലാളിപ്രവർത്തനത്തിന്റെ തത്വാധിഷ്ഠിതമായ നിലപാടല്ല അവരെ നയിക്കുന്നത് എന്നതിനാൽ പ്രസ്തുത നേതൃത്വങ്ങളെ തള്ളിപ്പറയാൻ തൊഴിലാളികൾ തയ്യാറാകണം. സമരാനുഭവങ്ങളിൽ നിന്ന് പ്രബുദ്ധത ആർജ്ജിച്ച് സ്വയം ഒരു ജനാധിപത്യശക്തിയായി ഉയർന്നുവരിക. സ്വന്തം സമരനേതൃത്വം ഈ പ്രക്രിയയിൽ സ്ഫുടം ചെയ്ത് ഉയർന്നുവരും. ജാതിക്കും മതത്തിനും ഭാഷക്കും പ്രദേശത്തിനുമെല്ലാം അതീതമായി തൊഴിലാളികളും സാധാരണക്കാരും ഒരൊറ്റ ശക്തിയായി ഐക്യപ്പെടണം.

**തൊഴിലാളികളുടെ സംഘടിത വിലപേശൽ ശേഷിയെ തകർക്കാനുള്ള നീക്കങ്ങൾക്കെതിരെ ജാഗ്രത പുലർത്തുക**

മറ്റൊരു ഗൗരവതരമായ വിഷയം കൂടി അവസാനമായി സൂചിപ്പിക്കാനുണ്ട്. സംഘടിത തൊഴിലാളി പ്രവർത്തനത്തെയും തൊഴിലാളികളുടെ വിലപേശൽ ശേഷിയെയും ക്ഷീണിപ്പിക്കുക എന്ന മുതലാളിവർഗ്ഗ താൽപ്പര്യം നിറവേറ്റത്തക്കവിധം, ട്രേഡ് യൂണിയൻ പ്രവർത്തനത്തിനെതിരായ മാധ്യമപ്രചാരണം മൂന്നാറിലെ സമരത്തെ മുൻനിർത്തി ഉണ്ടായി എന്നത് നാം കാണണം. അത്തരമൊരു പ്രചാരണത്തിന് അനുകൂലമായ കളമൊരുക്കിയത് വ്യവസ്ഥാപിത ട്രേഡ് യൂണിയനുകൾ കാട്ടിയിട്ടുള്ള കടുത്ത തൊഴിലാളി വഞ്ചനയാണെന്നതിൽ സംശയമില്ല. ഈ സാഹചര്യത്തെ ആസൂത്രിതമായി പ്രയോജനപ്പെടുത്തി ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ തന്നെ ഇല്ലാതാക്കിക്കളയാൻ മുതലാളിവർഗ്ഗം അഭിലഷിക്കുക സ്വാഭാവികം മാത്രം. പ്രത്യേകിച്ചും ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാർ തൊഴിൽ അവകാശങ്ങളെയും ട്രേഡ് യൂണിയൻ അവകാശങ്ങളെയും ഹനിക്കുന്നതിനായി കൊണ്ടുവരുന്ന നിരവധി നടപടികളുടെ പശ്ചാത്തലത്തിൽ. കഴിഞ്ഞ സെപ്റ്റംബർ 2ന്, 11 കോടി തൊഴിലാളികളെ പണിമുടക്കിലേക്ക് നയിച്ച സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങളുടെ കരുത്ത് മുതലാളിവർഗ്ഗത്തെ ഭയചകിതരാക്കിയിട്ടുണ്ട്. ഈ കരുത്തും വിലപേശൽ ശേഷിയും തകർക്കണമെന്ന മുതലാളിവർഗ്ഗ താൽപ്പര്യമാണ് മാധ്യമങ്ങൾ പ്രദർശിപ്പിച്ചത്. മാതൃഭൂമി ദിനപത്രത്തിൽ നിന്നും പിരിച്ചുവിട്ട മുതിർന്ന പത്രപ്രവർത്തകനെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൂറുകണക്കിന് പത്രപ്രവർത്തകർ 10 ദിവസം തുടർച്ചയായി കേഴിക്കോട്ട് നടത്തിയ സത്യാഗ്രഹസമരം കേരളത്തിലെ ഒരു പത്രവും റിപ്പോർട്ട് ചെയ്തില്ല. എന്നുമാത്രവുമല്ല, പത്രപ്രവർത്തകയൂണിയന്റെ സമ്മേളനങ്ങളിൽ പങ്കെടുക്കുകയോ വോട്ട് ചെയ്യുകയോ ചെയ്യരുതെന്ന് പ്രസ്തുത പത്രത്തിന്റെ മുതലാളി തന്റെ തൊഴിലാളികളോട് ആജ്ഞാപിക്കുകയും ചെയ്തു. ഇതാണ് പത്രമുതലാളിമാരുടെ തൊഴിലാളി സ്നേഹത്തിന്റെ യഥാർത്ഥചിത്രം! ട്രേഡ് യൂണിയനുകൾക്കെതിരായ മാധ്യമപ്രചാരണത്തിൽ തൊഴിലാളിസ്നേഹത്തിന്റെ കണിക പോലുമില്ലെന്ന് പാവപ്പെട്ട തൊഴിലാളികൾ മനസ്സിലാക്കണം. തൊഴിൽ അവകാശങ്ങളും ട്രേഡ് യൂണിയൻ അവകാശങ്ങളും ഇല്ലാതാക്കാൻ ആസൂത്രിതമായി ശ്രമിക്കുന്ന മുതലാളിത്തശക്തികളുടെ നീക്കങ്ങളിൽ ജാഗ്രത പാലിക്കാനും ട്രേഡ് യൂണിയനുകൾക്കെതിരായ പ്രചാരണത്തിനു പിറകിലെ യഥാർത്ഥലക്ഷ്യം തിരിച്ചറിയാനും ഈ സന്ദർഭത്തിൽ തൊഴിലാളികൾക്ക് കഴിയണം.

## തോട്ടം തൊഴിലാളിസമരം ഡിമാന്റുകൾ അംഗീകരിച്ച് ഉടൻ ഒത്തുതീർപ്പാക്കുക

മൂന്നാറിലും അതിനെത്തുടർന്ന് സംസ്ഥാനത്തെ മറ്റ് തോട്ടം മേഖലകളിലും നടന്നുവരുന്ന തോട്ടം തൊഴിലാളി സമരം മുഴുവൻ ഡിമാന്റുകളും അംഗീകരിച്ചുകൊണ്ട് എത്രയും വേഗം ഒത്തുതീർപ്പാക്കണമെന്ന് ആൾ ഇന്ത്യാ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ (എഐയുറ്റിയുസി) സംസ്ഥാന കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടു. തോട്ടം മാനേജ്മെന്റുകളും സർക്കാരുംകൂടി ഇപ്പോൾ നടത്തുന്ന ഒത്തുകളി അവസാനിപ്പിച്ച് തോട്ടം തൊഴിലാളികൾക്ക് ഇനിയെങ്കിലും സാമാന്യനീതി ഉറപ്പാക്കണമെന്നും സംസ്ഥാന പ്രസിഡണ്ട് സി.കെ.ലൂക്കോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന കമ്മിറ്റി യോഗം അംഗീകരിച്ച പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

തൊഴിലാളി താല്പര്യത്തിൽനിന്ന് അണുവിട വ്യതിചലിക്കാത്തതും, അവസരവാദത്തെയും അനുരഞ്ജനവാദത്തെയും തീർത്തും പ്രതിരോധിക്കുന്നതും, ഉന്നതമായ തൊഴിലാളിവർഗ്ഗ സംസ്കാരമാർജ്ജിക്കാനുള്ള നിരന്തരസമരം ജീവിതചര്യയാക്കി മാറ്റിയിട്ടുള്ള നേതൃത്വത്താൽ നയിക്കപ്പെടുന്നതുമായ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ കണ്ടെത്താൻ മൂന്നാറിലെ തൊഴിലാളികൾക്ക് കഴിയേണ്ടതാണ്. അതിന് കഴിയുന്നില്ലെങ്കിൽ ഡിമാന്റുകൾ നേടും വരെ ആർജ്ജവത്തോടെ നിന്ന് പൊരുതുവാൻ കഴിയുന്ന നേതൃത്വത്തെ സ്വയം സൃഷ്ടിച്ചുകൊണ്ട് ട്രേഡ് യൂണിയൻ കെട്ടിപ്പടുക്കുകയാണ് വേണ്ടത്.

സംസ്ഥാനത്ത് ഇപ്പോൾ സംജാതമായിരിക്കുന്ന തൊഴിലാളി പ്രക്ഷോഭണത്തിന്റെ അനുകൂല സാഹചര്യത്തിൽ, ഡിമാന്റുകൾ മുഴുവൻ നേടിയെടുക്കും വരെ ഒറ്റക്കെട്ടായി സമരമുഖത്ത് ഉറച്ച് നിൽക്കാൻ മുഴുവൻ തോട്ടം തൊഴിലാളികളോടും, അവർക്ക് എല്ലാ പിന്തുണയും നൽകാൻ മറ്റ് മേഖലയിലെ തൊഴിലാളികളോടും എഐയുറ്റിയുസി അഭ്യർത്ഥിക്കുന്നു. ■

## ട്രാൻസ്പോർട്ട് എംപ്ലോയീസ് കോ–ഓർഡിനേഷൻ രൂപീകരണ കൺവൻഷൻ

കെഎസ്ആർടിസിയിലെ മൂന്ന് യൂണിയനുകൾ ചേർന്ന് ട്രാൻസ്പോർട്ട് എംപ്ലോയീസ് കോ-ഓർഡിനേഷൻ(ടിഇസി) എന്ന സംഘടന രൂപീകരിച്ചു. അന്തരിച്ച പ്രമുഖ ട്രേഡ് യൂണിയൻ നേതാവ് സഖാവ് കെ.പി.കോസലരാമദാസ് സ്ഥാപിച്ച കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ, എച്ച്എംഎസിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കെഎസ്ആർടിസി എംപ്ലോയീസ് സെന്റർ, കെഎസ്ആർടിസി പ്രൊവിഷണൽ എംപ്ലോയീസ് സെന്റർ എന്നീ യൂണിയനുകൾ ചേർന്നാണ് ടിഇസി രൂപീകരിച്ചത്. 2015 സെപ്റ്റംബർ 25ന് കോട്ടയത്ത് വച്ച് നടന്ന ടിഇസി രൂപീകരണ കൺവൻഷൻ എച്ച്എംഎസ് സംസ്ഥാന വൈസ്പ്രസിഡന്റ് അഡ്വ.ജോർജ്ജ് തോമസ് ഉദ്ഘാടനം ചെയ്തു. തൊഴിലാളികൾ അംഗീകൃത സംഘടനകളോട് വച്ചുപുലർത്തുന്ന അടിമത്വ മനോഭാവം വെടിഞ്ഞാൽ മാത്രമേ ഇന്നത്തെ ദുരവസ്ഥയിൽ നിന്നും മോചനം നേടാൻ കഴിയുകയുള്ളുവെന്ന് ഉദ്ഘാടകൻ അഭിപ്രായപ്പെട്ടു.

അലക്സ് കണ്ണമല അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് സഖാവ് എസ്.സീതിലാൽ മുഖ്യപ്രസംഗം നടത്തി. കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളിൽ വച്ച് ഏറ്റവും മോശപ്പെട്ട സേവന-വേതന വ്യവസ്ഥകളാണ് കെഎസ്ആർടിസിയിൽ നിലനിൽക്കുന്നത്. അംഗീകൃത സംഘടനകളെല്ലാം തന്നെ സർക്കാരിനും മാനേജ്മെന്റിനും ഒളിഞ്ഞും തെളിഞ്ഞും ഒത്താശ ചെയ്തുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിലാണ് തൊഴിലാളികൾക്കുവേണ്ടി ശരിയായ ഡിമാന്റുകൾ ഉയർത്തിക്കൊണ്ട് പോരാടുവാനുള്ള പ്രസ്ഥാനമെന്ന നിലയിൽ ട്രാൻസ്പോർട്ട് എംപ്ലോയീസ് കോ-ഓർഡിനേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതെന്ന് മുഖ്യപ്രസംഗകൻ പറഞ്ഞു. കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് ഡി. സുന്ദരേശൻ, ട്രഷറർ എം.എൻ അനിൽ, എഐയുറ്റിയുസി കോട്ടയം ജില്ലാ സെക്രട്ടറി വി.പി.കൊച്ചുമോൻ, എച്ച്എംഎസ് ജില്ലാ സെക്രട്ടറി എൻ.ബി.ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി ജി. മധുസൂദനൻപിള്ള സ്വാഗതവും ജോയിന്റ് സെക്രട്ടറി സുനിൽ പീറ്റർ കൃതജ്ഞതയും രേഖപ്പെടുത്തി.

കെഎസ്ആർടിസിയെസർക്കാർ ഡിപ്പാർട്ട്മെന്റാക്കി മാറ്റുക, ശമ്പളപരിഷ്ക്കരണം അടിയന്തിരമായി നടപ്പിലാക്കുക, നിലവിലുള്ള മുഴുവൻ താൽക്കാലിക ജീവനക്കാരെയും സ്ഥിരപ്പെടുത്തുക, തുടങ്ങി ഒൻപതുഡിമാന്റുകൾ അടങ്ങിയ പ്രമേയം കൺവൻഷൻ അംഗീകരിച്ചു.

**ഭാരവാഹികൾ** ചെയർമാൻ - അലക്സ് കണ്ണമല, ജനറൽ കൺവീനർ- ജി. മധുസൂദനൻ പിള്ള, ജോയിന്റ് കൺവീനേഴ്സ്- എസ്. സീതിലാൽ, ഡി. സുന്ദരേശൻ, സുനിൽ പീറ്റർ, ബെന്നി കോട്ടപ്പുറം, വാഴച്ചൽ ഹരികുമാർ, വി.രാമചന്ദ്രൻ, ട്രഷറർ എം.എൻ അനിൽ എന്നിവർ കൂടാതെ 11 അംഗ വർക്കിംഗ് കമ്മിറ്റിയേയും 21 അംഗ ജനറൽ കൗൺസിലിനേയും കൺവൻഷൻ തെരഞ്ഞെടുത്തു. ■




ടിഇസി രൂപീകരണ കൺവൻഷനിൽ സഖാവ് എസ്.സീതിലാൽ പ്രസംഗിക്കുന്നു

# പുതിയ ദേശീയ വിദ്യാഭ്യാസ നയം: ജനാധിപത്യ വിദ്യാഭ്യാസത്തിന് ഭീഷണി

ഒരു പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ രൂപവൽക്കരണം അസാധാരണ വേഗതയിൽ രാജ്യത്ത് നടന്നുകൊണ്ടിരിക്കുകയാണിപ്പോൾ. ചർച്ചകൾക്കായി ഒരു കരട് കൺസൾട്ടേഷൻ പേപ്പർ കേന്ദ്ര മാനവ വിഭവ വികസന വകുപ്പുമന്ത്രാലയം അതിന്റെ വെബ്സൈറ്റിൽ ആഗസ്റ്റ് മാസം പ്രസിദ്ധപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിലുള്ള സംസ്ഥാനതലത്തിലുള്ള ചർച്ചകൾ വരെ സെപ്തംബറിൽ പൂർത്തിയാക്കുകയും ചെയ്തിരിക്കുന്നു. രാജ്യത്തെ രണ്ടരലക്ഷം പഞ്ചായത്തുകളിലും 6600 ബ്ലോക്കുകളിലും 676 ജില്ലകളിലും ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് ചർച്ച ചെയ്തുവത്രേ!. ഇനി ഒരു ദേശീയ സെമിനാറും നയപ്രഖ്യാപനവും പാർലമെന്റിൽ പാസ്സാക്കലും മാത്രമാണ് അവശേഷിക്കുന്നത്. ജനങ്ങൾ ചർച്ച ചെയ്തുതീരുമാനിക്കുന്ന ആദ്യത്തെ ദേശീയ വിദ്യാഭ്യാസ നയമെന്നാണ് കേന്ദ്ര ബിജെപി സർക്കാർ അവകാശപ്പെടുന്നത്. എത്ര ഉദാരമായ ജനാധിപത്യപ്രക്രിയയാണ് ഇത്രവേഗതയിൽ നരേന്ദ്രമോദി സർക്കാർ അനുവർത്തിച്ചതെന്ന് നിർഭാഗ്യവശാൽ വിദ്യാഭ്യാസ വിചക്ഷണരോ, സാമൂഹിക-സാംസ്കാരിക രംഗത്തുള്ളവരോ, ബഹുജനങ്ങളോ ഇനിയും അറിഞ്ഞിട്ടില്ല.

**1986**-ൽ രാജീവ്ഗാന്ധി സർക്കാർ പുതിയ വിദ്യാഭ്യാസ നയം പാർലമെന്റിൽ അവതരിപ്പിച്ചപ്പോൾ നടന്നതുപോലുള്ള ദേശീയ സംവാദ പ്രഹസനമാണ് നരേന്ദ്രമോദി സർക്കാരിന്റെ കീഴിലും നടന്നുകൊണ്ടിരിക്കുന്നത്. അതിനെക്കാൾ വലിയ പ്രഹസനങ്ങൾ രാജ്യത്തെയാകെ കബളിപ്പിച്ചുകൊണ്ട് നടത്തിയെടുക്കുന്നതിൽ കേന്ദ്രം വിജയിക്കുന്നുവെന്നത് ആശങ്കാജനകം തന്നെയാണ്. പഞ്ചായത്തുതല ചർച്ചകൾ എന്നുപറഞ്ഞാൽ, പഞ്ചായത്തുകമ്മിറ്റിയംഗങ്ങളും വില്ലേജ് എജ്യൂക്കേഷൻ കമ്മിറ്റിയിലെ അംഗങ്ങളും ചേർന്ന് പ്രശ്നോത്തരി പൂരിപ്പിച്ചു നൽകുന്ന ഏർപ്പാടാണ്. ആ ചോദ്യങ്ങളിൽ വിദ്യാഭ്യാസനയ സംബന്ധിയായ യാതൊന്നും ഉണ്ടായിരുന്നില്ല. മറിച്ച്, നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളെ മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ടുവെയ്ക്കാനാണ് ചോദ്യകർത്താക്കൾ ആവശ്യപ്പെടുന്നത്.

അങ്ങനെ, നയപരമായ എല്ലാ ചർച്ചകൾക്കും പഴുതുകൾ അടച്ചുകൊണ്ട് ഒരു നയരേഖ ദേശീയ വിദ്യാഭ്യാസ നയത്തിന് മുന്നോടിയായി എന്ന മട്ടിൽ തന്ത്രപൂർവ്വം പാസ്സാക്കിയെടുക്കാനുള്ള തീവ്രശ്രമത്തിലാണ് കേന്ദ്ര സർക്കാരും സംഘപരിവാർ ശക്തികളും. അപ്പോൾ പുതിയ നയം എവിടെയാണ് കുടിയിരിക്കുന്നത്? യഥാർത്ഥത്തിൽ അതിൽ പുതുതായി എന്തെങ്കിലുമൊരു നയം ഈ സർക്കാർ മുന്നോട്ടുവെച്ചിട്ടുണ്ടോ? ചർച്ചയ്ക്കായി സമർപ്പിച്ച നയരേഖ അനുസരിച്ച് പുതിയ ഒരു നയവും അവതരിപ്പിക്കപ്പെട്ടിട്ടില്ല. എന്നുമാത്രമല്ല മാന്വൽ ഫോർ ഗ്രാസ്റൂട്ട് ലെവൽ കൺസൾട്ടേഷൻസ് എന്ന എംഎച്ച്ആർഡി പ്രസിദ്ധികരിച്ച രേഖയിൽ പറയുന്നു: 1986 ലെ ദേശീയ വിദ്യാഭ്യാസ നയവും 1992 ലെ ഭേദഗതികളും തന്നെയാണ് വിദ്യാഭ്യാസ രംഗത്തെ മാർഗ്ഗരേഖ. അവയുടെ തുടർച്ചയായി ഇന്നത്തെ ആവശ്യകതകൾ പൂർത്തികരിക്കാനാണ്, ഇന്ത്യയെ ശേഷിയധിഷ്ഠിത അറിവിന്റെ സൂപ്പർശക്തിയാക്കി മാറ്റാനാണ് പുതിയ നയം കൊണ്ടുവരുന്നതത്രെ.

ശേഷി (Skill) യാണ് കുട്ടികളിൽ വളർത്താൻ ഉദ്ദേശിക്കുന്നത്, വിദ്യാഭ്യാസപരമായ മൂല്യങ്ങളല്ലായെന്നതാണ് ഏറ്റവും അപകടകരം. ആധുനിക ജനാധിപത്യ മതേതര ശാസ്ത്രീയ വിദ്യാഭ്യാസത്തിന്റെ പ്രഖ്യാപിതമായ എല്ലാ ലക്ഷ്യങ്ങളെയും കുഴിച്ചുമൂടികൊണ്ടാണ് കമ്പോളശേഷികൾ വളർത്താൻ വേണ്ടി മാത്രമായൊരു പദ്ധതിരേഖ അവർ തയ്യാറാക്കിയത്. അതാകട്ടെ വിദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിക്കുകയും വാണിജ്യവൽകരിക്കുകയും ചെയ്ത 1986 ലെ ഫാസിസ്റ്റ് വിദ്യാഭ്യാസ പദ്ധതിയുടെ കൃത്യമായ തുടർച്ചയെന്ന നിലയിലും.

1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ തുടർച്ചയായി വന്ന ആഗേളപദ്ധതികളെ-ഡിപിഇപി മുതൽ റൂസ വരെയുള്ളവയെ- ക്രോഡീകരിക്കുന്ന വിധത്തിലാണ് പുത്തൻ പദ്ധതി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിക്കുന്നതോടൊപ്പം, അതിന്റെ മാനവീകമായ എല്ലാ അംശങ്ങളെയും തുടച്ചുനീക്കണമെന്നുമുള്ളത് 1986 മുതലുള്ള എല്ലാ വിദ്യാഭ്യാസപരിഷ്ക്കാര സംരംഭങ്ങളിലും കണ്ടുവരുന്നതാണ്. ലോകബാങ്ക് കൊണ്ടുവന്ന ഡിപിഇപിയും എസ്എസ്എ യും പ്രാഥമിക ക്ലാസ്സുകൾ മുതൽ പഠനത്തെ തൊഴിൽ പരിശീലന ധാരയിലേയ്ക്ക് തിരിച്ചുവിടണം എന്ന കാര്യത്തിൽ പ്രത്യേക നിർബന്ധബുദ്ധി കാണിക്കുകയുണ്ടായി. നിലവിലെ പാഠ്യപദ്ധതി സമീപനങ്ങളിലെല്ലാം ഇപ്പോൾ ബിജെപി സർക്കാർ പുതിയതെന്ന പേരിൽ അവതരിപ്പിക്കുന്ന ശേഷി വളർത്തൽ വിദ്യാഭ്യാസത്തിന്റെ അമിതമായ ഊന്നൽ വൻ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞിട്ടുമുണ്ട്.

തുടർന്ന് സംഭവിച്ചെതെന്തെന്ന് നമുക്കറിയാം. ചെറിയ ക്ലാസ്സുകളിൽ പോലും ഭാഷജ്ഞാനവും അതിലൂടെ ലഭിക്കുന്ന മൂല്യങ്ങളും നാടിന്റെ യഥാർത്ഥ ചരിത്രവും അതിലൂടെ ലഭിക്കേണ്ട സാമൂഹിക ബോധവും ഒന്നും നമ്മുടെ കുട്ടികൾക്ക് കിട്ടാത്ത അവസ്ഥയിലാണ്. വിദ്യാഭ്യാസത്തിലൂടെ ലഭിക്കേണ്ട വൈജ്ഞാനിക ധാരണയുടെയും ശേഷിയുടെയും സ്ഥാനത്ത് കായിക ശേഷിയും തൊഴിൽ നൈപുണിയും മാത്രം ലഭിക്കുന്ന ഒരു പ്രാഥമിക വിദ്യാഭ്യാസ സങ്കൽപ്പത്തെ ആസ്പദമാക്കിയ തുടർപ്രവർത്തനങ്ങളെക്കുറിച്ചാണ് നയരേഖ സംസാരിക്കുന്നത്.

അതും പൂർണ്ണമായും സ്വകാര്യവൽകൃതമായ ഒരു സംവിധാനത്തിലൂടെ മാത്രം വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ഫലപ്രദമാക്കുന്നതിനെക്കുറിച്ചാണ് ചോദ്യാവലി നിറയെ. കമ്പോളത്തിനിണങ്ങുന്ന വിധത്തിൽ സ്കൂൾ-കോളേജ് വിദ്യാഭ്യാസത്തെ പൂർണ്ണമായി പരുവപ്പെടുത്തുന്നതെങ്ങനെ എന്നതാണ് അവതരിപ്പിക്കപ്പെട്ട 33 തീമുകളുടെയും ചിന്താവിഷയം. പൊതു-സ്വകാര്യ പങ്കാളിത്തം ശക്തിപ്പെടുത്തുക, സ്വകാര്യനിക്ഷേപം വർദ്ധിപ്പിക്കുക, വ്യവസായങ്ങളുമായി വിദ്യാലയങ്ങളെ നേരിട്ടു ബന്ധിപ്പിക്കുക, വിദേശ കമ്പനികളുമായി ധാരണയുണ്ടാക്കി നേരിട്ടുള്ള നിക്ഷേപവും സ്ഥാപന നടത്തിപ്പും അവയെ ഏൽപ്പിക്കുക, വ്യവസായ രംഗത്തെ പ്രഗത്ഭരെ സർവ്വകലാശാലകളിൽ അദ്ധ്യാപകരാക്കുക, ഔപചാരിക വിദ്യാഭ്യാസം അവസാനിപ്പിച്ച് അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ എൻറോൾമെന്റ് വ്യാപിപ്പിക്കുക, വയോജനകേന്ദ്രങ്ങളിലൂടെയും മറ്റും അനൗപചാരിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക, മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ അഥവാ ഓൺലൈൻ വിദ്യാഭ്യാസത്തിലൂടെ വിദ്യാഭ്യാസ ചുമതലയിൽ നിന്ന് സർക്കാർ പിന്മാറുക, അദ്ധ്യാപക വിദ്യാഭ്യാസത്തെയും പുതിയ ആവശ്യങ്ങൾക്കായി ഉടച്ചുവാർക്കുക, വായ്പാധിഷ്ഠിത വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുക തുടങ്ങിയ പൊതുവിദ്യാഭ്യാസത്തിനെതിരായി വെല്ലുവിളി ഉയർത്തുന്ന സകല മാന വിധ്വംസക പ്രവർത്തനങ്ങളും ഉൾപ്പെടുത്തികൊണ്ടുള്ള ഒരു പാക്കേജാണ് പുതിയ ദേശീയ വിദ്യാഭ്യാസ പ്രവർത്തന പരിപാടി.

ഉന്നത വിദ്യാഭ്യാസ രംഗത്തെ പൊളിച്ചെഴുത്തുകൾക്ക് ലോകബാങ്കിന്റെ റൂസ പദ്ധതി തന്നെയാണ് ബിജെപി സർക്കാരും അവലംബിച്ചിട്ടുള്ളത്. **റൂസ** പദ്ധതിയിൽ ലോകബാങ്ക് പറയുന്ന കാര്യങ്ങൾ മറ്റൊരു ഭാഷയിൽ മോദിസർക്കാർ പച്ചയ്ക്ക് പറയുന്നതിങ്ങനെ: *With the impact of technology and globalisation on the labour market, the work enviornment has become more complex, requiring new skills to navigate successfully within a world of work marked by constant change .But the education system is not able to respond to the demands of the labour market. A key issue is to improve the effectiveness of the system in order to enhance the employability skills of the workforce and engender more employment opportunities. Moreover, devolping skilled workers enhances the efficiency and flexibility of the labour market.(page17,National Consultation for New Education Policy)*

അപ്പോൾ ആധുനിക ലോക തൊഴിൽ കമ്പോളത്തിലേയ്ക്ക് ആവശ്യമായ കൂലിക്കാരെ അയയ്ക്കണമെങ്കിൽ അവർക്കതിനാവശ്യമായ തൊഴിൽ ശേഷി വേണം. നമ്മുടെ വിദ്യാലയങ്ങൾ-സ്കൂളുകളും കോളേജുകളും- അത്തരം തൊഴിൽ പാഠശാലകളാകണം. തൊഴിൽ കമ്പോളത്തെ തൃപ്തിപ്പെടുത്താൻ വേണ്ടിയാണ് പുത്തൻ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ എന്ന് സാരം. ലോകബാങ്ക് മാത്രമല്ല ഈ ആവശ്യം മുന്നോട്ടുവെച്ചിട്ടുള്ളത്.രണ്ടായിരമാണ്ടിൽ അന്നത്തെ ബിജെപി സർക്കാർ നിയോഗിച്ച ബിർളാ അംബാനി കമ്മിറ്റിയും വിദ്യാഭ്യാസത്തെ വ്യവസായികളെ ഏൽപ്പിക്കണമെന്ന ശുപാർശ മുന്നോട്ടുവെച്ചിരുന്നു. വാസ്തവത്തിൽ, അത്തരം വ്യാവസായിക താൽപര്യങ്ങളാണ് വിദ്യാഭ്യാസ പുന:സംഘാടത്തിന് കോൺഗ്രസ്സ് സർക്കാരിനെപ്പോലെ ബിജെപി സർക്കാരിനെയും പ്രേരിപ്പിക്കുന്നതെന്ന് ഒരാവർത്തികൂടി തെളിയിക്കുന്നു പുതിയ ചർച്ചാരേഖ.

**വർഗ്ഗീയവൽക്കരണത്തിന്റെ ഒളിയജണ്ടകൾ കൂടി ചേരുന്നതാണ് പുതിയ ദേശീയ വിദ്യാഭ്യാസം.**

ചർച്ചാരേഖയിൽ ഒളിപ്പിക്കാൻ പോലും ധൈര്യം കാണിക്കാതെ വിട്ടുകളഞ്ഞ അജണ്ടകൾ കൂടിചേരുന്നതാണ് പുതിയ ദേശീയ വിദ്യാഭ്യാസ പദ്ധതിയെന്ന് ദേശീയ രംഗത്തെ രഹസ്യചലനങ്ങൾ വ്യക്തമാക്കുന്നുണ്ട്. 2015 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ യഥാർത്ഥ കരട് രേഖ ഇനി വരാനിരിക്കുന്നതേയുള്ളു. അതാകട്ടെ ബഹുജനചർച്ചയ്ക്കു വെയ്ക്കാതെ പാസ്സാക്കാനായിരിക്കും കേന്ദ്ര സർക്കാർ ശ്രമിക്കുക. വിദ്യാഭ്യാസത്തെ പൂർണ്ണമായി വർഗ്ഗീയവൽകരിക്കുവാൻ ലക്ഷ്യമിടുന്ന നയം അതിലാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. പുതിയ ദേശീയ വിദ്യാഭ്യാസനയം- 2015 ന്റെ ഒളി അജണ്ടകൾ മറ നീക്കുന്നത് അപ്പോൾ മാത്രമായിരിക്കും.

1998–2003 കാലയളവിൽ ബിജെപി നയിച്ച എൻഡിഎ സർക്കാർ വിദ്യാഭ്യാസത്തെ അടിമുടി ഹിന്ദുത്വവൽക്കരിക്കാൻ ആത്മീയവൽക്കരണം, ഭാരതവൽക്കരണം തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിയിരുന്നു. ദേശീയ തലത്തിൽ ജ്യോതിഷവും സംസ്കൃതവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനും നീക്കങ്ങൾ നടത്തി.

വമ്പിച്ച എതിർപ്പുകളെ തുടർന്ന് അന്നത് പൂർണ്ണതോതിൽ നടപ്പിലാക്കാനായില്ല. എന്നാൽ, ഇപ്പോൾ നരേന്ദ്രമോദി അധികാരത്തിൽ വന്നതിനുശേഷം, സ്മൃതി ഇറാനിയുടെ നേതൃത്വത്തിൽ കേന്ദ്ര മാനവ വിഭവ വികസന മന്ത്രാലയം എല്ലാ ജനാധിപത്യമര്യാദകളും കീഴ്വഴക്കങ്ങളും ലംഘിച്ചുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി വർഗ്ഗീയവൽക്കരിക്കാൻ ശ്രമം ആരംഭിച്ചിരിക്കുന്നു. സ്മൃതി ഇറാനി മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തയുടൻ ഒരു നയവും പാർലമെന്റിൽ അവതരിപ്പിക്കാതെതന്നെ നിർദ്ദേശം നൽകിയത് വേദങ്ങളെയും ഉപനിഷത്തുക്കളെയും കുറിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയോഗിക്കാനായിരുന്നു.

ചരിത്രം തിരുത്തിയെഴുതാനുള്ള വമ്പിച്ച പരിശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി വിശ്രുത പണ്ഡിതരായ റൊമിലാ ഥാപ്പറും ഇർഫാൻ ഹബീബും ഉൾപ്പെടെയുള്ളവരെ ഇന്ത്യൻ കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിൽ നിന്ന് പുറത്താക്കി. എന്നിട്ടതിന്റെ തലപ്പത്ത് ആർഎസ്എസിന്റെ കുഴലൂത്തുകാരനായ വൈ.സുദർശൻ റാവുവിനെ പ്രതിഷ്ഠിച്ചു. ഇന്ത്യൻ കൗൺസിൽ ഫോർ സോഷ്യൽ സയൻസ് റിസർച്ച്, ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളിൽ നിന്നും മതേതര സ്വഭാവമുള്ള ശാസ്ത്രജ്ഞരെ മുഴുവൻ പുറത്താക്കികഴിഞ്ഞു. എൻസിഇആർടി ചെയർമാൻ പ്രൊഫ.പർവിൻ സിൻക്ലയറെയും നിർബന്ധപൂർവ്വം രാജി വെയ്പിച്ചു. അവിടെങ്ങളിലെല്ലാം ആർഎസ്എസ് അനുഭാവികളായ തീവ്ര ഹിന്ദുവർഗ്ഗീയ വാദികളെ തിരുകിക്കയറ്റുകയാണ്.

വിദ്യാഭ്യാസത്തെ വർഗ്ഗീയ വൽക്കരിക്കാൻ മൂന്ന് പ്രധാന നടപടികളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഒന്ന്, സംഘപരിവാറിന്റെ വർഗ്ഗീയ കാഴ്ചപ്പാടുകൾക്കനുസരിച്ച് ചരിത്രപാഠങ്ങൾ തിരുത്തിയെഴുതുക, രണ്ട്, ഹിന്ദുപാരമ്പര്യം ഉദ്ഘോഷിക്കുന്ന സംഗതികളും സംസ്കൃതവും വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും പഠിപ്പിക്കുവാൻ നിർദ്ദേശിക്കുക, മൂന്ന്, ഭജനമന്ത്രവും സരസ്വതി വന്ദനവും പോലുള്ള ഹിന്ദുമത പ്രാർത്ഥനകളും ആചാരങ്ങളും വിദ്യാലയങ്ങളിൽ അടിച്ചേൽപ്പിക്കുക,

അതോടൊപ്പം, സർവ്വകലാശാല തലത്തിൽ ഗവേഷണവിഷയങ്ങളായി ഇന്ത്യയുടെ പാരമ്പര്യത്തെപ്പറ്റിയുള്ള കപടമായ അവകാശവാദങ്ങളെയും പഴഞ്ചൻ വിധിവിശ്വാസങ്ങളെയും ഉൾപ്പെടുത്താനും നീക്കങ്ങൾ തുടങ്ങി കഴിഞ്ഞു. ഗവേഷണം വൈദേശികവിഷയങ്ങളിലല്ല, തദ്ദേശീയ പാരമ്പര്യങ്ങളിലാണ് നടത്തേണ്ടതെന്ന സൂചന കൺസൾട്ടേഷൻ പേപ്പറിൽ എഴുതിവെച്ചിട്ടുമുണ്ട്. ശാസ്ത്രബോധത്തെയും യുക്തിവിചാരത്തെയും പാടേ നിഷേധിക്കുന്ന ഒരു വിദ്യാഭ്യാസ പദ്ധതിയായിരിക്കും ഈ നാട്ടിൽ ആധിപത്യം ഉറപ്പിക്കാൻ പോകുന്നതെന്നതിന്റെ സൂചനയാണത്.

സർവ്വോപരി, ആർഎസ്എസ് പ്രതിനിധിയും സംഘപരിവാർ ചരിത്രവീക്ഷണങ്ങളുടെ പ്രചാരകനുമായ ദീനനാഥ് ബത്ര എഴുതിയ പുസ്തകങ്ങൾ വിദ്യാഭാരതി സ്കൂളുകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. ഭാരതസംസ്കാരം, ഇഷ്ടദേവത, ഉപഭുഖണ്ഡത്തെ മുഴുവൻ ഒരൊറ്റ ഇന്ത്യയായി കാണുന്ന പുരാതന ഭാരതം, വേദഗണിതം തുടങ്ങിയവയെല്ലാം വിശദീകരിക്കുന്ന പുസ്തകങ്ങളാണ് വിശ്വഭാരതി ഇപ്പോൾ അവരുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എൻസിഇആർടി സിലബസിലേയ്ക്ക് ആ കൃതികളെല്ലാം കൊണ്ടുവരാനാണ് ദീനനാഥ് ബത്ര പരിശ്രമിക്കുന്നത്. എച്ച്ആർഡി മന്ത്രി സ്മൃതി ഇറാനി അതിന് സമ്മതം മൂളിയെന്നും ബത്ര അവകാശപ്പെടുന്നു.

അങ്ങനെ ഒരു വശത്ത്, അത്യാധുനികമായ സാങ്കേതികവിദ്യയുടെ സഹായത്തോടെ വിദ്യാഭ്യാസ വാണിജ്യത്തിന് കളമൊരുക്കുകയും, വൈദേശിക ശക്തികളെ ഇന്ത്യയിലേയ്ക്ക് ക്ഷണിച്ചുവരുത്തുകയും സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കച്ചവടശാലകൾ സൃഷ്ടിക്കുകയും മറുവശത്ത്, അറുപഴഞ്ചൻ വിധിവിശ്വാസങ്ങളും പുരാതനഹിന്ദുപാരമ്പര്യവും വേദങ്ങളും ഉപനിഷത്തുകളും സംസ്കൃതവും അടിച്ചേൽപ്പി

*(ശേഷം 7-ാം പേജിൽ)*

# പഞ്ചായത്ത് തെരഞ്ഞെടുപ്പും ജാതി രാഷ്ട്രീയവും

പഞ്ചായത്ത് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ രാഷ്ട്രീയ പാർട്ടികളും മുന്നണികളും അവശേഷിക്കുന്ന ധാർമ്മികതകൂടി വലിച്ചെറിഞ്ഞ് രാഷ്ട്രീയ ഭാഗ്യാന്വേഷണങ്ങളിൽ മുഴുകിയിരിക്കുകയാണ്. ഏതൊരു തെരഞ്ഞെടുപ്പും അധികാരവുമായി ബന്ധപ്പെട്ടതാകയാൽ അതൊരു രാഷ്ട്രീയ പോരാട്ടമാണ്. എന്നാൽ, പഞ്ചായത്തിൽ രാഷ്ട്രീയംവേണ്ട എന്ന മുദ്രാവാക്യം ആദ്യം മുഴക്കിയത് ഇഎംഎസ് നമ്പൂതിരിപ്പാട് തന്നെയാണ്. യാതൊരു തത്ത്വദീക്ഷയുമില്ലാത്ത കൂട്ടുകെട്ടുകളിലും അടവുനയം പോലുള്ള പിന്നാമ്പുറ സൗഹൃദങ്ങളിലും ഏർപ്പെട്ട് കസേര തരപ്പെടുത്തുന്ന അവസരവാദ രാഷ്ട്രീയത്തിന്റെ മുഖമുദ്രയാണ് മേൽപ്പറഞ്ഞ ആപ്തവാക്യം. മുതലാളിവർഗ്ഗത്തിന് ഏറെ സഹായകരമായ നിലപാടാണിത്. പിന്നീട് പല തെരഞ്ഞെടുപ്പുകളിലും അവസരവാദത്തിന്റെ ഈ അഴുകിയ മുഖം നമ്മൾ കണ്ടു. ജനകീയാസൂത്രണം രംഗപ്രവേശം ചെയ്തതോടെ പഞ്ചായത്തുകളെ രാഷ്ട്രീയ വിമുക്തമാക്കേണ്ടത് മുതലാളി വർഗ്ഗത്തിന്റെ എക്കാലത്തെയും വലിയ ആവശ്യമായി. ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളെയും വാണിജ്യവൽക്കരിക്കുകയും അരാഷ്ട്രീയവൽക്കരിക്കുകയും ചെയ്യുക എന്ന ദ്വിമുഖ പദ്ധതി ആഗോളീകരണ കാലഘട്ടത്തിൽ വേഗത്തിലും ചിട്ടയായും നടപ്പിലാക്കപ്പെടുകയാണ്.

ട്വന്റി-ട്വന്റി മൽസരത്തെ വെല്ലുന്ന പൊരിഞ്ഞ അടിയാണ് കോൺഗ്രസ്സിൽ. മുന്നണിയിലെ ഘടകകക്ഷികളാകട്ടെ പരസ്പരം പാര വച്ചും ചെളിവാരിയെറിഞ്ഞും സ്ഥാനമാനങ്ങൾ തരപ്പെടുത്താനും നിലനിർത്താനുമുള്ള പ്രയത്നത്തിലാണ്. പുതിയ കക്ഷികൾ വന്നതിന്റെയും കൂടെയുണ്ടായിരുന്നവർ പോയതിന്റെയുമൊക്കെ നേട്ടകോട്ടങ്ങൾ പങ്കുവയ്ക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. എങ്കിലും പഞ്ചായത്ത് ഭരണം എല്ലാവർക്കും ഒരുപോലെ താൽപര്യമുള്ള വിഷയമായതിനാൽ തെരഞ്ഞെടുപ്പുവേളയിൽ സ്നേഹപ്രകടനങ്ങൾ തന്നെ പ്രതീക്ഷിക്കാം. ജനദ്രോഹ നയങ്ങളും അഴിമതിയും കൊണ്ട് പൊറുതിമുട്ടിയ ജനങ്ങളുടെ കാര്യത്തിലേ ആർക്കും താൽപര്യമില്ലാതുള്ളൂ.

മുസ്ലീം, ക്രിസ്ത്യൻ ലേബലുള്ള പാർട്ടികളെയും സംഘടനകളെയും പാട്ടിലാക്കാനുള്ള വിശ്രമരഹിതമായ പ്രവർത്തനം മൂലം ഏറെ ക്ഷീണിതരാണ് സിപിഐ(എം). കാര്യമായ നേട്ടമൊന്നും ഇതുവരെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. നിർമ്മാർജ്ജനം ചെയ്തു എന്നവകാശപ്പെടുന്ന വിഭാഗീയതയുടെ ശല്യം വേറെ. മുന്നണിക്കാകട്ടെ, ഇടതുപക്ഷ സ്വഭാവമോ ജനാധിപത്യ സമീപനമോ തീരെയില്ല. വലതുപക്ഷത്തിനുപോലും അനുകരിക്കാൻ പാകത്തിലുള്ളതാണ് ഇടതുമുന്നണിയിലെ ഒളിയമ്പുകളും കരുനീക്കങ്ങളും മറ്റും. നാടുമുടിക്കുന്ന ജനദ്രോഹ ഭരണത്തിനും അഴിമതിക്കുമെതിരെ മെയ്യനങ്ങാതെ ചടങ്ങ് സമരങ്ങളുമായി ചടഞ്ഞുകൂടിയ ഇക്കൂട്ടരിൽ ജനങ്ങൾക്കുള്ള വിശ്വാസം എന്നേ നഷ്ടപ്പെട്ടു.

സങ്കീർണ്ണമായ ഈ രാഷ്ട്രീയ സാഹചര്യത്തിൽ പരമാവധി മുതലെടുപ്പു നടത്താനുള്ള തയ്യാറെടുപ്പിലാണ് ബിജെപി. കടുത്ത ഗ്രൂപ്പിസം പലതിനും തടസ്സമാണെങ്കിലും അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ വീണുകിട്ടിയ നേട്ടം പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ആവർത്തിക്കുമെന്നാണ് അവരുടെ കണക്കുകൂട്ടൽ. നായാടി മുതൽ നമ്പൂതിരിവരെയുള്ളവരുടെ ഐക്യം എന്ന അസംബന്ധം അവതരിപ്പിച്ചുകൊണ്ട് വിശാല ഹിന്ദു ഐക്യനിര പടുത്തുയർത്തി സംസ്ഥാനത്തെ സാമുദായികമായി നെടുകെ പിളർക്കാനുള്ള പദ്ധതി വിജയം കാണാതായതിനെത്തുടർന്ന് കൂടെപ്പോരാൻ തയ്യാറുള്ളവരുമായി ചങ്ങാത്തം എന്ന ലൈനാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. കെപിഎംഎസിലെ ഒരു ചെറിയ വിഭാഗം, എസ്എൻഡിപിയിലെ പ്രബല വിഭാഗം, യോഗക്ഷേമ സഭ, വിഎസ്ഡിപി തുടങ്ങിയവ ഇതിനകം കെണിയിൽ വീണിട്ടുണ്ട്.

ശ്രീനാരായണ ദർശനങ്ങൾക്ക് കടകവിരുദ്ധമായി എസ്എൻഡിപി നേതൃത്വം എടുത്തിട്ടുള്ള നിലപാടാണ് ഇതിൽ ഏറെ അപകടകരം. കേരളത്തിന്റെ നവോത്ഥാനത്തിന് അടിത്തറ പാകിയ ശ്രീനാരായണ ഗുരുവിന്റെ പ്രബോധനങ്ങളും പ്രയത്നങ്ങളും തമസ്കരിക്കാനും ഗുരുവിനെ തെറ്റായി അവതരിപ്പിച്ച് ജാതി നേതാവാക്കാനുമുള്ള നീക്കം സങ്കുചിതമായ നേട്ടങ്ങൾ ലാക്കാക്കിയുള്ളതാണ്. രാഷ്ട്രീയ രംഗമാകെ വർഗ്ഗീയ വിഷം പടരുന്ന വിനാശകരമായ നാളുകളാണ് ഇനി വരാനിരിക്കുന്നത്. മനുഷ്യനന്മ കാംക്ഷിക്കുന്നവരാകെ മുന്നോട്ടുവന്ന് അവശേഷിക്കുന്ന ജനാധിപത്യ-മതേതര അന്തരീക്ഷം നിലനിർത്താനും കൂടുതലുയർന്ന ഒരു സാമൂഹ്യ സൃഷ്ടിക്കായി നിലകൊള്ളാനും തയ്യാറാകേണ്ട സന്ദർഭമാണിത്.

സിപിഐ(എം)ന് ഈ സാഹചര്യത്തിന്റെ ഗൗരവം ഉൾക്കൊള്ളാനാകുന്നില്ല എന്നതാണ് ഏറെ ഖേദകരം. തെരഞ്ഞെടുപ്പിന്റെ ഗണിതശാസ്ത്രം മാത്രമേ അവർക്ക് ദഹിക്കൂ. സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിലിൽ മാനുഷിക മൂല്യങ്ങൾ ചവുട്ടിമെതിക്കപ്പെടുന്നതും സമൂഹം ഏറെ പിന്നാക്കം പോകുന്നതും അവരറിയുന്നില്ല. വർഗ്ഗീയ ശക്തിയായ ആർഎസ്എസിനെ തടയാനെന്ന പേരിൽ അവർ നടത്തിയ സംഘട്ടനങ്ങളും കൊലപാതകങ്ങളുമൊക്കെ ആർഎസ്എസിന്റെ വളർച്ചയ്ക്ക് പാതയൊരുക്കുക മാത്രമാണ് ചെയ്തത് എന്ന തിരിച്ചറിവുപോലും സിപിഐ(എം) നേതൃത്വത്തിനില്ല. പുരോഗമന ശക്തികളുടെ ആയുധം ഉയർന്ന ആശയങ്ങളും മൂല്യങ്ങളുമാണ്. കുറുവടിയും കഠാരയുമല്ല. ജനാധിപത്യ അന്തരീക്ഷത്തിന് ഹാനി വരുത്തുന്നത് പ്രതിലോമ ശക്തികൾക്കേ ഗുണം ചെയ്യൂ. യുക്തിചിന്തയും ശാസ്ത്രീയ മനോഭാവവും സത്യാന്വേഷണ ത്വരയും പ്രോത്സാഹിപ്പിക്കുമ്പോഴാണ് പുരോഗമനാശയങ്ങളിലേക്ക് ജനങ്ങൾ ആകൃഷ്ടരാകുക.

പാർലമെന്ററി നേട്ടങ്ങൾക്കുപിന്നാലെ പാഞ്ഞ് സമരപാത വെടിഞ്ഞത് പിന്തിരിപ്പത്തത്തിന് വളക്കൂറുള്ള മണ്ണ് സമ്മാനിച്ചു എന്നതും വസ്തുതയാണ്. ജനകീയ പ്രക്ഷോഭങ്ങൾ ജനങ്ങളിൽ ഐക്യവും സാഹോദര്യവും വളർത്തുകയും പൊതുശത്രുവിനെ തിരിച്ചറിയാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യും. സമരാന്തരീക്ഷം പിൻവാങ്ങുമ്പോൾ വർഗ്ഗീയതയും പ്രാദേശികവാദവും വിധിവിശ്വാസവുമൊക്കെ രംഗം കയ്യടക്കും.

സിപിഐ(എം) ആകട്ടെ മതചടങ്ങുകൾ ഏറ്റെടുത്തുകൊണ്ട് മതവിശ്വാസികളിൽ പാർട്ടിസ്വാധീനം വർദ്ധിപ്പിക്കാം എന്ന വ്യാമോഹത്തിലാണ്. ശ്രീകൃഷ്ണ ജയന്തി മുതൽ നവരാത്രി മഹോത്സവം വരെയുള്ള ഹൈന്ദവ ചടങ്ങുകളുടെ സംഘാടകരായി പാർട്ടിക്കാർ അണിനിരന്നുതുടങ്ങിയിരിക്കുന്നു. മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളുമായും ചങ്ങാത്തം കൂടാൻ ശ്രമിക്കുന്നുണ്ട്. ഇതെല്ലാം പക്ഷേ, മതേതര സമൂഹത്തിന് പരിക്കേൽപ്പിക്കുകയും ജനങ്ങളിൽ അനൈക്യം സൃഷ്ടിക്കുകയും മാത്രമേ ചെയ്യൂ. ന്യൂനപക്ഷങ്ങളിൽ വളർന്നുവരുന്ന ആശങ്ക മുതലെടുത്ത് വോട്ടു വർദ്ധിപ്പിക്കാനും ശ്രമമുണ്ട്. ഇതെല്ലാം സമൂഹത്തിൽ മാത്രമല്ല സ്വന്തം പാർട്ടിയിലും പ്രതിലോമത്വത്തിന്റെ സ്വാധീനം വർദ്ധിപ്പിക്കാനേ ഉപകരിക്കൂ.

ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ജാതിരാഷ്ട്രീയം പിടിമുറുക്കിക്കൊണ്ടിരിക്കുകയാണ്. ഇതേ തന്ത്രം കേരളത്തിലും പയറ്റാനാണ് ബിജെപി നേതൃത്വം ശ്രമിക്കുന്നത്. എസ്എൻഡിപിയെ ഇതിനവർ കരുവാക്കുന്നു. ജാതിരാഷ്ട്രീയക്കാരുമായി സൗഹൃദം സ്ഥാപിച്ച് സീറ്റുകൾ തരപ്പെടുത്തുന്ന സമീപനമാണ് സിപിഐ(എം)-സിപിഐ പാർട്ടികൾ ഏറെക്കാലമായി പല സംസ്ഥാനങ്ങളിലും അവലംബിച്ചുപോരുന്നത് എന്നതും ഓർക്കണം. ഇടതുപക്ഷ ധാരയെ ശക്തിപ്പെടുത്തുന്ന കാര്യം മാത്രം അവരുടെ പരിഗണനയിലേ ഉണ്ടായിരുന്നില്ല.

പച്ചക്കറികൃഷി, ജീവകാരുണ്യ പ്രവർത്തനം തുടങ്ങിയ ചെപ്പടിവിദ്യകളും സമൂഹത്തിന്റെ പൊതുവായ അരാഷ്ട്രീയവൽക്കരണത്തിന് ആക്കം വർദ്ധിപ്പിക്കുമെന്നല്ലാതെ ജനമനസ്സുകളിൽ ഇക്കൂട്ടർക്ക് ഇടംനേടിക്കൊടുക്കുമെന്ന് പ്രതീക്ഷിക്കാനാകില്ല. വോട്ടുരാഷ്ട്രീയത്തിന്റെ ചുഴിയിൽപ്പെട്ട് മുങ്ങിത്താഴുന്നവന്റെ മരണവെപ്രാളമാണിതെല്ലാം.

ജനങ്ങളിൽ ശാസ്ത്രീയ മനോഘടനയും ചരിത്രബോധവും വളർത്തുകയും ജനകീയ സമരപ്രവർത്തനങ്ങളിലൂടെ ജനാധിപത്യാവകാശങ്ങൾ പിടിച്ചുപറ്റാൻ അവരെ പ്രാപ്തരാക്കുകയുമാണ് ഏറ്റെടുക്കേണ്ട കർത്തവ്യം. ജനങ്ങളിൽ ഐക്യം ഊട്ടിയുറപ്പിക്കാനും പരസ്പരവിശ്വാസവുംസഹകരണ മനോഭാവവും രാഷ്ട്രീയ പ്രബുദ്ധതയും വളർത്താനും ഇത് ഉപകരിക്കും. ആഗോളീകരണം തൊഴിൽരംഗത്ത് നടത്തുന്ന ആക്രമണങ്ങൾക്കെതിരെ തൊഴിലാളികളുടെ യോജിച്ച പോരാട്ടങ്ങളും സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിന്റെ അഭാവമാണ് ട്രേഡ്യൂണിയൻ നേതൃത്വങ്ങൾ തൊഴിലാളികളിൽനിന്ന് ഒറ്റപ്പെടാൻ ഇടയാക്കുന്നത്. ഫാസിസ്റ്റ് ശക്തികൾക്ക് തടയിടാൻ ശ്രമകരമായ ഈ മാർഗ്ഗം മാത്രമേ അവലംബിക്കാനുള്ളൂ. അധികാരത്തിനുവേണ്ടി അധാർമ്മിക മാർഗ്ഗങ്ങൾ പിന്തുടരുന്നവർക്ക് പ്രതിലോമത്വത്തെ ശക്തിപ്പെടുത്തുക എന്ന ദൗത്യമേ നിർവ്വഹിക്കാനുള്ളൂ. പഞ്ചായത്ത് തെരഞ്ഞെടുപ്പിനെയും ഉയർന്ന രാഷ്ട്രീയ സമരത്തിന്റെ വേദിയാക്കുക എന്നതാണ് പുരോഗമനശക്തികളുടെ ഉത്തരവാദിത്തം. ■

## ഗോമാംസം കഴിച്ചുവെന്നാരോപിച്ച് ദാദ്രിയിൽ നടന്ന കൊലപാതകത്തെയും അസംഗാർഗിലെ ക്ഷേത്രത്തിലേക്ക് ഗോമാംസം വലിച്ചെറിഞ്ഞ് വർഗ്ഗീയ ലഹള സൃഷ്ടിക്കാനുള്ള ആർഎസ്എസ്-ബിജെപി ഗൂഢാലോചനയെയും എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റി അപലപിച്ചു.

ജനങ്ങളെ വർഗ്ഗീയമായി ഭിന്നിപ്പിക്കുവാനും അവരുടെയിടയിൽ നിതാന്തമായ ഭിന്നതകളും സംശയങ്ങളും കുത്തിവയ്ക്കാനുമുള്ള ആർഎസ്എസ്-ബിജെപി- സംഘപരിവാർ ശക്തികളുടെ നീക്കത്തെ എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് നിശിതമായി അപലപിച്ചു. കഠിനമായ മുതലാളിത്ത ചൂഷണത്തിൽപ്പെട്ടുഴലുന്ന ഹിന്ദു-മുസ്ലീം വിഭാഗങ്ങളിലെ സാധാരണ ജനങ്ങളെ തമ്മിലടിപ്പിക്കാനാണ് വർഗ്ഗീയ ശക്തികൾ ശ്രമിക്കുന്നത്.

ഡൽഹിക്കു സമീപമുള്ള ദാദ്രിയിൽ മദ്ധ്യവയസ്കനെ ഒരു സംഘം അക്രമികൾ മർദ്ദിച്ചുകൊല്ലുകയും അയാളുടെ 22 വയസ്സുള്ള മകനെ മാരകമായി ഉപദ്രവിക്കുകയും ചെയ്തത്, അവരുടെ വീട്ടിലെ ഫ്രിഡ്ജിൽ ഗോമാംസം സൂക്ഷിച്ചിട്ടുണ്ടെന്നുള്ള കൽപ്പിതകഥയ്ക്ക് ആസൂത്രിതമായി പ്രചാരണം നൽകിക്കൊണ്ടാണ്. കൊലപാതകികളായ ഒരു സംഘത്തിനെ ഇക്കാര്യത്തിനായി നയിച്ചത് ബിജെപിയുടെ പ്രാദേശിക അംഗത്തിന്റെ മകനാണെന്ന് അക്രമത്തിനിരയായ കുടുംബം സാക്ഷ്യപ്പെടുത്തുന്നു. കുറ്റകൃത്യങ്ങൾക്ക് നേതൃത്വം നൽകിയ ഒരാൾ ക്ഷേത്രത്തിലെ പൂജാരിയെക്കൊണ്ട് പ്രസ്തുത കുടുംബം ഗോമാംസം കഴിച്ചിരിക്കുകയാണെന്ന് മൈക്കിലൂടെ നിർബന്ധിച്ച് അനൗൺസ് ചെയ്യിപ്പിച്ചെന്ന് വ്യക്തമായിട്ടുണ്ട്. ഈ മൃഗീയമായ നടപടിയെ അപലപിക്കാൻ വാക്കുകളില്ല. മറ്റുള്ളവർ എന്ത് ഭക്ഷിക്കണമെന്നുപോലും ഹിന്ദുത്വവാദികൾ തീരുമാനിച്ചു തുടങ്ങിയാൽ നാടിന്റെ ഗതിയെന്താവും?

യുപിയിലെതന്നെ അസാംഗാർഗിൽ ആർഎസ്എസുകാരനാണെന്ന് ആരോപിക്കപ്പെടുന്ന ഒരു ബുർഖയണിഞ്ഞ കണ്ണടവച്ചയാളെ ഒരു ക്ഷേത്രത്തിലേക്ക് ഗോമാംസം വലിച്ചെറിയുന്നതിനിടയിൽ സമീപവാസികൾ പിടികൂടുകയുണ്ടായി. വർഗ്ഗീയ തീയാളിക്കത്തിക്കുകയായിരുന്നു അയാളുടെ ലക്ഷ്യം. ഹൈന്ദവക്ഷേത്രങ്ങളിൽ ഗോമാംസം വലിച്ചെറിഞ്ഞും മുസ്ലിം ദേവാലയങ്ങളിൽ പന്നിയിറച്ചിയെറിഞ്ഞും വർഗ്ഗീയ കലാപങ്ങൾ വളർത്താനുള്ള ശ്രമങ്ങൾ മുമ്പും ചരിത്രത്തിലുണ്ടായിട്ടുണ്ട്. ബിജെപി-സംഘപരിവാർ ശക്തികൾ കിട്ടുന്ന അവസരങ്ങളെല്ലാം മുതലെടുത്തുകൊണ്ട് ഇത്തരം നികൃഷ്ടമായ ക്രിയകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

രണ്ട് സമുദായങ്ങൾക്കിടയിൽ സ്പർദ്ധവളർത്തുവാൻ ചില അധമഃശക്തികൾ ശ്രമിക്കുമ്പോഴും സമൂഹത്തിലെ സുമനസ്സുകളായ മനുഷ്യർ ഈ വിപത്തിനെ കണ്ടറിഞ്ഞ് അവസരോചിതമായി പ്രവർത്തിക്കുന്നത് അഭിനന്ദനാർഹമാണ്. ദാദ്രിയിലെ സംഭവത്തിനുശേഷം അക്രമത്തിന് വിധേയരാകാൻ സാദ്ധ്യതയുള്ള 75 അംഗങ്ങളുള്ള ഒരു മുസ്ലിം കൂട്ടുകുടുംബത്തെ രക്ഷിക്കുവാൻ അവരെ സമീപഗ്രാമമായ ബാസാദയിൽനിന്നും രക്ഷിച്ച ഹിന്ദുക്കളായ സ്ഥലവാസികൾ നടത്തിയ യത്നങ്ങളും ശ്ലാഘനീയമാണ്.

ജനൈക്യത്തിന് വിള്ളലുണ്ടാക്കുവാനായി വർഗ്ഗീയ ശക്തികൾ നടത്തുന്ന കുടിലനീക്കങ്ങളിലകപ്പെടാതിരിക്കുവാനായി ജാഗ്രത പുലർത്തുവാൻ എല്ലാ മതേതര ചിന്താഗതിക്കാരോടും നേർവഴിക്കു ചിന്തിക്കുന്നവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഇത്തരക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുവാനും കർശനമായ ശിക്ഷ ഉറപ്പാക്കാനും ഭരണാധികാരികളോട് അഭ്യർത്ഥിക്കുന്നു. അല്ലെങ്കിൽ സമൂഹത്തിലാകെ സംഘർഷവും അക്രമവും ഭാതൃഹത്യയും തുടരാനുള്ള നടപടികളുമായി വർഗ്ഗീയ ശക്തികൾ മുന്നേറും. ■

(6-ാം പേജിൽ നിന്ന്)

ക്കുകയും ചെയ്യുന്ന വിചിത്രമായ പ്രതിഭാസമാണ് അരങ്ങേറാൻ പോകുന്നത്. അപ്പോൾ വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണം, വാണിജ്യവൽക്കരണം, അനൗപചാരികവൽക്കരണം എന്നിവ ഒരു തലത്തിലും ഉള്ളടക്കത്തിലെ മാറ്റങ്ങളിലൂടെ വർഗ്ഗീയവൽക്കരണവും കേന്ദ്രീകരണം മറ്റൊരു വിധത്തിലും ഒരേ സമയം നടപ്പാക്കികൊണ്ട് വിദ്യാഭ്യാസരംഗത്തെ ഫാസിസവൽക്കരിക്കാൻ ആസൂത്രിത പദ്ധതി തയ്യാറാക്കപ്പെട്ടിരിക്കുന്നു. പാഠ്യപദ്ധതിയെ ശാസ്ത്രവിരുദ്ധവും ചരിത്രവിരുദ്ധവും മാനവീക മൂല്യങ്ങൾക്കെതിരുമാക്കുന്നതിലൂടെ ചിന്താപരമായി മനുഷ്യനെ ഫാസിസ്റ്റ് രീതിയിൽ ചിട്ടപ്പെടുത്താൻ ഭരണകൂടത്തിന് അവസരം ഒരുക്കുകയെന്നതാണ് പുതിയ ദൗത്യങ്ങളുടെയെല്ലാം ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമെന്ന് വ്യക്തമാണ്.

ആധുനിക കമ്പോളത്തിന് മനുഷ്യനെ ആവശ്യമില്ല, ചിന്താശൂന്യരായ പണിയാളുകളെ മാത്രം മതി. രാഷ്ട്രീയാധികാരം കൈയാളുന്ന മോദിസർക്കാരിനും യുക്തിബോധമുള്ള മനുഷ്യനെ ആവശ്യമില്ല, അന്ധതയും ദേശഭ്രാന്തും വർഗ്ഗീയതയും കൊണ്ട് വിഭജിതരായ ആൾക്കൂട്ടത്തെ മതി. ഭരണകൂടത്തിന്റെ ഏറ്റവും നികൃഷ്ടമായ അജണ്ടകൾ നടപ്പാക്കാൻ ജനാധിപത്യ-മതേതര-ശാസ്ത്രീയ വിദ്യാഭ്യാസം എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കാനാണ് പദ്ധതിയിടുന്നത്. പുതിയ ദേശീയ വിദ്യാഭ്യാസ നയം അത്തരമൊരു മനുഷ്യവിരുദ്ധമായ പ്രത്യയശാസ്ത്രത്തിന്റെ അടിത്തറയിൽ രൂപം കൊള്ളുന്ന പദ്ധതിയാണ്. ഇതൊരു വിദ്യാഭ്യാസ നയമല്ല, ദേശീയ വിദ്യാഭ്യാസമൂല്യങ്ങളുമായി ഈ നയങ്ങൾക്ക് യാതൊരു ബന്ധവുമില്ല, മറിച്ച് ഇതൊരു ഫാസിസ്റ്റ് രൂപഘടനയ്ക്കനുയോജ്യമായ മാനേജീരിയൽ സംവിധാനം മാത്രമാണ്; പ്രയോഗിക നിർദ്ദേശങ്ങൾ അതിനുള്ള കുറിപ്പടികളും.

അതുകൊണ്ട്, ഈ സന്നിഗ്ധ ഘട്ടത്തിൽ വിദ്യാഭ്യാസ സ്നേഹികൾ ദേശവ്യാപകമായി ഉണരാൻ സമയമായിരിക്കുന്നു. ദേശവിരുദ്ധവും വിദ്യാഭ്യാസ വിരുദ്ധവുമായ ഈ ആക്രമണത്തെ പ്രതിരോധിക്കാൻ രാജ്യത്തെയും വിദ്യാഭ്യാസത്തെയും മനുഷ്യനെയും രക്ഷിക്കാൻ സർവ്വശക്തിയും സമാഹരിച്ചു പൊരുതാൻവേണ്ടി ഒന്നിക്കുന്നതിൽ ഇനി കാലവിളംബം ഉണ്ടാകാൻ പാടില്ല.

# നയങ്ങൾക്കെതിരെ സംസ്ഥാനവ്യാപകമായി നടന്ന പ്രക്ഷോഭം

**പാലക്കാട് കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തി.**

പാലക്കാട് നടന്ന കളക്ട്രേറ്റ് മാർച്ചും ധർണ്ണയും എൽയുഎഫ് സംസ്ഥാന ചെയർമാനും ആർഎംപി സംസ്ഥാന സെക്രട്ടേറിയറ്റംഗവുമായ സഖാവ് കെ.എസ്.ഹരിഹരൻ ഉദ്ഘാടനം ചെയ്തു. ആഗോളവൽക്കരണ

കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ടി.ശിവശങ്കരൻ, രാധാകൃഷ്ണൻ മണ്ണാർക്കാട്, എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.എം.ബീവി, എ.റജീന എന്നിവർ പ്രസംഗിച്ചു. മാർച്ചിന് കെ.പ്രദീപ്, കെ.രാമനാഥൻ, കെ.പ്രസാദ്, സി.രാജൻ, എൻ.സുഗന്ധി, എ.ഹസീന എന്നിവർ നേതൃത്വം നൽകി.




എറണാകുളം ബിഎസ്എൻഎൽ ഓഫീസ് മാർച്ച്




തൃശൂർ കളക്ട്രേറ്റ് മാർച്ച്

നയങ്ങൾക്കും വർഗ്ഗീയതയ്ക്കും എതിരെ ശരിയായ ഒരു ഇടതുപക്ഷ സമരബദൽ വളർന്നുവരേണ്ടതുണ്ട്. കേന്ദ്രത്തിലെ മോദിഭരണം അംബാനിമാർക്കും അദാനിക്കും വേണ്ടിയുള്ളതാണ്. സാധാരണജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ വർഗ്ഗ ബഹുജന സമരങ്ങൾ വളർന്നുവന്നേ മതിയാകൂ. –അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

**കോഴിക്കോട് കളക്ട്രേറ്റ് മാർച്ച്**

ആർഎംപി സംസ്ഥാന സെക്രട്ടറി സഖാവ് എൻ.വേണു ഉദ്ഘാടനം ചെയ്തു. എൽയുഎഫ് ജില്ലാ ചെയർമാൻ സഖാവ് എ.ശേഖർ അദ്ധ്യക്ഷത വഹിച്ചു. എൽയുഎഫ് ജില്ലാ കൺവീനർ സഖാവ് കെ.കെ.കുഞ്ഞിക്കണാരൻ, എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് എം.കെ.രാജൻ, ആർഎംപി



കോഴിക്കോട് കളക്ട്രേറ്റ് മാർച്ച്

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാലക്കാട് ജില്ലാ സെക്രട്ടറി സഖാവ് അബ്ദുൾ അസീസ് അദ്ധ്യക്ഷത വഹിച്ചു. ആർഎംപി സംസ്ഥാന ജില്ലാ സെക്രട്ടറി സഖാവ് കെ.പി.പ്രകാശൻ, സഖാവ് പ്രതാപ്കുമാർ എന്നിവർ പ്രസംഗിച്ചു. സഖാക്കൾ ഭാസ്കരൻമാസ്റ്റർ, പി.എം. ശ്രീകുമാർ, ജ്യോതിപ്രകാശ്, പി.കെ.പ്രഭാഷ് തുടങ്ങിയവർ നേതൃത്വം നൽകി.



വയനാട് കളക്ട്രേറ്റ് ധർണ്ണ എംസിപിഐ(യു) കേന്ദ്രകമ്മിറ്റിയംഗം സഖാവ് പി.കൃഷ്ണമ്മാൾ ഉദ്ഘാടനം ചെയ്യുന്നു



കണ്ണൂരുനടന്ന പ്രതിഷേധ ധർണ്ണ എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

**വയനാട് കലക്ട്രേറ്റ് ധർണ്ണ**

എൽയുഎഫ് വയനാട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റ കലക്ട്രേറ്റിനു മുമ്പിൽ ധർണ്ണ നടന്നു. എംസിപിഐ(യു) കേന്ദ്ര കമ്മിറ്റി അംഗം സഖാവ് കൃഷ്ണമ്മാൾ ധർണ്ണ ഉദ്ഘാടനം ചെയ്തു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി അംഗം സഖാവ് പി.കെ.ഭഗത് അദ്ധ്യക്ഷത വഹിച്ചു. ആർഎംപി നേതാവ് എ.എം.രാജു, എഐഡിവൈഒ സംസ്ഥാന വൈസ് പ്രസിഡണ്ട് റ്റി.ജെ.ഡിക്സൺ എന്നിവർ പ്രസംഗിച്ചു. എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയംഗം സഖാവ് സി.എൻ.മുകുന്ദൻ സ്വാഗതവും സഖാവ് ദേവസ്യ പുറ്റനാൽ നന്ദിയും പറഞ്ഞു.

**കണ്ണൂരിൽ പ്രതിഷേധ ധർണ്ണ**

ഇടതുപക്ഷ ഐക്യമുന്നണി കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ മുൻസിപ്പൽ ബസ്റ്റാന്റ് പരിസരത്ത് പ്രതിഷേധ ധർണ നടത്തി. എസ്‌യുസിഐ(സി) സംസ്ഥാന കമ്മറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. എൽയുഎഫ് ജില്ലാ ചെയർമാനും ആർഎംപി ജില്ലാ സെക്രട്ടറിയുമായ സഖാവ് പി.പി.മോഹനൻ അദ്ധ്യക്ഷത വഹിച്ചു. എംസിപിഐ(യു) സംസ്ഥാന



പാലക്കാട് കളക്ട്രേറ്റ് മാർച്ചും ധർണ്ണയും എൽയുഎഫ് സംസ്ഥാന ചെയർമാൻ സഖാവ് കെ.എസ്.ഹരിഹരൻ ഉദ്ഘാടനം ചെയ്യുന്നു

കമ്മറ്റിയംഗം സഖാവ് പി.പി. സാജു എസ്‌യുസിഐ(സി)ജില്ലാ സെക്രട്ടറി സഖാവ് കെ.കെ.സുരേഷ്, ആർഎംപി നേതാവ് സഖാവ് കെ.സി.ഉമേഷ് ബാബു എന്നിവർ പ്രസംഗിച്ചു. എൽയുഎഫ് ജില്ലാ കൺവീനറും എസ്‌യുസിഐ(സി) ജില്ലാ കമ്മറ്റിയംഗവുമായ സഖാവ് പോൾ ടി.സാമുവൽ സ്വാഗതം പറഞ്ഞു. ■

## മാവോ സേതുങ് അനുസ്മരണ യോഗം നടത്തി

മഹാനായ മാർക്സിസ്റ്റ് ആചാര്യൻ മാവോ സേതുങ്ങിന്റെ 39–ാം അനുസ്മരണദിനാചരണത്തോടനുബന്ധിച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ കൊച്ചി ലോക്കൽ കമ്മിറ്റി തോപ്പുംപടിയിൽ യോഗം സംഘടിപ്പിച്ചു. സംസ്ഥാന കമ്മിറ്റിയംഗം ജ്യോതികൃഷ്ണൻ അനുസ്മരണ പ്രഭാഷണം നടത്തി.

"ലോകത്തെങ്ങുമുള്ള വിപ്ലവകാരികൾ മഹാന്മാരായ മാർക്സിസ്റ്റ് ആചാര്യന്മാരെ അനുസ്മരിക്കുന്നത് അവരുടെ ജീവിതത്തിൽ നിന്നുള്ള പാഠങ്ങൾ ആഴത്തിൽ മനസ്സിലാക്കുന്നതിനുവേണ്ടിയാണ്. ലോകത്തുനടന്നിട്ടുള്ള മുഴുവൻ സാമൂഹ്യമാറ്റങ്ങളുടെയും പിന്നിൽ വലിയ വെല്ലുവിളികളേയും പ്രതിബന്ധങ്ങളെയും നേരിട്ടതിന്റെ ചരിത്രമാണുള്ളത്. ചൈനയിൽ ജനകീയ ജനാധിപത്യവിപ്ലവത്തെതുടർന്ന് സോഷ്യലിസ്റ്റ് സമ്പദ്ഘടന കെട്ടിപ്പടുക്കുന്നതിന് മാവോ സേതുങ്ങിന്റെ നേതൃത്വത്തിൽ നടത്തിയ പോരാട്ടങ്ങൾക്ക് വൻ പ്രതിബന്ധങ്ങളെ നേരിടേണ്ടിവന്നിട്ടുണ്ട്. ഇൻഡ്യൻ വിപ്ലവത്തിന്റെ ഇന്നത്തെ കടമ എന്തെന്ന് മനസ്സിലാക്കണമെങ്കിൽ മാവോ സേതുങ്ങിന്റെ പാഠങ്ങളും ഇൻഡ്യൻ മണ്ണിൽ മാർക്സിസം–ലെനിനിസം സമൂർത്തവൽക്കരിച്ച മഹാനായ മാർക്സിസ്റ്റ് ആചാര്യനും എസ്‌യുസിഐ(സി) സ്ഥാപക ജനറൽ സെക്രട്ടറിയുമായ ശിബ്ദാസ്ഘോഷിന്റെ ചിന്തകളും മനസ്സിലാക്കിയാൽ മാത്രമേ കഴിയൂ" വെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

"നരേന്ദ്രമോദി സർക്കാർ സമ്പൂർണ്ണമായും കോർപ്പറേറ്റുകൾക്കുവേണ്ടിയാണ് ഭരണം നടത്തുന്നത്. ഒരു വശത്ത് തൊഴിലാളികളുടെയും സാധാരണക്കാരുടെയും എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും കവർന്നെടുക്കുന്നു. മറുവശത്ത് ഇതിനെതിരെ പ്രതിഷേധം വളർന്നുവരാതിരിക്കാൻ ആർഎസ്എസിന്റെ നേതൃത്വത്തിൽ ജനങ്ങൾക്കിടയിൽ അനൈക്യവും അന്ധതയും സൃഷ്ടിക്കുന്നു. സർവ്വമാനമേഖലകളിലും സംഘപരിവാറിന്റെ നേതൃത്വത്തിൽ ഫാസിസം ആവിഷ്ക്കരിച്ച് നടപ്പാക്കുന്നു. സാഹിത്യ–സാംസ്കാരിക പ്രവർത്തകരെ ഉന്മൂലനം ചെയ്യുന്നു. ഫാസിസ്റ്റ് ഹിറ്റ്ലറെ ന്യായീകരിക്കുകയും ഹിറ്റ്ലറുടെതുപോലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. നവോത്ഥാന നായകർ സൃഷ്ടിച്ച ജനാധിപത്യമൂല്യങ്ങളെ ഇല്ലാതാക്കുന്നു. ഇതിനെതിരെ ശക്തമായ ജനകീയ ഐക്യം പടുത്തുയർത്തുക എന്നതാണ് ഇന്നത്തെ അടിയന്തര കർത്തവ്യം" ജ്യോതികൃഷ്ണൻ തുടർന്നു പറഞ്ഞു. അഡ്വ.പഞ്ചിമല ബാലകൃഷ്ണന്റെ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എസ്‌യുസിഐ(സി) ജില്ലാകമ്മിറ്റിയംഗം സഖാവ് പി.എം.ദിനേശൻ, സഖാവ് ജോണി ജോസഫ് എന്നിവർ പ്രസംഗിച്ചു. ■

# പശ്ചിമേഷ്യയിലെ അഭയാർത്ഥിദുരന്തം

**തുർക്കിയുടെ കടൽത്തീരത്ത്, ഒരു ചുവന്ന ടീഷർട്ടും നീല ഷോർട്സും ധരിച്ച മൂന്നുവയസ്സുള്ള സിറിയൻ ബാലന്റെ മൃതദേഹം വന്നടിഞ്ഞു കിടക്കുന്ന കാഴ്ച, ലോകത്തെയൊട്ടാകെ സ്തബ്ധരാക്കിയിരിക്കുന്നു. അവന്റെ നിശ്ശബ്ദശരീരത്തിന്റെ നിലവിളി, മെഡിറ്ററേനിയൻ തീരത്തു നടമാടിക്കൊണ്ടിരിക്കുന്ന യുദ്ധത്തിന്റെയും കുടിയൊഴിപ്പിക്കലുകളുടേയും ഭീകരതയുടേയും പ്രതീകമാവുകയാണ്. കോലാഹലങ്ങൾക്കിടയിലൂടെ പൊട്ടിവീണ ഈ ചിത്രം ലോകമൊട്ടാകെയുള്ള ജനങ്ങളെ ഇളക്കിമറിക്കുകയാണ്.**

സുഡാനിൽ പട്ടിണികൊണ്ടു മരിക്കുന്ന കുഞ്ഞിന്റെയരികിൽ കൊതിയോടെ നോക്കിയിരിക്കുന്ന കഴുകന്റെയും, വിയറ്റ്നാമിൽ അമേരിക്കയുടെ നാപാം ബോംബാക്രമണത്തിൽ തൊലി പൊളിഞ്ഞിളകി രക്ഷപെട്ടോടുന്ന കുഞ്ഞു ഫാൻ തി കിം ഫ്യൂവിൻയുമൊക്കെ പോലെ തങ്ങളുടെ രാജ്യങ്ങളിൽ നിലനിന്ന ഭീകരതയുടെ പ്രതീകങ്ങളായ ചിത്രങ്ങളുടെ തുടർച്ചയാകുകയാണ് ഈ ചിത്രവും. വിയറ്റ്നാം, സുഡാൻ, സൊമാലിയ, കംബോഡിയ എത്യോപ്യ തുടങ്ങി അനവധി രാജ്യങ്ങളെ സാമ്രാജ്യത്വ ഗൂഢാലോചനകളുടേയും കൊള്ളയുടേയും കൊള്ളിവെപ്പിന്റെയും കളിത്തട്ടാക്കി മാറ്റിയതിനു ശേഷം, യുഎസ് സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിൽ യുദ്ധക്കൊതിയന്മാരായ സാമ്രാജ്യത്വസ്രാവുകൾ ഇപ്പോൾ പശ്ചിമേഷ്യയിലൊന്നാകെ കലിതുള്ളിനടക്കുകയാണ്. സമ്പൂർണ്ണസൈനികാക്രമണത്തിൽ തുടങ്ങി, പ്രാദേശികവും ഭാഗികവുമായ യുദ്ധങ്ങൾ നിലനിർത്തുക, ഉപജാപങ്ങൾ സംഘടിപ്പിക്കുക, ഭരണമാറ്റത്തിനായുള്ള പദ്ധതികൾ നെയ്തെടുക്കുക, പാവ സർക്കാരുകളെ അധികാരത്തിലേറ്റുക, ഒരു വിഭാഗം ജനങ്ങളെ മറ്റുള്ളവർക്കെതിരേ തിരിക്കുക – അങ്ങനെ അവരുടെ പശ്ചിമേഷ്യാനയത്തിൽ എല്ലാം ഉൾക്കൊള്ളുന്നു. അവരുടെ വിഷലിപ്തമായ നയങ്ങൾ കാരണം, ജനാധിപത്യവിരുദ്ധരായ, ക്രൂരരായ മൗലിക ശക്തികൾ തങ്ങളുടെ വൃത്തികെട്ട തലകളുയർത്തി, നിർവ്വികാരമായ മരവിപ്പോടെ ഹൃദയഹീനമായ ഹിംസയിലേർപ്പെടുകയും ഭീകരതയുടെ വാഴ്ച്ചയെ കെട്ടഴിച്ചു വിടുകയും ചെയ്യുന്നു. ഇതുകൊണ്ടാണ്, സിറിയ, അഫ്ഗാനിസ്ഥാൻ, സുഡാൻ, ലിബിയ തുടങ്ങിയ രാജ്യങ്ങളിലെ ആയിരക്കണക്കിനു ജനങ്ങൾ, കേവലം അഭയം എന്നതിലുപരിയായി ജീവൻ തന്നെ രക്ഷിച്ചെടുക്കുവാനായി തങ്ങളുടെ ദേശം ഉപേക്ഷിച്ചു പലായനം ചെയ്യാൻ നിർബന്ധിതരാക്കുന്നത്. ഇവരെല്ലാം പരമാധികാര ദേശരാഷ്ട്രങ്ങളിലെ പൗരന്മാരാണ്. എന്നാൽ നേരം ഇരുട്ടിവെളുക്കുമ്പോഴേക്കും അവരെല്ലാം ഏതുവിധേനയും മറ്റു രാജ്യങ്ങളിൻ നുഴഞ്ഞുകയറി ജീവൻ നിലനിർത്താൻ ശ്രമിക്കുന്ന കുടിയേറ്റക്കാരോ അഭയാർത്ഥികളോ ആയി മാറ്റപ്പെട്ടിരിക്കുന്നു.

### എന്തുകൊണ്ട് ഈ കൂട്ട പലായനം?

മുങ്ങിമരിക്കുന്ന കുട്ടികളുടേയും, മുങ്ങിത്താഴുന്ന ബോട്ടുകളുടേയും വേദനിപ്പിക്കുന്ന ചിത്രങ്ങളും, ശ്വാസം മുട്ടിക്കുന്ന ട്രക്കുകളുടേയും, റെയിൽവേ സ്റ്റേഷനുകളിലും പാതയോരത്തുമെല്ലാം കൂടാരമടിച്ചു കഴിയുന്ന ആയിരങ്ങളെക്കുറിച്ചുമെല്ലാമുള്ള കഥകളും മാധ്യമങ്ങൾ പ്രചരിപ്പിക്കുകയാണ്. എത്രയെത്ര അഭയാർത്ഥികളേയാകും 'മനുഷ്യസ്നേഹികളായ' ഓരോ യൂറോപ്യൻ രാജ്യങ്ങളും സ്വീകരിക്കുക എന്നൊക്കെയുള്ള കണക്കുകളും അവർ നിരത്തുന്നു. എന്നാൽ അഭയം തേടിയെത്തുന്നവരുടെ ഈ വമ്പിച്ച ഒഴുക്കിനു പിന്നിലുള്ള കാരണങ്ങളെക്കുറിച്ച് അവർ മൗനം പാലിക്കുന്നു. എന്നാൽ എന്തുകൊണ്ടാണ് ഈ ദുരന്തം എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. എന്താണ് ഈ നിസ്സഹായരായ അഭയാർത്ഥികളെ തങ്ങളുടെ വീടും നാടുമുപേക്ഷിച്ച് ഓടിപ്പോകാൻ നിർബന്ധിതരാക്കുന്നത്? അവർ പ്രളയത്തിന്റെയും വരൾച്ചൾച്ചയുടേയും അഗ്നിപർവ്വതസ്ഫോടനത്തിന്റെയും ഇരകളല്ല. പിന്നെ എന്തുകൊണ്ടീ സ്ഥാനഭ്രംശവും കുടിയേറ്റവും? വസ്തുതകൾ ഒന്ന് ഓടിച്ചുനോക്കിയാൽത്തന്നെ വെളിപ്പെടുന്ന ഒരു കാര്യമുണ്ട്. സാമ്രാജ്യത്വ മരണവ്യാപാരികൾ, പ്രത്യേകിച്ചും അമേരിക്കൻ സാമ്രാജ്യത്വം, തങ്ങളുടെ അധീശത്വത്തിനു കീഴിലുള്ള സ്വാധീനമേഖലകൾ കൊള്ളയിലൂടെയും കൈയേറ്റത്തിനുള്ള യുദ്ധത്തിലൂടെയും വികസിപ്പിക്കുകയെന്ന ഹീനമായ അജണ്ടയോടെ, മേഖലയിൽ അഴിച്ചുവിട്ട അഭൂതപൂർവമായ ക്രൂരത തന്നെയാണ് ഈ നിസ്സഹായരായ മനുഷ്യരെ തങ്ങളുടെ മണ്ണിൽ നിന്നും കുടിയൊഴിപ്പിക്കുന്നത്. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ എണ്ണയും മറ്റു പ്രകൃതിവിഭവങ്ങളും കൈയടക്കുവാനുള്ള ശ്രമത്തിൽ പെന്റഗണിലെ തോക്കേന്തിയ നയതന്ത്രജ്ഞരും അവരുടെ കൂട്ടാളികളും ഈ നാടുകളിൽ യുദ്ധം നടത്തുക മാത്രമല്ല, ഈ പ്രദേശത്ത് സംഘർഷത്തിന്റെയും ഭയത്തിന്റെയും അന്തരീക്ഷം സൃഷ്ടിച്ച്, വിഭാഗീയവും, വംശീയവും, ദേശീയവും മതപരവുമായ ഭിന്നതകൾ ആളിക്കത്തിക്കുന്നു. പരസ്പരവിനാശകരമായ സംഘർഷങ്ങളിലും കലാപങ്ങളിലും അടിച്ചമർത്തപ്പെട്ട ജനങ്ങളെ ഉൾപ്പെടുത്തി, ഈ സാമ്രാജ്യത്വ ഉപജാപങ്ങൾക്കും വിധ്വംസകപ്രവൃത്തികൾക്കും എതിരേ അവരുടെ ഐക്യത്തോടെയുള്ള പ്രതിരോധത്തിനുള്ള സാധ്യത തന്നെ ഇല്ലാതാക്കുന്നു. ഈ പ്രക്രിയയ്ക്കിടയിൽ ചില നിന്ദ്യരായ ഭ്രാന്തന്മാരേയും അവർ സൃഷ്ടിച്ചു. ഇവർ ഇന്ന് എല്ലാവർക്കും ഭീഷണിയാകുന്ന തരത്തിൽ അക്രമം കാട്ടുക മാത്രമല്ല, ഏറ്റവും ഭയങ്കരമായ വന്യമൃഗങ്ങളേപ്പോലും കവച്ചു വെക്കുന്ന ക്രൂരതയാണ് പുറത്തെടുക്കുന്നത്.

### യുഎസ് സാമ്രാജ്യത്വം ആദ്യം ലക്ഷ്യം വെച്ചത് അഫ്ഗാനിസ്ഥാൻ

ഇപ്പോൾ കാണുന്നതെന്തെന്നാൽ, ഏറ്റവുമധികം അഭയാർത്ഥികൾ പലായനം ചെയ്യുന്നത് യുദ്ധത്താൽ ഛിന്നഭിന്നമായ സിറിയ, അഫ്ഗാനിസ്ഥാൻ, ലിബിയ, ദക്ഷിണ സുഡാൻ എന്നിവിടങ്ങളിൽ നിന്നാണ്. അഫ്ഗാനിസ്ഥാനിൽ രാജവാഴ്ച്ചയെ തകർത്തെറിഞ്ഞ 1978–ലെ സൗർ വിപ്ലവത്തിനു ശേഷം, വിപ്ലവത്തെ നശിപ്പിക്കാനും, രാജ്യത്തെ സോവിയറ്റ് സ്വാധീനത്തിൽ നിന്നും, പ്രത്യേകിച്ച് സോഷ്യലിസ്റ്റ് സ്വാധീനത്തിൽ നിന്നും മോചിപ്പിക്കുവാനായി അമേരിക്കൻ സാമ്രാജ്യത്വം കുപ്രസിദ്ധമായ സിഐഎയെ രംഗത്തിറക്കുകയും സൗർ വിപ്ലവവിരുദ്ധ ശക്തികൾക്കും യുദ്ധപ്രഭുക്കൾക്കും 300 കോടി ഡോളർ നൽകുകയും ചെയ്തു. ജനത്തിന്റ ദുരിതാവസ്ഥയെ വിളനിലമായി മുതലെടുത്ത്, നേരത്തേ തന്നെ നിലനിന്നിരുന്ന മതമൗലികവാദികൾ തലയുയർത്തി കാര്യങ്ങളുടെ കടിഞ്ഞാൺ കൈയിലെടുത്തു. എഴുപതുകളുടെ അവസാനത്തോടെ, ഇസ്ലാമിക് മൗലികവാദസംഘങ്ങളുടെ കൂട്ടായ്മയായ മുജാഹിദ്ദീൻ സിഐഎയുടേയും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെയും രഹസ്യവും പരസ്യവുമായ പിന്തുണയോടെ നിലവിൽ വന്നു. അവസാനം, സിഐഎയുടെ തന്നെ രേഖകളിൽ സമ്മതിക്കുന്നതു പോലെ, കാബൂളിലെ സോവിയറ്റ് അനുകൂല ഭരണകൂടത്തിന്റെ എതിരാളികൾക്കുള്ള രഹസ്യ യുഎസ് സഹായം 1979–ൽ ആരംഭിച്ചു. സിഐഎയും അമേരിക്കൻ സാമ്രാജ്യത്വവും പരസ്പരം പോരടിക്കുന്ന കലാപകാരികളായ യുദ്ധപ്രഭുക്കളേയും മുജാഹിദ്ദീന്റെ വിവിധ വിഭാഗങ്ങളേയും ഇളക്കിവിടുകയും, അവർക്ക് ഉദാരമായി ആയുധങ്ങളും പണവും ഉപഗ്രഹസഹായവും രഹസ്യവിവരങ്ങളും നൽകുകയും ചെയ്തു. അതോടൊപ്പം, അങ്ങേയറ്റം പിന്തിരിപ്പനും, വിജ്ഞാനവിരോധ ആശയങ്ങളും ചിന്തകളും വച്ചുപുലർത്തുന്ന വെറിപിടിച്ച ഇസ്ലാമികമതമൗലികവാദികളുടെ മറ്റൊരു കൂട്ടമായ അൽഖ്വൈദ ഒസാമാ ബിൻ ലാദന്റെ നേതൃത്വത്തിൽ 1988–ൽ രൂപീകൃതമായി. ഇത് യുഎസ് ഭരണകൂടത്തിന്റെ പൂർണ്ണമായ അറിവോടും, സൗദി അറേബ്യയിൽ നിന്നും അമേരിക്കയിൽ നിന്നുമുള്ള സാമ്പത്തികസഹായത്തോടും സിഐഎയുമായി ഉറ്റബന്ധം നിലനിർത്തിക്കൊണ്ടുമായിരുന്നു. മതത്തിന്റെ പേരിൽ അത് എല്ലാ തരത്തിലുമുള്ള പുരോഗമന ചിന്തകളേയും ചവിട്ടിപ്പുറത്താക്കുകയും, തങ്ങളുടെ നിലപാടുകളോടുള്ള എല്ലാ എതിർപ്പുകളേയും ഉന്മൂലനം ചെയ്യുകയും ചെയ്തു. വാസ്തവത്തിൽ, അഫ്ഗാനിസ്ഥാനിലെ തങ്ങളുടെ സോവിയറ്റ് വിരുദ്ധ പ്രചരണത്തിനു ശക്തി കൂട്ടാനായി തങ്ങൾതന്നെ മുമ്പ് വളർത്തിയ മുജാഹിദീനുകളുടേയും മറ്റ് മൗലികവാദശക്തികളുടേയും മേൽ അൽഖ്വൈദയെന്ന വളരെ അപകടകാരിയായ ശക്തിയെയാണ് അമേരിക്കൻ ഭരണാധികാരികളും സിഐഎയും നിർലജ്ജം പ്രയോഗിച്ചുകൊണ്ടിരുന്നത്. എന്നാൽ, തുടർന്ന് ആയിരക്കണക്കിന് അഫ്ഗാൻകാരുടെ ജീവനെടുക്കുകയും ലക്ഷങ്ങളെ വൃത്തിഹീനമായ അഭയാർത്ഥി ക്യാംപുകളിലേക്ക് തള്ളിവിടുകയും, രാഷ്ട്രീയ അസ്ഥിരത സൃഷ്ടിക്കുകയും, നാടുകടത്തപ്പെട്ടവർക്ക് തിരിച്ചുവരാൻ സാധിക്കാതെ തടയപ്പെടുകയും ചെയ്യുന്ന തരത്തിൽ, ഭീകരമായ അധികാരവടംവലികൾ യുദ്ധപ്രഭുക്കൾക്കിടയിൽ ആരംഭിച്ചു. സ്വേച്ഛാധിപതികളായ പ്രാദേശിക യുദ്ധപ്രഭുക്കൾ വാഴുന്ന ഒറ്റപ്പെട്ട തുരുത്തുകളായി വിഭജിച്ച് രാജ്യം ശിഥിലമായി. ഈ ശോചനീയമായ ഇരുളടഞ്ഞ സാഹചര്യത്തിലാണ്, യുഎസ് സാമ്രാജ്യത്വത്തിന്റെ അനുഗ്രഹാശിസ്സുകളോടെ, 1994–ൽ താലിബാൻ സേന ഉയർന്നു വരുന്നത്. അൽഖ്വൈദയുടെ മൗലികവാദ ആശയങ്ങൾക്കും, അടിച്ചമർത്തൽ രീതികൾക്കും കൃത്യമായി യോജിച്ചവരായിരുന്നു താലിബാൻ. പിന്നീട് താലിബാൻ അധികാരത്തിലേറിയപ്പോൾ, ഈ രണ്ട് ഭീകര മൗലികവാദ ശക്തികളും തങ്ങൾക്കിടയിൽ കൃത്യമായ ധാരണ വികസിപ്പിച്ച് ഒരുമിച്ച് പ്രവർത്തിക്കുകയും, ഏതെങ്കിലും തരത്തിലുള്ള ആവിഷ്കാരത്തിനോ ജനാധിപത്യ കൂട്ടായ്മകൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള സ്വാതന്ത്ര്യം നിഷേധിച്ച്, തങ്ങളുടെ ഭരണത്തിനു കീഴിൽ അന്ധമായ വിധേയത്വം നിഷ്ക്കരുണം ആവശ്യപ്പെടുകയും ചെയ്തു. പിന്നീട് മദ്ധ്യേഷ്യയിൽ എണ്ണയും പ്രകൃതിവാതകവും കൊണ്ട് സമ്പുഷ്ടമായ വിവിധ തന്ത്രപ്രധാന ഇസ്ലാമികരാജ്യങ്ങളിൽ, ഇസ്ലാം വിരുദ്ധ സിയോണിസ്റ്റ് മതഭ്രാന്തന്മാരായ ഇസ്രയേലി ഭരണകൂടത്തിനെ ഉപയോഗിച്ച് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിലുള്ള ലാഭക്കൊതിയന്മാരും അധികാരദാഹികളുമായ സാമ്രാജ്യത്വശക്തികൾ തങ്ങളുടെ നവ കൊളോണിയൽ ചൂഷണം വർദ്ധിപ്പിച്ചു തുടങ്ങി. അവർ, പാലസ്തീൻ അടക്കമുള്ള മദ്ധ്യപൂർവ അറബ് രാജ്യങ്ങൾക്കെതിരേ അട്ടിമറികളും ചിലപ്പോൾ ക്രൂരമായ ആക്രമണങ്ങളും നടത്തി. അമേരിക്കൻ സാമ്രാജ്യത്വ ഗൂഢാലോചനകൾക്കും ആക്രമണങ്ങൾക്കുമെതിരേ മുസ്ലീം മേധാവിത്വ രാജ്യങ്ങളിലെ ജനങ്ങൾക്കിടയിൽ ശക്തമായ വികാരവും അഭിപ്രായവും ഉയർന്നുവന്നു. ഈ വളരുന്ന യുഎസ് സാമ്രാജ്യത്വ വിരുദ്ധ വികാരം മുതലെടുത്തുകൊണ്ട്, ഒരിക്കൽ യുഎസ് ഭരണകൂടത്താൽ തന്നെ നിർമ്മിക്കപ്പെട്ട അൽഖ്വൈദ മുൻനിരയിലേക്ക് വരാൻ ശ്രമിക്കുകയും ഫ്രാൻകെൻസ്റ്റൈനായി മാറുകയും ചെയ്തു. അൽഖ്വൈദ ഭീകരവാദത്തെ ഒതുക്കുവാനെന്ന പേരിൽ അമേരിക്ക അഫ്ഗാനിസ്ഥാനു മേൽ സൈനികാക്രമണം ആരംഭിച്ചു. യുദ്ധക്കെടുതികളാൽ സാമ്പത്തികമായി തകർന്നുകഴിഞ്ഞ രാജ്യത്തെ നശിപ്പിക്കുകയും പ്രതിരോധമില്ലാതെ നിസ്സഹായരായ അഫ്ഗാൻ ജനതക്കു മേൽ ക്രൂരമായി ആക്രമണം അഴിച്ചുവിടുകയും ചെയ്തു. അവർ തന്നെ ആ രാജ്യത്തു സ്ഥാപിച്ച ഒരു പാവ സർക്കാരിനെ മറയാക്കിക്കൊണ്ട് തുടർച്ചയായി തങ്ങളുടെ സൈനികവിന്യാസം ശക്തിപ്പെടുത്തി ഇന്നു വരേയും ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. യുഎസ് സാമ്രാജ്യത്വമാണ്, ഒന്നിനു പിറകേ ഒന്നായി മറ്റു രാജ്യങ്ങളിൽ ഏറ്റവും ഹീനമായ ഭീകരവാദം തുടർച്ചയായി നടപ്പാക്കുന്നത്. അവർ തന്നെയാണ് മൗലികവാദശക്തികളെ വളർത്തി പോഷിപ്പിച്ച് സംരക്ഷിച്ചു നിലനിർത്തുന്നത്. ഇതേ യുഎസ് സാമ്രാജ്യത്വം തന്നെയാണ് ഭീകരവാദത്തെ എതിർക്കാനെന്ന പേരിൽ, ആ രാജ്യത്തിനെതിരേ ഭീകരമായ ആക്രമണം അഴിച്ചുവിട്ടത്.

### ഇറാഖ്, ലിബിയ, സുഡാൻ, സിറിയ – അടുത്ത ലക്ഷ്യങ്ങൾ

അഫ്ഗാനിസ്ഥാനു ശേഷം ഇറാഖിന്റെ ഊഴമായിരുന്നു. സദ്ദാമിനു കീഴിലുള്ള ഇറാഖ് മൗലികവാദ സ്വാധീനത്തിൽ നിന്നും മതപരമായ ഭിന്നതകളിൽ നിന്നും ഏറെക്കുറെ മുക്തമായിരുന്നു എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. സദ്ദാം ഹുസൈൻ കൂട്ടനശീകരണ ആയുധങ്ങൾ കൈവശം വെച്ചുവെന്ന കപടന്യായത്തിന്റെ പേരിൽ ഇറാഖിനെ ആക്രമിച്ച് അന്യായമായി കൈവശപ്പെടുത്തി. ഇതിനു പുറമേ, ഇതു വരേയും സുന്നി ഭരണത്തിനു കീഴിലായിരുന്ന ഷിയാ സമുദായത്തിന്റെ വികാരം കൊണ്ടു കളിച്ച് ഇറാഖി ജനതക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ ശ്രമിച്ചു. അവസാനം, ജനാധിപത്യസ്ഥാപനത്തിന്റെ പേരിൽ ഒരു ഷിയാ ഭൂരിപക്ഷ ദുർബല സർക്കാരിനെ അവരോധിക്കാൻ അവർക്കു കഴിഞ്ഞു. ഇറാഖിലിതു വിജയിച്ചപ്പോൾ, ഷിയാ–സുന്നി ഭിന്നത തിരികൊളുത്തി ആളിക്കത്തിച്ച്, അറബ് ജനതയെ മൊത്തത്തിൽ ഭിന്നിപ്പിച്ചു നിർത്താനുള്ള നടപടികളുമായി അവർ മുന്നോട്ടു പോവുകയും വിവിധ തരത്തിലുള്ള ഇസ്ലാമിക മൗലികവാദത്തിന് ഇന്ധനം പകരുകയും ചെയ്തു.

അടുത്ത ലക്ഷ്യം ലിബിയ ആയിരുന്നു. ഇറാഖിലെ അനുഭവം മുൻനിർത്തി, സമാനമായി ഉറച്ച യുഎസ് സാമ്രാജ്യത്വവിരുദ്ധ നിലപാടുള്ള മറ്റൊരു അറബ് രാജ്യമായ ലിബിയയിൽ തന്ത്രം മാറ്റുവാൻ യുഎസ്–നാറ്റോ സഖ്യശക്തികൾ പ്രേരിതരായി. യുഎസ് സാമ്രാജ്യവാദികൾ ലിബിയയെ തകർത്ത് അതിന്റെ പ്രസിഡന്റ് ഗദ്ദാഫിയെ കൊന്നു. എണ്ണയുൽപ്പാദനം ദേശസാൽക്കരിച്ച്, ആഫ്രിക്കയിലെ ഏറ്റവും ഉയർന്ന ജീവിതനിലവാരം കൈവരിച്ചിരുന്ന ലിബിയയെന്ന ആധുനിക രാഷ്ട്രത്തിന്റെ അടിസ്ഥാനസൗകര്യം മുഴുവനും ഏഴു മാസത്തെ യുഎസ്–നാറ്റോ ബോംബ് വർഷത്തിലൂടെ തകർക്കപ്പെട്ടു. രണ്ടു ദശലക്ഷം ലിബിയക്കാർ, അഥവാ നാറ്റോ ഇടപെടലിനു മുമ്പുണ്ടായിരുന്ന ലിബിയൻ ജനസംഖ്യയുടെ മൂന്നിലൊന്ന്, അയൽരാജ്യമായ ടുണീഷ്യയിൽ അഭയം തേടിയെത്തി. പിന്നീടാ ദുഷ്ടശക്തികൾ അവർക്കു വഴങ്ങാൻ തയ്യാറാകാതെയിരുന്ന സുഡാൻ പ്രസിഡന്റ് ഒമർ ഹസ്സൻ അൽ ബഷീറിനെതിരേ തിരിഞ്ഞു. അദ്ദേഹത്തിനെതിരേ യുദ്ധക്കുറ്റങ്ങളും, മനുഷ്യരാശിക്കെതിരേയുള്ള കുറ്റങ്ങളും മറ്റും കെട്ടിച്ചമച്ചു ചാർത്തി. രാജ്യത്തെ വിവിധ വംശങ്ങൾക്കിടയിൽ വിശ്വാസരാഹിത്യവും ഭിന്നതയും കലഹവും ആസൂത്രണത്തോടെ ഉണർത്തിവിടുകയും, അവരെ കൂട്ടക്കുരുതികളിൽ കുരുക്കിയിട്ട് രാജ്യത്തെ അസ്ഥിരപ്പെടുത്തി, അന്തിമമായി രാജ്യത്തെ രണ്ടായി വിഭജിക്കുന്നതിൽ ആ ശക്തികൾ വിജയിച്ചു. ഇത്തരത്തിൽ, രാജ്യത്തെ സമ്പന്നമായ എണ്ണപ്പാടങ്ങൾക്കു മേൽ അവർ ആധിപത്യം ഉറപ്പിച്ചു.

പിന്നീട്, അസദിന്റെ സിറിയയുടെ ഊഴം. അവിടെ, യുഎസ് പിന്തുണയുള്ള 'സ്വതന്ത്ര സിറിയൻ സൈന്യം', അൽഖ്വൈദ ഘടകങ്ങൾ, സുന്നി മൗലികവാദികളായ മറ്റുള്ളവർ – അസദിനെ പുറത്താക്കാൻ ഇവരെല്ലാം കൈകോർത്തു. യുഎസ് സാമ്രാജ്യത്വത്തിന്റെ പ്രേരണയും പിന്തുണയും മൂലം, അമേരിക്കയുടെ സുഹൃത്തുക്കളായ സൗദിയിലേയും ഖത്തറിലേയും പുരോഹിതരും മതമൗലികവാദികളായ ഷെയ്ഖുമാരും 'മതനിഷേധിയായ' അസദ് സർക്കാരിനെതിരേ വിഷം തുപ്പുകയും, സിറിയയെ മറ്റൊരു അഫ്ഗാനിസ്ഥാനാക്കാൻ സിറിയയിലെ ചെറുപ്പക്കാ

# എന്തുകൊണ്ട് ഈ കൂട്ട പലായനം?

രോട് ആഹ്വാനം ചെയ്യുകയും ചെയ്തു. എന്നാൽ നാളിതുവരെ, യുഎസ് സാമ്രാജ്യത്വം ഈ ഉദ്യമത്തിൽ വിജയിച്ചിട്ടില്ല.

**ഐഎസ്ഐഎസിന്റെ ജനനം**

എന്നാൽ, ഒരേ മതത്തിനുള്ളിലെ വിവിധ വിഭാഗങ്ങളെ അടിസ്ഥാനമാക്കി ജനങ്ങൾക്കിടയിൽ ഭിന്നത സൃഷ്ടിക്കുവാനുള്ള അമേരിക്കൻ നയത്തിന് മറ്റൊരു ഗുരുതര പാളിച്ച സംഭവിച്ചിരുന്നു. ഷിയാ വിഭാഗീയത, പഴയ സുന്നി ഉണർവ്വു പ്രസ്ഥാനത്തെ ഉത്തേജിപ്പിക്കുക മാത്രമല്ല, തീവ്രവാദികളും കൊടിയ സുന്നി മൗലികവാദികളുമായ ഒരു സേനയുടെ ആവിർഭാവത്തിലേക്കും നയിച്ചു. അൽഖൈദയുടെ ഇറാഖി ഘടകമായാണ് ഐസിസ് അഥവാ ഐഎസ്ഐഎസ് ആരംഭിച്ചത്. തുടക്കത്തിൽ ഇറാഖിൽ കേന്ദ്രീകരിച്ച് ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് എന്നറിയപ്പെട്ടിരുന്ന ഐസിസ്, സിറിയയെ സൂചിപ്പിക്കുന്ന രണ്ടാമത്തെ എസ് കൂട്ടിച്ചേർത്തത്, മുമ്പേ പൊട്ടിപ്പുറപ്പെട്ട സിറിയൻ ആഭ്യന്തരയുദ്ധത്തിൽ, യുഎസ് പിന്തുണയുള്ള അസദ് വിരുദ്ധ ശക്തികളോട് ചേർന്നു പ്രവർത്തിക്കാൻ തുടങ്ങിയപ്പോഴാണ്. യുഎസ് അനുകൂല അറബ് രാജവംശങ്ങൾ - സൗദി അറേബ്യ, ഖത്തർ, യുഎഇ, മറ്റ് ഗൾഫ് രാജ്യങ്ങൾ, ഇവരെല്ലാം തന്നെ ആശയപരമായി ഐസിസിന്റെ ആത്മമിത്രങ്ങളും, ഉദാരമായി അവർക്ക് സമ്പത്തും ആയുധങ്ങളും നൽകുന്നവരുമാണെന്നു പറയപ്പെടുന്നു. ഉദാഹരണത്തിന്, അമേരിക്കൻ ഉപരാഷ്ട്രപതിയായ ജോ ബൈഡൻ തന്നെ കഴിഞ്ഞ വർഷം സമ്മതിച്ചത്, സൗദി അറേബ്യ, ഖത്തർ, യുഎഇ, തുർക്കി തുടങ്ങിയവർ നൂറുകണക്കിനു ദശലക്ഷം ഡോളറാണ്, പിന്നീട് ഐസിസായി രൂപാന്തരപ്പെട്ട സിറിയയിലെ ഇസ്ലാമിക കലാപകാരികൾക്കായി ഒഴുക്കിയതെന്നാണ്. വൈകിയാണെങ്കിലും, ഐസിസിനുള്ള യുഎസ് സഹായത്തിന്റെ തെളിവുകൾ മാധ്യമങ്ങളിലൂടെ പുറത്തുവന്നിരിക്കുന്നു. കഴിഞ്ഞ ഡിസംബറിൽ, ഇറാഖി പാർലമെന്റിലെ സുരക്ഷാ-പ്രതിരോധ കമ്മീഷൻ എംപി, മജീദ് അൽ ഘരാവി പറഞ്ഞത്, ലഭ്യമായ വിവരമനുസരിച്ച് യുഎസ് വിമാനങ്ങൾ ഐസിസിന് ആയുധങ്ങൾ വിതരണം ചെയ്യുന്നുവെന്നാണ്. പൊതുതാത്പ്പര്യ നിയമസ്ഥാപനമായ ജുഡീഷ്യൽ വാച്ച് നേടിയെടുത്ത, യുഎസ് ഭരണകൂടത്തിന്റെ രഹസ്യരേഖ പ്രകാരം, പശ്ചാത്യ സർക്കാരുകൾ സിറിയൻ പ്രസിഡന്റ് അസദിനെ പുറത്താക്കാനായി, ഐസിസിന്റെ ഉദയത്തിനത് സഹായകമാകുമെന്ന് മുന്നറിവുണ്ടായിട്ടും, അൽഖൈദയും മറ്റ് ഇസ്ലാമിക ഭീകരവാദസംഘങ്ങളുമായും മനഃപൂർവം കൂട്ടുചേർന്നിരുന്നു എന്നാണ്. ഈ രേഖ വെളിവാക്കുന്നത്, ഈ തന്ത്രത്തിന്റെ നേരിട്ടുള്ള പരിണതിയായി 'ഇസ്ലാമിക് സ്റ്റേറ്റ് ' ഉയർന്നു വരും എന്നു മുൻകൂട്ടി കണ്ടിട്ടും, ഈ അനന്തരഫലത്തെ, 'സിറിയൻ ഭരണകൂടത്തെ ഒറ്റപ്പെടുത്താനുള്ള' തന്ത്രപരമായ അവസരമായാണ് പെന്റഗൺ ചിത്രീകരിച്ചത്. ഇന്ന് ഐസിസിനെതിരേ പോരാടുന്നു എന്നു സങ്കൽപ്പിക്കപ്പെടുന്ന യുഎസ് സഖ്യം, മൂന്നു വർഷം മുമ്പ് അസദിനെ അട്ടിമറിക്കുവാനായി ഒരു 'തീവ്രവാദ സലാഫിസ്റ്റ് ഭരണപ്രവിശ്യ' പ്രദേശത്ത് ഉയർന്നു വരുന്നതിനെ സ്വാഗതം ചെയ്തിരുന്നുവെന്നതിന്റെ അസാധാരണമായ സ്ഥിരീകരണമാണ് ഈ രേഖ. ഇസ്രയേൽ പ്രതിരോധമന്ത്രി, മോഷേ യാലോൺ സ്ഥിരീകരിച്ചത്, യുഎസ് പിന്തുണയുള്ള സിറിയൻ റിബലുകൾക്ക് ഇസ്രയേൽ സഹായം നൽകിയിരുന്നു എന്നാണ്. മാധ്യമങ്ങളിൽ ഉദ്ധരിക്കപ്പെട്ട മറ്റൊരു ഉറവിടം പ്രകാരം, യൂറോപ്പ്യൻ വൻശക്തികളായ ജർമനി പോലും അവരുടെ ആയുധക്കച്ചവടത്തിന്റെ ഉപഭോക്താക്കളായ ചില അറബ് രാജ്യങ്ങൾ വഴിയും മറ്റ് ഇടനിലക്കാർ വഴിയും ഐസിസിന് ആയുധങ്ങൾ വിറ്റിരുന്നു എന്നാണ്. അങ്ങനെയല്ലാതെ വരികയുമില്ല. ഐസിസിന് സ്വന്തമായി ആയുധനിർമ്മാണശാലകളോ സ്ഥിരം പ്രദേശമോ പോലുമില്ല. സാമ്രാജ്യത്വ ആയുധവ്യാപാരികൾ നൽകാതെ ഇത്രയും നൂതനമായ ആയുധങ്ങൾ എങ്ങനെ അവരുടെ കൈവശമെത്തും? കൈയടക്കിയ എണ്ണപ്പാടങ്ങളിലെ എണ്ണ വിറ്റുള്ള പണം കൊണ്ടാണ് അവർ ആയുധങ്ങൾ വാങ്ങുന്നതും. ഒരു കാര്യം ഉറപ്പിക്കാം. അങ്ങേയറ്റം പൈശാചികമായ, അപരിഷ്കൃതവും പിന്തിരിപ്പനുമായ, മനുഷ്യത്വഹീനമായ കാഴ്ചപ്പാടുള്ള, ക്രോധം നിറഞ്ഞ, ദുർവൃത്തമാം സ്ത്രീവിരോധം കാട്ടുന്ന, സ്ത്രീകളോട് അങ്ങേയറ്റം ക്രൂരമായ, തീവ്രവിഷമുള്ള വിഭാഗീയതയോടു കൂടിയ, നിരപരാധികളേപ്പോലും വെറുതേ വിടാത്ത കൊലപാതകത്വരയുള്ള ഐസിസും മറ്റ് തീവ്രവാദശക്തികളുമെല്ലാം സാമ്രാജ്യത്വശക്തികളുടെ, പ്രത്യേകിച്ച് അവരുടെ തലവനായ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ സൃഷ്ടികളാണ്. ഭീകരതക്കും, ഐസിസിന്റെയും മറ്റ് തീവ്രവാദശക്തികളുടേയും ക്രൂരതകൾക്കുമെതിരേ വീറോടെ പൊരുതുന്നുവെന്ന് നടിക്കുന്ന യുഎസിനും കൂട്ടാളികൾക്കും വാസ്തവത്തിൽ അവരെ നിലനിർത്തി പരിപോഷിപ്പിക്കുവാനാണ് താത്പര്യം. അതു വഴിയേ സാധാരണക്കാരായ അധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽ മതത്തിന്റെയും വംശത്തിന്റെയും പ്രദേശത്തിന്റെയും ഒക്കെ പേരിലുള്ള വിഭാഗീയത എന്നെന്നേക്കും നിലനിർത്തി, തങ്ങളുടെ ഹീനപദ്ധതികൾക്കെതിരേ, അടിച്ചമർത്തപ്പെട്ട ദശലക്ഷങ്ങളുടെ ഒരു യഥാർത്ഥ ഉയിർത്തെണീപ്പിനുള്ള സാധ്യതകൾ ഇല്ലാതാക്കാൻ പറ്റൂ.

**പശ്ചിമേഷ്യയിൽ നിന്നുള്ള ജനത്തിന്റെ കൂട്ടപ്പലായനത്തിനു കാരണക്കാർ യുഎസ് സാമ്രാജ്യത്വവാദികളാണ്**

ലോകത്തെമ്പാടുമുള്ള സമാധാനകാംക്ഷികളും ജനാധിപത്യവിശ്വാസികളുമായ ജനങ്ങൾക്കറിയാം, യുഎസും യുകെയും പോലുള്ള സാമ്രാജ്യത്വ വൻശക്തികൾ വംശീയവും വർഗ്ഗീയവുമായ ഭിന്നതകൾ ആദ്യം ഒരു രാജ്യത്തുണ്ടാക്കുകയും, തുടർന്ന് സാമ്രാജ്യത്വ ഇടപെടലിനുള്ള കളമൊരുക്കുവാനുള്ള മുറവിളി കൂട്ടുകയും ചെയ്യും. റൊമേനിയയിൽ നമ്മളതു കണ്ടിരുന്നു, പഴയ യുഗോസ്ലാവ്യയിൽ, സെർബുകളുടേയും ബോസ്നിയൻ, ക്രൊയേഷ്യൻ വംശജരുടേയുമിടയിൽ വംശീയകലാപം ഇളക്കിവിട്ടപ്പോൾ, കംബോഡിയയിൽ, റുവാണ്ട, സൊമാലിയ അങ്ങനെ പല രാജ്യങ്ങളിലും നമ്മളത് കണ്ടു. ഇപ്പോൾ അറിയുന്നത്, 'തിന്മയുടെ അസദ് ഭരണത്തിനെതിരെ', സിറിയയിൽ പുതുതായി ബോംബാക്രമണം നടത്തി, അഭയാർത്ഥിപ്രവാഹത്തെ അതിന്റെ 'ഉത്ഭവസ്ഥാനത്തു' തന്നെ കൈകാര്യം ചെയ്യാനുള്ള ഒരു പുതിയ നിർദേശം യുകെ പാർലമെന്റ് പരിഗണിക്കുന്നുവെന്നാണ്. മനുഷ്യത്വരഹിതവും ഭ്രാന്തവുമായ ഐസിസ് ജനത്തെ പലായനം ചെയ്യാൻ നിർബന്ധിതരാക്കുന്നു എന്നത് വാസ്തവമാണ്. പക്ഷേ ഐസിസ് എന്നത് യുഎസ് സാമ്രാജ്യത്വത്തിന്റെ സൃഷ്ടി മാത്രമാണ്. ഇപ്പോൾ പുറത്തുവന്ന അമേരിക്കൻ രഹസ്യാന്വേഷണ രേഖകൾ അടിവരയിടുന്നതു പോലെ, സാമ്രാജ്യത്വ വൻശക്തികളായ യുഎസും യുകെയും ഫ്രാൻസും അവരുടെ പ്രാദേശിക സഖ്യകക്ഷികളും കലാപശക്തികൾക്ക് സമ്പത്തും ആയുധങ്ങളും പരിശീലനവും നിരന്തരമായി നൽകിയിരുന്നു. അതുകൊണ്ട്, സാമ്രാജ്യത്വം, വിശേഷിച്ച് യുഎസ് പ്രായോജകരായ യുദ്ധങ്ങൾ, പട്ടിണിക്കിടുന്ന ഉപരോധങ്ങൾ, ആസൂത്രണം ചെയ്ത ശിഥിലമാക്കൽ, ഒപ്പം ഉയരുന്ന ദാരിദ്ര്യവും ദുരിതവും, ഇതെല്ലാമാണ് ആയിരക്കണക്കിന് യുദ്ധ അഭയാർത്ഥികൾ യൂറോപ്പ്യൻ അതിർത്തികളും, മെഡിറ്ററേനിയൻ കടലും കടന്ന് ഒഴുകാനുള്ള കാരണങ്ങൾ . ജനങ്ങൾ ഇന്ന് ഭയന്നോടുന്ന ഓരോ അറബ് രാജ്യത്തും നടന്ന അന്യായമായ സൈനിക ഇടപെടലുകളിൽ യുഎസ് സാമ്രാജ്യത്വവുമായി സഹകരിച്ചവരാണ് പ്രധാന യൂറോപ്പ്യൻ നാറ്റോ ശക്തികളെല്ലാം. ഒരു ലേഖകൻ ശരിയായി നിരീക്ഷിച്ചതു പോലെ, "അതെ ഐസിസ് ക്രൂരരാണ്, യുഎസ് കൂടുതൽ ക്രൂരരും." ഒരു ഫ്രഞ്ച് നടനും മുൻ ഫുട്ബോൾ താരവുമായിരുന്നയാൾ പറഞ്ഞത്, പശ്ചാത്യ വൻശക്തികൾ ദേശത്തും വിദേശത്തും ഇളക്കിവിട്ടുകൊണ്ടിരിക്കുന്ന പരദേശവിദ്വേഷത്തോട് അദ്ദേഹത്തിന് വെറുപ്പു തോന്നുന്നുവെന്നാണ്. ആഗോള അഭയാർത്ഥി പ്രശ്നത്തിന്റെ കാരണക്കാരായി അദ്ദേഹം കുറ്റപ്പെടുത്തുന്നതും അവരേയാണ്. "ഞങ്ങൾ നിങ്ങളുടെ ആനുകൂല്യങ്ങൾക്കു പിന്നാലെ പായുകയല്ല, നിങ്ങളുടെ ബോംബുകളിൽ നിന്നും പായുകയാണ് "- യുഎസ് അടിച്ചേൽപ്പിച്ച ആഭ്യന്തരയുദ്ധം മൂലം തങ്ങളുടെ മാതൃരാജ്യം വിട്ടുപോകാൻ നിർബന്ധിതനായതിനെ സൂചിപ്പിച്ച് ഒരു അഭയാർത്ഥിയുടെ വാക്കുകളാണിത്. അഭയാർത്ഥികളെ സ്വീകരിക്കുന്നതിൽ ഈ യൂറോപ്പ്യൻ രാജ്യങ്ങൾ എന്തൊക്കെ 'ഉദാര'മുഖം കാണിച്ചാലും, വസ്തുതയെന്തെന്നാൽ, ഭവനരഹിതരായി വേരറുക്കപ്പെട്ട ഈ ജനങ്ങളൊക്കെയും ഇവരുടെ ലാഭം ഉയർത്തുന്ന കളികളിലെ അൽപ്പമൂല്യമുള്ള അദ്ധ്വാനശക്തിയായി മാറും. സെർബിയൻ അതിർത്തിയോടു ചേർന്നുള്ള ഹംഗറിയുടെ ക്യാംപിൽ അഭയാർത്ഥികളെ 'മൃഗങ്ങളെപ്പോലെ' കൈകാര്യം ചെയ്യുന്നതിന്റെയും ഭക്ഷണപ്പൊതികൾ വലിച്ചെറിഞ്ഞു കൊടുക്കുന്നതിന്റെയും ദൃശ്യങ്ങൾ പുറത്തുവന്നിരിക്കുന്നു. രബീന്ദ്രനാഥ് ടാഗോറിന്റെ പ്രശസ്തമായ 'ആഫ്രിക്ക' എന്ന കവിതയിലെ അനശ്വരമായ വരികളാണ് ഈ ദൃശ്യങ്ങൾ കാണുന്ന ഒരാൾക്ക് ഓർമ്മ വരിക.

അതുകൊണ്ട്, അഭയാർത്ഥികൾക്ക് അടിയന്തിരവും യുക്തവുമായ പുനരധിവാസം ആവശ്യപ്പെടുന്നതിനോടൊപ്പം, സമാധാനകാംക്ഷികളും, ജനാധിപത്യമനസ്കരുമായ എല്ലാവരോടും, അവരുടെ അവസ്ഥയോടും വിഷയത്തോടും താദാത്മ്യപ്പെടുവാനും, മനുഷ്യത്വമുള്ള ഏതൊരാളിൽ നിന്നും ഈ അവസരത്തിൽ പ്രതീക്ഷിക്കാവുന്ന എല്ലാ സഹായവും അവർക്കു നൽകുവാനും അഭ്യർത്ഥിക്കുന്നു. ഒപ്പം ഞങ്ങൾ ആവർത്തിക്കട്ടെ, ലോകമൊട്ടാകെ സാമ്രാജ്യത്വത്തിനെതിരെ, പ്രത്യേകിച്ച് യുഎസ് സാമ്രാജ്യത്വത്തിനെതിരേ സുസംഘടിതവും തീക്ഷ്ണവുമായ സമാധാന മുന്നേറ്റം, ശരിയായ വിപ്ലവ നേതൃത്വത്തിനു കീഴിൽ ഉയർന്നു വരികയും, അത് രാജ്യങ്ങൾക്കതീതമായി പടരുകയും ചെയ്തെങ്കിൽ മാത്രമേ ഈ മരണ ഘോഷയാത്ര അവസാനിക്കുകയുള്ളൂ. ■

## ജനകീയ കൂട്ടായ്മ




**മൂന്നാർ സമരം ജനാധിപത്യകേരളത്തിന് നൽകുന്ന സന്ദേശമെന്ത് എന്നവിഷയത്തിൽ ജനകീയപ്രതിരോധ സമിതി മുളന്തുരുത്തിയിൽ സംഘടിപ്പിച്ച ജനകീയ കൂട്ടായ്മയിൽ ഇടുക്കി ജില്ലാ സെക്രട്ടറി എൻ. വിനോദ്കുമാർ പ്രസംഗിക്കുന്നു. കെ.കെ.ഗോപിനായർ, കെ.എസ്. ഹരികുമാർ, സെനിത്കുമാർ, പി.എം.ദിനേശൻ, സ്ലീബാദാസ് പി.സ്റ്റീഫൻ, സത്കലാ വിജയൻ എം.കെ.ഉഷ, സി.കെ.രാജേന്ദ്രൻ, തുടങ്ങിയവർ പങ്കെടുത്തു.** ■

## അഭയാർത്ഥിപ്രശ്നം: സാമ്രാജ്യത്വവിരുദ്ധ ജനകീയ സംഗമം




**അഭയാർത്ഥിപ്രശ്നം: ജനകീയ പ്രതിരോധ സമിതിയുടെയും ആൾ ഇന്ത്യാ ആന്റി ഇംപീരിയലിസ്റ്റ് ഫോറത്തിന്റെയും ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന സാമ്രാജ്യത്വവിരുദ്ധ ജനകീയ സംഗമം കേരള സംസ്ഥാന ജനകീയപ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു. ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് ദേശാഭിമാനി ഗോപിയുടെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ ആൾ ഇന്ത്യാ ആന്റി ഇംപീരിയലിസ്റ്റ് ഫോറം സംസ്ഥാന ചാപ്റ്റർ സെക്രട്ടറി ജി.എസ്.പത്മകുമാർ, പ്രൊഫ.സി.ഹരിദാസൻ, പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ, സി.ദിവാകരൻ എംഎൽഎ, കെ.സുരേന്ദ്രകുമാർ, എം.ഷാജർഖാൻ, ആർ.ബിജു, ജി.ആർ.സുഭാഷ് തുടങ്ങിയവർ പ്രസംഗിച്ചു.** ■

# ഡോ.കൽബുർഗിയുടെ കൊലപാതകം: നാടെമ്പാടും ഫാസിസ്റ്റ് വിരുദ്ധ ജനകീയ സംഗമങ്ങൾ



തലശ്ശേരിയിലെ സാംസ്ക്കാരിക കൂട്ടായ്മയിൽ ജി.എസ്.പത്മകുമാർ പ്രസംഗിക്കുന്നു




ചങ്ങനാശ്ശേരിയിൽ നടന്ന ജനാധിപത്യസംഗമം കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു.

**വർഗ്ഗീയവിരുദ്ധ സാംസ്ക്കാരിക കൂട്ടായ്മയും സംഘചിത്രരചനയും- തലശ്ശേരിയിൽ**

പ്രമുഖ കന്നഡ സാഹിത്യകാരനും അന്ധവിശ്വാസവിരുദ്ധ പ്രചാരകനും അധ്യാപകനുമായ ഡോ.എം.എം.കൽബുർഗിയുടെ കൊലപാതകത്തിൽ പ്രതിഷേധിച്ചു കൊണ്ട് ബാനർ സാംസ്ക്കാരിക സമിതി തലശ്ശേരി മേഖലാകമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2 ന് തലശ്ശേരി ബാസൽ ഇവാഞ്ജലിക്കൽ മിഷൻ സ്കൂളിൽ വച്ച് സാംസ്ക്കാരിക കൂട്ടായ്മയും സംഘ ചിത്രരചനയും സംഘടിപ്പിച്ചു.

ബാനർ സാംസ്ക്കാരിക സമിതി സംസ്ഥാന കൺവീനർ ജി.എസ്. പത്മകുമാർ 'ഡോ.എം.എം. കൽബുർഗിയുടെ കൊലപാതകവും വളരുന്ന ഫാസിസ്റ്റ് വിപത്തും' എന്ന വിഷയം അവതരിപ്പിച്ച് സംസാരിച്ചു. ഇന്ത്യയിൽ വളർന്നു വന്ന സ്വാതന്ത്ര്യസമര പ്രസ്ഥാനവും നവോത്ഥാനവും പ്രധാനമായും ചരിത്രപരമായ കാരണങ്ങളാൽ ജീർണ്ണിച്ച മുതലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലായിരുന്നതു കൊണ്ടാണ് ഇന്ത്യയിൽ ഇന്നും




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ പ്രകടനം

സാമൂഹ്യ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിൽക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. സഖാവ് ശിബ്ദാസ് ഘോഷ് ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തെക്കുറിച്ചും, നവോത്ഥാനത്തെക്കുറിച്ചും, ഫാസിസത്തെക്കുറിച്ചും നടത്തിയിട്ടുള്ള വിശകലനങ്ങൾ ഇന്നത്തെ അന്ധകാരമയമായ സാഹചര്യത്തെ മറിക്കടക്കാനാഗ്രഹിക്കുന്നവരുടെ മുന്നിൽ ഒരു വെള്ളിവെളിച്ചമാണെന്നും അദ്ദേഹം തന്റെ പ്രഭാഷണത്തിൽ പറഞ്ഞു.

പ്രശസ്ത സാഹിത്യകാരൻ എൻ.പ്രഭാകരൻ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചുഹിന്ദു തീവ്രവാദം അത്യന്തം ഭീഷണമായ ഒരു സാഹചര്യമാണ് നമ്മുടെ രാജ്യത്ത് സൃഷ്ടിക്കുന്നത്. ഫാസിസത്തിനെതിരെ വിശാലമായ ഐക്യനിര ഉയർന്നുവരേണ്ടതായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ബാനർ സാംസ്ക്കാരിക സമിതി ജില്ലാ കോർഡിനേറ്റർ കെ.കെ.സുരേന്ദ്രൻ, ബ്രേക്ത്രൂ സയൻസ് സൊസൈറ്റി ജില്ലാ പ്രസിഡണ്ട് പ്രൊഫ.കെ.പി.സജി, പി.പി.മോഹനൻ, രമ്യൻ ഏച്ചൂർ, ഷമേഷ്, ബി.ഭരതൻ എന്നിവരും ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

സംഘചിത്രരചനയിൽ നിരവധി കലാകാരന്മാർ പങ്കെടുത്തു. നാടൻ കലാ അക്കാദമി വൈസ് ചെയർമാൻ സുരേഷ് കൂത്തുപറമ്പ് ചിത്രരചന ഉദ്ഘാടനം ചെയ്തു. അനിരുദ്ധൻ എട്ടുവീട്ടിൽ, പ്രശാന്ത് ഒളവിലം, വി.ടി.കെ. അശോകൻ, കെ.സുരേഷ് ബാബു, നിഷ ഭാസ്ക്കരൻ, വിനിജ ആനന്ദ്, ജിഷ്ണ ലിനേഷ്, ജോർജ്ജ് ജോസഫ് കാലായി, അഞ്ജന രാജ് എന്നിവർ പങ്കെടുത്തു. പോൾ.ടി.സാമുവൽ അദ്ധ്യക്ഷത വഹിച്ചു. ബാനർ സാംസ്കാരിക സമിതി മേഖല കൺവീനർ യു.കെ.അഭിലാഷ് സ്വാഗതം പറഞ്ഞു.

**എഐഡിവൈഒ പ്രതിഷേധിച്ചു**

ഡോ.എം.എം.കൽബുർഗിയുടെ കൊലപാതകത്തിൽ ഓൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ കണ്ണൂർ ജില്ലാ കമ്മിറ്റി പ്രതിഷേധിച്ചു. കണ്ണൂർ മുൻസിപ്പൽ ബസ്സ്റ്റാന്റിൽ നടന്ന പ്രതിഷേധ യോഗത്തിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി.

യോഗത്തിൽ എഐഡിവൈഒ കണ്ണൂർ ജില്ലാ സെക്രട്ടറി അനൂപ് ഏരിമറ്റം അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റി അംഗങ്ങളായ അഡ്വ. പി.സി.വിവേക്, അഡ്വ. ഇ.സനൂപ് എന്നിവരും പ്രസംഗിച്ചു.

**പ്രതിഷേധ കൂട്ടായ്മ**

പ്രൊഫ.എം.എം.കൽബുർഗിയുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ കരുനാഗപ്പള്ളിയിൽ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. ഡി.മുരളീധരന്റെ അദ്ധ്യക്ഷതയിൽ കരുനാഗപ്പള്ളി കെഎസ്ആർടിസി ജംഗ്ഷനിൽ ചേർന്ന കൂട്ടായ്മ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന (എഐഎംഎസ്എസ്) സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു.

മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡന്റ് പി.ബി.രാജൻപിള്ള, ടി.എൻ.തൊടിയൂർ, ജി.സന്തോഷ്കുമാർ (കേരളയുക്തിവാദിസംഘം), കെ.സി.ശ്രീകുമാർ, കുൽസംബീവി, സൈജു തുടങ്ങിയവർ പ്രസംഗിച്ചു. പ്രതിഷേധ കൂട്ടായ്മയിൽ ബി.വിനോദ് സ്വാഗതവും ടിങ്കിൾ പ്രഭാകരൻ നന്ദിയും പറഞ്ഞു.

**ജനാധിപത്യ സംഗമം**

പ്രൊഫ.എം.എം.കൽബുർഗിയെ നിഷ്ഠൂരമായി കൊലപ്പെടുത്തിയതിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ബാനർ സാംസ്കാരിക സമിതിയുടെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരിയിൽ ജനാധിപത്യ സംഗമം നടന്നു. പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. ബാനർ സാംസ്കാരിക സമിതി മേഖലാ ഇൻചാർജ് കെ.സദാനന്ദൻ സംഗമത്തിന് അദ്ധ്യക്ഷത വഹിച്ചു, എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി. മിനി കെ.ഫിലിപ്പ്. മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡന്റ് പി.കെ.കൃഷ്ണൻ, മദ്യവിരുദ്ധ ജനകീയ സമരസമിതി താലൂക്ക് പ്രസിഡന്റ് എ.ജി.രാധാകൃഷ്ണൻ, ഋഷികുമാർ എം.ടി., കെ.എസ്.ശശികല എന്നിവർ സംസാരിച്ചു. ടി.ജെ.ജോണിക്കുട്ടി സ്വാഗതവും അരവിന്ദ് വി. കൃതജ്ഞതയും രേഖപ്പെടുത്തി.

**പ്രതിഷേധ കൂട്ടായ്മ**

പ്രൊഫ.എം.എം.കൽബുർഗിയുടെ വധത്തിനെതിരെ സാമൂഹ്യ-സാംസ്കാരിക പ്രവർത്തകരുടെ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. സെപ്തംബർ 22ന് വൈകിട്ട് 4 മണിക്ക് കായംകുളം ഗവ:ആശുപത്രിക്ക് മുൻവശം നടന്ന സംഗമം ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടൻ ഉദ്ഘാടനം ചെയ്തു. കായംകുളം മുനിസിപ്പൽ ചെയർമാൻ കെ.നാരായണൻ അധ്യക്ഷത വഹിച്ചു. എം.ഒ.പുഷ്പാംഗദൻ, ബി.ദിലീപൻ, ആർ. പാർത്ഥസാരഥി വർമ, അഡ്വ.ഒ.ഹാരിസ്, എ.ജെ.ഷാജഹാൻ, അഡ്വ.ബി.കെ.രാജഗോപാൽ, യശോദരടീച്ചർ(എസിപിഐയു),




കായംകുളത്ത് പ്രതിഷേധ കൂട്ടായ്മ ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടൻ ഉദ്ഘാടനം ചെയ്യുന്നു.

അഡ്വ.ഇ.എൻ ശാന്തിരാജ് എന്നിവർ പ്രസംഗിച്ചു. ജനകീയ പ്രതിരോധ സമിതി കായംകുളം മേഖലാ പ്രസിഡന്റ് എൻ.ഉദയകുമാർ സ്വാഗതവും സെക്രട്ടറി എൻ.ആർ.അജയകുമാർ നന്ദിയും പറഞ്ഞു.

**തൃശ്ശൂർ** ടൗണിൽ സെപ്തംബർ 4ന് വൈശാഖൻ, ബാലചന്ദ്രൻ വടക്കേടത്ത്, കാവുമ്പായി ബാലകൃഷ്ണൻ, എൻ.ആർ.ഗ്രാമപ്രകാശ് തുടങ്ങി നിരവധി പ്രമുഖർ പങ്കെടുത്ത ഫാസിസ്റ്റ് വിരുദ്ധ സംഗമത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രതിനിധിയായി സ.എം.പ്രദീപൻ പ്രസംഗിച്ചു.

**ചാവക്കാട്** ടൗണിൽ സെപ്തംബർ 7 ന് എഐഡിവൈഒ സംഘടിപ്പിച്ച പ്രതിഷേധ യോഗത്തിൽ സ.സി.വി.പ്രേംരാജ് അദ്ധ്യക്ഷനായി. എഐഡിവൈഒ സംസ്ഥാന കമ്മിറ്റിയംഗം എം.പ്രദീപൻ, സി.ആർ.ഉണ്ണികൃഷ്ണൻ, എ.എം.സുരേഷ് എന്നിവർ പ്രസംഗിച്ചു.

**ഗുരുവായൂർ** ടൗണിൽ സെപ്തംബർ 8ന് മനുഷ്യാവകാശ വേദിയും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയും ചേർന്ന് പ്രതിഷേധ പ്രകടനവും യോഗവും സംഘടിപ്പിച്ചു. നൗഷാദ് തെക്കുംപുറം അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത സിനിമാ സംവിധായകൻ പി.റ്റി.കുഞ്ഞുമുഹമ്മദ് ഉദ്ഘാടനം ചെയ്തു. ചിത്രകാരൻ ഗായത്രി, മണികണ്ഠൻ, അജിത്ത്, ഹുസൈൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ഡോ.പി.എസ്.ബാബു, എം.പ്രദീപൻ, സി.ആർ.ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

**കൊടുങ്ങല്ലൂർ** ചാപ്പാറ ജംഗ്ഷനിൽ സെപ്തംബർ 10 ന് എഐഡിവൈഒയുടെ നേതൃത്വത്തിൽ പ്രതിഷേധകൂട്ടായ്മ സംഘടിപ്പിച്ചു. എഐഡിവൈഒ ജില്ലാ കൺവീനർ സ.എ.വി. ബെന്നി അദ്ധ്യക്ഷത വഹിച്ചു. കവി സെബാസ്റ്റ്യൻ, ബക്കർ മേത്തല, രാജേഷ് നാരായണൻ, സഖാവ് പി.എസ്. ബാബു, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സുജ ആന്റണി, എ.എം സുരേഷ്, ആഷിക്, അശോകൻ തൃപ്രയാർ, മഹിപാൽ എന്നിവർ പ്രസംഗിച്ചു. സുധർമ്മ നാണപ്പൻ കൽബുർഗിയെ കുറിച്ചുള്ള കവിത ആലപിച്ചു. ഏങ്ങണ്ടിയൂർ കാർത്തികേയൻ പാട്ടുപാടികൊണ്ട് പ്രൊഫ.കൽബുർഗിയുടെ ഛായാചിത്രം വരച്ചു. സംസ്കാരിക പ്രവർത്തകർ ചേർന്ന് പ്രതിഷേധ തീപന്തം ഉയർത്തി ഫാസിസ്റ്റ് വിരുദ്ധ പ്രതിജ്ഞയെടുത്തു.

**ചാലക്കുടി** ടൗണിൽ സെപ്തം: 12 ന് എഐഡിവൈഒ യുടെയും ചാലക്കുടി കൾച്ചറൽ കളക്ടീവിന്റെയും നേതൃത്വത്തിൽ

(ശേഷം 16-ാം പേജിൽ)




തൃശൂർ മുളങ്കുന്നത്തുകാവിൽ നടന്ന സംഗമത്തിൽ ജനകീയപ്രതിരോധ സമിതി നേതാവ് പ്രൊഫ.കെ.ബി.ഉണ്ണിത്താൻ പ്രസംഗിക്കുന്നു

## സ്റ്റാലിനെ അപകീർത്തിപ്പെടുത്താനായി ബൂർഷ്വാ മാദ്ധ്യമങ്ങൾ അങ്ങേയറ്റം തരംതാഴുന്നു

**സ്റ്റാ**ലിനെതിരെ ബൂർഷ്വാ ലോകം നടത്തുന്ന വിഷലിപ്തമായ അപവാദപ്രചാരണങ്ങൾ അവഗണിച്ചുകൊണ്ട്, മാർക്സിസം-ലെനിനിസമെന്ന മഹനീയമായ പ്രത്യയശാസ്ത്രം അചഞ്ചലം പിന്തുടർന്ന് സോവിയറ്റ് സോഷ്യലിസം കെട്ടിപ്പടുക്കുകയും ഹിറ്റ്ലറുടെ ഫാസിസ്റ്റ് ശക്തികൾക്ക് കനത്ത പരാജയം സമ്മാനിച്ചുകൊണ്ട് മാനവരാശിയെ രക്ഷിക്കുകയും ചെയ്ത മഹാനായ മാർക്സിസ്റ്റ് ആചാര്യൻ എന്ന നിലയിൽ ലോകമെമ്പാടുമുള്ള അദ്ധ്വാനിച്ച് ജീവിക്കുന്ന ജനവിഭാഗങ്ങളിൽ സ്റ്റാലിനോടുള്ള ആദരവ് വർദ്ധിച്ചുവരുന്നതിൽ വിളറിപിടിച്ച ബൂർഷ്വാലോകം ലക്കും ലഗാനുമില്ലാതെ അപവാദ പ്രചാരണങ്ങളിൽ മുഴുകിയിരിക്കുകയാണ്.ഇന്ത്യൻ മുതലാളിവർഗ്ഗവും അവരോട് വിധേയത്വം പുലർത്തുന്ന മാദ്ധ്യമങ്ങളും ഇതിനോടൊപ്പം ചേർന്നിരിക്കുകയാണ്.

ചരിത്രത്തിലെ ഏറ്റവും സമ്പന്നരായ 10 ആളുകളുടെ പേരുകൾ, ഇന്ത്യയിലെ ഏറ്റവുമധികം പ്രചാരമുള്ള ഇംഗ്ലീഷ് പത്രങ്ങളിലൊന്നായ ടൈംസ് ഓഫ് ഇന്ത്യ, 2015 ആഗസ്റ്റ് 2 ലക്കത്തിൽ പ്രത്യേക പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നു. മൻസാ മൂസ, അഗസ്റ്റസ് സീസർ, ഷെൻസോങ് ചക്രവർത്തി, അക്ബർ, ചെങ്കിസ്ഖാൻ, അലൻ റൂഫസ്, ആന്‍ഡ്രൂ കാർനെഗി, ജോൺ ഡി റോക് ഫെല്ലൻ, ബിൽ ഗേറ്റ്സ് എന്നിവരായിരുന്നു അവരിൽ ഒമ്പതുപേർ. ഇവരെല്ലാം ചക്രവർത്തിമാരോ വെട്ടിപ്പിടുത്തക്കാരോ സൈനിക ശക്തികൊണ്ട് കൊള്ളയും കൊലയും നടത്തിയവരോ വ്യവസായ പ്രമുഖരോ തൊഴിലാളികളെ ചൂഷണം ചെയ്ത് വൻതോതിൽ സമ്പാദിച്ചവരോ സാമ്പത്തിക ഭീമൻമാരോ ഒക്കെയാണ്. എല്ലാവരും തന്നെ സ്വന്തം നേട്ടങ്ങൾക്കുവേണ്ടി നിലകൊണ്ടവരും സമ്പന്നരായവരും. ഇതോടൊപ്പം പത്താമതായി പരാമർശിച്ച പേര് സ്റ്റാലിന്റേതായിരുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ മഹാനായ ഈ നേതാവിനെ മനപൂർവ്വം അപകീർത്തിപ്പെടുത്താനാണ് കള്ളക്കണക്കുണ്ടാക്കി അദ്ദേഹത്തെ കൊള്ളക്കാരുടെയും ചൂഷകൻമാരുടെയും കുത്തകകളുടെയും ഒപ്പം അവതരിപ്പിച്ചത്. സ്റ്റാലിന്റെ വ്യക്തിപരമായ സ്വത്ത് കണക്കാക്കാൻ പത്രക്കാർ വലിയ അഭ്യാസമാണ് കാഴ്ചവച്ചത്. ടൈംസ് ഓഫ് ഇന്ത്യ പറയുന്നു: "ലോകത്തെ ഏറ്റവും വലിയ സമ്പദ്ഘടനകളിലൊന്ന് നിയന്ത്രിച്ചിരുന്നത് സ്റ്റാലിനാണ്. 1950ൽ ലോകത്തെ ആകെ സാമ്പത്തികോല്പാദനത്തിന്റെ 9.5 ശതമാനം യുഎസ്എസ്ആറിന്റേതായിരുന്നു. 2014-മായി താരതമ്യം ചെയ്താൽ ഉല്പാദന നിലവാരം 7.5 ട്രില്ല്യൻ ഡോളറിനു സമമായിരുന്നു". ഇതിനേക്കാൾ വലിയ അസംബന്ധമെന്തുണ്ട്? വിപ്ലവാനന്തരം മൂന്നു പതിറ്റാണ്ടുകൊണ്ട് സോവിയറ്റ് സോഷ്യലിസം കൈവരിച്ച കണ്ണഞ്ചിപ്പിക്കുന്ന സാമ്പത്തിക വളർച്ച എങ്ങനെയാണ് സ്റ്റാലിന്റെ സ്വകാര്യ സ്വത്താകുന്നത്. ഒരു രാജ്യത്തിന്റെ സമ്പത്ത് ഭരണാധികാരിയുടെ സ്വകാര്യ സ്വത്തായി ചിത്രീകരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാൻ പോലുമാകുമോ? അങ്ങനെയെങ്കിൽ അമേരിക്കയുടെ മൊത്തം ആഭ്യന്തരോല്പാദനമായ 16.7 ട്രില്ല്യൻ ഡോളർ ബരാക് ഒബാമയുടെ സ്വകാര്യ സ്വത്തായും ഇന്ത്യയുടെ ജിഡിപിയായ 2 ട്രില്ല്യൻ ഡോളർ മോദിയുടെ സ്വകാര്യ സമ്പാദ്യമായും ചിത്രീകരിക്കണമല്ലോ? മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ചൂഷണത്തിന്റെയടിസ്ഥാനത്തിലല്ലാതെയും ലാഭം ലക്ഷ്യമാക്കാതെയും പ്രവർത്തിക്കുന്ന സോഷ്യലിസ്റ്റ് സമ്പദ്ഘടന പിന്തുടർന്ന ഒരു സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ തലവനായിരുന്നു സ്റ്റാലിൻ എന്നതാണ് മറ്റുള്ളവരിൽനിന്ന് അദ്ദേഹത്തെ വേർതിരിച്ചു നിർത്തുന്നത്. രാഷ്ട്രത്തിന്റെ സ്വത്ത് ജനങ്ങൾക്ക് അവകാശപ്പെട്ടതായിരുന്നു. സ്റ്റാലിന്റെ സ്വകാര്യസമ്പാദ്യത്തെക്കുറിച്ച് അറിയാൻ, സ്റ്റാലിന്റെ സുരക്ഷാചുമതല വഹിച്ചിരുന്ന റിബിൻ പറഞ്ഞ കാര്യങ്ങൾ ചരിത്രത്തിൽനിന്ന് പരിശോധിക്കാവുന്നതാണ്. സ്റ്റാലിൻ മരിക്കുമ്പോൾ അവശേഷിച്ചത് കുറച്ചു തുണികളും ഷൂസും പുസ്തകങ്ങളും കുറച്ച് റൂബിളും മാത്രമാണ് എന്ന് റിബിൻ രേഖപ്പെടുത്തിയിട്ടുണ്ട്. മഹാനായ ഈ നേതാവിനെ എത്ര കരിതേച്ച് കാണിച്ചാലും, തന്റെ മഹത്തായ പ്രയത്നങ്ങളിലൂടെ ചരിത്രം തിരുത്തിക്കുറിച്ചയാൾ എന്ന് ഏറ്റവും മിതമായ വാക്കുകളിൽ വിശേഷിപ്പിക്കാവുന്ന അദ്ദേഹത്തിന്റെ സംഭാവനകളെ ഒരു തരത്തിലും വിലയിടിച്ചുകാണിക്കാനാകില്ല എന്ന് പറയേണ്ടതില്ലല്ലോ. ■

## സാമ്രാജ്യത്വ ഭീമന്മാർ ആയുധ നിർമ്മാണത്തിനായി കൂറ്റൻ തുകകൾ ചെലവഴിക്കുമ്പോൾ വർഷംതോറും 80 ലക്ഷം പേർ പട്ടിണികിടന്ന് മരിക്കുന്നു.

**വ**ർഷംതോറും 80 ലക്ഷംപേർ പട്ടിണിമൂലം മരണമടയുന്നു എന്നാണ് ഏകദേശ കണക്ക്. ലോകത്തുനിന്ന് പട്ടിണി തുടച്ചുനീക്കാൻ 30 ബില്യൻ ഡോളർ വേണം. എന്നാൽ, ഒരിക്കലും അടങ്ങാത്ത ലാഭാർത്തി ശമിപ്പിക്കാൻ സാമ്രാജ്യത്വ കഴുകന്മാർ പട്ടിണിയെയും കച്ചവടച്ചരക്കാക്കുന്നു. നിർദ്ദയമായ മുതലാളിത്ത ചൂഷണത്തിൽ ചതഞ്ഞരയുന്ന അനേകായിരങ്ങളുടെ അവസാന തുള്ളി രക്തവും അവർ ഊറ്റിയെടുക്കുന്നു. സമ്പദ്ഘടനയെ സൈനികവൽക്കരിക്കുന്നു. 737 ബില്യൻ ഡോളറാണ്, അതായത് ലോകത്തുനിന്ന് പട്ടിണി തുടച്ചുനീക്കാനാവശ്യമായ തുകയുടെ ഏതാണ്ട് 250 ഇരട്ടിയാണ് സാമ്രാജ്യത്വ തലവനായ അമേരിക്ക പട്ടാളാവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നത്. പടക്കപ്പലിൽ 'ജനാധിപത്യം' കയറ്റുമതി ചെയ്യുന്ന ആഗോള തസ്കരന്റെ യഥാർത്ഥ മുഖമിതാണ്. (അവലംബം - വേൾഡ് ഹംഗർ എജ്യൂക്കേഷൻ സർവ്വീസ് 2015) ■

## വായ്പ തിരിച്ചടയ്ക്കാത്ത കോർപ്പറേറ്റുകൾക്ക് സബ്സിഡി നൽകേണ്ടത് ജനങ്ങൾ

**കു**തിച്ചുയരുന്ന വിലക്കയറ്റം, പരോക്ഷ നികുതി വർദ്ധന, മറ്റ് സാമ്പത്തികാക്രമണങ്ങൾ എന്നിവയൊക്കെ മൂലം സാധാരണക്കാർ അനുദിനം പാപ്പരായിക്കൊണ്ടിരിക്കുകയാണെന്നതാണ് സത്യം. ഭക്ഷ്യം, രാസവളം, ഇന്ധനം എന്നിവയുടെയൊക്കെ സബ്സിഡികളും വിദ്യാഭ്യാസ-ആരോഗ്യ ബജറ്റുകളുമൊക്കെ ഗവൺമെന്റ് വെട്ടിച്ചുരുക്കുകയും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനെന്ന പേരിൽ കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും 7 ലക്ഷം കോടി രൂപയോളം വരുന്ന നികുതി ഇളവുകളും ആനുകൂല്യങ്ങളും നൽകുകയുമാണ് എന്നതും ഒരു വസ്തുതയാണ്. എന്നിട്ടും, ഈ സാമ്പത്തിക പ്രഭുക്കൾക്കുവേണ്ടി വീണ്ടും ആനുകൂല്യങ്ങൾ വേണ്ടെന്നുവയ്ക്കാൻ സാധാരണ ജനങ്ങൾ നിർബന്ധിതരായിക്കൊണ്ടിരിക്കുന്നു. പ്രത്യുൽപ്പാദനപരമായ നിക്ഷേപത്തിനെന്നു പറഞ്ഞ് ഈ വമ്പന്മാർ ബാങ്കുകളിൽ നിന്ന് വൻതുകകൾ വായ്പയെടുത്തിട്ടുണ്ട്. ഇതിൽ 3.09 ലക്ഷം കോടി രൂപയുടെ വായ്പ തിരിച്ചടച്ചിട്ടില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇത് ബാങ്കുകളുടെ കിട്ടാക്കടം എന്ന് കണക്കാക്കുന്നു. ഇതിൽ 2.67 ലക്ഷം കോടിരൂപ പൊതുമേഖലാ ബാങ്കുകളുടേതാണ്. കേന്ദ്ര ധനകാര്യമന്ത്രിതന്നെ ഇത് സമ്മതിച്ചിട്ടുണ്ട്. (കിട്ടാക്കടം 6 ലക്ഷം കോടി വരുമെന്നൊരു കണക്കും പുറത്തുവന്നിട്ടുണ്ട്. അതായത് മൊത്തം വായ്പയുടെ 10 ശതമാനം വരുമിത്- ബംഗാളി ദിനപത്രം- ആനന്ദ്ബസാർ പത്രിക, 08-11-2015). പണം തിരിച്ചടയ്ക്കാത്ത വമ്പന്മാർക്കെതിരെ നമ്മുടെ രാജ്യത്ത് ഒരു നടപടിയും കൈക്കൊള്ളാറില്ല. പലരും മനഃപൂർവ്വം തിരിച്ചടയ്ക്കാത്തവരാണ്. ഈ നഷ്ടം നികത്താൻ ഗവണ്മെന്റ് പൊതുഖജനാവിൽ നിന്ന് 1.8 ലക്ഷം കോടിരൂപ ഗ്രാന്റ് നൽകാൻ പോകുകയാണ്. മൂലധന നഷ്ടം നികത്താനെന്ന പേരിൽ ബാങ്കുകൾക്ക് ജനങ്ങളുടെ നികുതിപ്പണം കോരിച്ചൊരിയുന്നു. എന്തൊരു വിരോധാഭാസം! (അവലംബം- ബിസിനസ്സ് ടുഡേ, 21-08-2015). ■

## ദരിദ്രന് കഴുമരം, ധനികൻ രക്ഷപ്പെടുന്നു

**ന**മ്മുടെ നിയമവ്യവസ്ഥ ദരിദ്രനോടും സാധാരണക്കാരനോടും അനുഭാവം പ്രകടിപ്പിക്കാത്തതാണെന്ന കാര്യം ഏവർക്കുമറിയാം. സ്വാഭാവികമായും അവർക്ക് ധനികരേക്കാൽ കടുത്ത ശിക്ഷയാകും കിട്ടുക. തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട 373 തടവുകാരിൽ 15 വർഷക്കാലം നടത്തിയ അഭിമുഖങ്ങളുടെയും മറ്റും വിവരങ്ങൾ വിശകലനം ചെയ്ത് തയ്യാറാക്കിയ പഠനം പറയുന്നത് മരണശിക്ഷ ലഭിക്കുന്നതിൽ മുക്കാൽപങ്കും പിന്നാക്ക സമുദായങ്ങളിലും മതന്യൂനപക്ഷങ്ങളിലുംപെട്ടവരും ദരിദ്രരും ആണെന്നത്രെ. സമർത്ഥനായ ഒരു വക്കീലിനെവച്ച് കേസ് വാദിക്കാൻ കഴിവില്ലാത്തതുകൊണ്ടാണ് പലപ്പോഴും ഇങ്ങനെ സംഭവിക്കുന്നത്. പ്രശാന്ത്ഭൂഷൻ പറയുന്നു. "തീർച്ചയായും ഇക്കാര്യത്തിൽ വർഗപരമായ ഒരു പക്ഷാപാതമുണ്ട്. അല്ലെങ്കിൽ ഒരു വക്കീലിനെ ഏർപ്പെടുത്തി ജാമ്യമെടുക്കാൻ കഴിയാത്തതുകൊണ്ട് ഇത്രയേറെപ്പേർ ജയിലിൽ കിടന്ന് നരകിക്കുന്നത് എന്തുകൊണ്ട്?" ഒരു ശതമാനത്തിനുമാത്രമേ സമർത്ഥനായ ഒരു വക്കീലിനെ ഏർപ്പെടുത്താൻ കഴിയൂ എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ് വർക്കിന്റെ സ്ഥാപകനും മുതിർന്ന അഭിഭാഷകനുമായ കോളിൻ ഗോൺസാൽവസ്സും ഇതേ അഭിപ്രായക്കാരനാണ് "കൊലക്കയർ വിധിക്കപ്പെടുന്നവരിൽ 75 ശതമാനവും ദരിദ്രരാണ് എന്ന കണ്ടെത്തൽ തീർത്തും ശരിയാണ് എന്നാണെനിക്ക് തോന്നുന്നത്. പണക്കാർ മിക്കവാറും രക്ഷപ്പെട്ടുപോകുമ്പോൾ ദരിദ്രന്റെ മേൽക്കുറ്റം സ്ഥാപിക്കപ്പെടുന്നു." സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് നിയമോപദേശവും സഹായവുമൊക്കെ ലഭിക്കുന്നത് വിചാരണസമയമാകുമ്പോഴാണ്. അപ്പോഴേക്കും വളരെ വൈകിപ്പോയിരിക്കും. (ടൈംസ് ഓഫ് ഇന്ത്യ, 21-07-2015) ■

## സബ്സിഡി പുരാണം

**ജ**നങ്ങൾക്കുള്ള സബ്സിഡി വെട്ടിക്കുറയ്ക്കണമെന്ന് വാദിക്കുന്നത് ബൂർഷ്വ സാമ്പത്തിക വിദഗ്ധന്മാരുടെയും എഴുത്തുകാരുടെയും മന്ത്രിമാരുടെയും പണ്ഡിതന്മാരുടെയുമൊക്കെ ഒരു ശീലമായി മാറിയിരിക്കുന്നു. സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത കുറച്ച് 'വളർച്ച'യും 'വികസന'വുംമൊക്കെ ഉറപ്പാക്കുന്ന പരിഷ്ക്കരണ നടപടികളെ ത്വരിതപ്പെടുത്താൻ ഇത് അനിവാര്യമാണെന്നാണ് അവരുടെ പക്ഷം.'അനാവശ്യ'ചെലവുകൾ ഒഴിവാക്കണം. എന്നാൽ ഈ വാദഗതി അസ്ഥാനത്താണെന്ന് കണക്കുകൾ പറയുന്നു.

| വർഷം | ജനങ്ങൾക്കുള്ള സബ്സിഡി | കുത്തകകൾക്കുള്ള ഇളവ് |
|---|---|---|
| 2009-10 | 1,05,579 കോടി രൂപ | 4,82,432 കോടി രൂപ |
| 2010-11 | 1,08,667 " " | 4,59,705 " " |
| 2011-12 | 1,34,211 " " | 5,33,583 " " |
| 2012-13 | 1,79,554 " " | 5,66,235 " " |
| 2013-14 | 2,20,972 " " | 5,72,923 " " |
| 2014-15 | 2,51,397 " " | 5,90,000 " " |

ഭക്ഷ്യം, ഇന്ധനം, രാസവളം തുടങ്ങി ജനങ്ങൾക്ക് നൽകുന്ന സബ്സിഡിയേക്കാൾ 5 ഇരട്ടിയാണ് കുത്തകകൾക്ക് നൽകുന്നത് എന്ന് ഇത് വ്യക്തമാക്കുന്നു. പരിഷ്ക്കരണ നടപടികൾ ദരിദ്രനോട് ശവത്തിൽകുത്തുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്നർത്ഥം. ■

## ക്രൂഡ് ഓയിൽ വിലകുത്തനെ ഇടിയുമ്പോഴും എണ്ണ വില കുതിച്ചുയരുന്നു.

**അ**ന്താരാഷ്ട്ര കമ്പോളത്തിൽ ക്രൂഡോയിൽ വില ഉയരുന്നു എന്നുപറഞ്ഞ് ഇന്ത്യയിൽ ഇന്ധനവില വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ ഒരു സ്വഭാവമായിരിക്കുന്നു. എണ്ണ കമ്പനികൾക്കുണ്ടാകുന്ന നഷ്ടം നികത്താനാണ് റീട്ടെയിൽ വില വർദ്ധിപ്പിക്കുന്നത് എന്നാണ് ന്യായം. ഓയിൽ ബിൽ അടയ്ക്കാൻ സർക്കാരിന് വൻതുക ചെലവാകുന്നു എന്നും പറയുന്നു. ഇതെല്ലാം കപടന്യായങ്ങളാണ് എന്ന് നമ്മൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ജനങ്ങളെ കബളിപ്പിക്കുന്നു എന്നതിന് കൃത്യമായ തെളിവുകളുണ്ട്. ക്രൂഡോയിൽ വില ബാരലിന് 147 ഡോളർ ആയിരുന്നപ്പോൾ ലിറ്ററിന് ഏതാണ്ട് 75 രൂപയായിരുന്നു. ഇപ്പോഴത് ബാരലിന് 42 ഡോളറായി കുറഞ്ഞിരിക്കുന്നു. എന്നിട്ടും പെട്രോൾ വില ഏതാണ്ട് 68 രൂപയാണ്. അതായത് ക്രൂഡോയിൽ വിലയിൽ 367 ശതമാനം കുറവുണ്ടായപ്പോൾ പെട്രോൾ വിലയിൽ വെറും 10 ശതമാനം മാത്രമാണ് കുറവുവന്നത്. അതായത് നേട്ടം മുഴുവൻ എണ്ണ കമ്പനികളെ തൃപ്തിപ്പെടുത്താൻ വേണ്ടി ഗവൺമെന്റ് തട്ടിയെടുത്തു എന്നർത്ഥം. ജനങ്ങൾക്ക് ക്രൂഡോയിൽ വിലയിടിവിന്റെ യാതൊരു നേട്ടവും ലഭിക്കുന്നില്ല. ദീർഘകാല വിലയിടിവിന്റെ പശ്ചാത്തലത്തിൽ 2015-16 ജൂലൈ വരെ ഇന്ത്യയ്ക്ക് 1.5 ലക്ഷം കോടി രൂപയുടെ അഥവാ 24 ബില്യൻ ഡോളറിന്റെ നേട്ടമുണ്ടായിട്ടുണ്ട്. ഈ ധനകാര്യവർഷം എണ്ണ ഇറക്കുമതിക്ക് 88.2 ബില്യൻ ഡോളർ വേണ്ടിവരുമെന്നാണ് പെട്രോളിയം മന്ത്രാലയം കണക്കാക്കുന്നത്. അതായത് 2014-2015 വർഷത്തെ 112.7 ബില്യനെ അപേക്ഷിച്ച് 22 ശതമാനം കുറവ്.

ജനങ്ങൾക്ക് ഇതിന്റെ ഒരു നേട്ടവും ലഭിക്കുന്നില്ല. എന്നുമാത്രമല്ല, സർക്കാർവിലാസം വിദഗ്ധന്മാർ നൽകുന്ന കണക്കുകൾ വച്ചുകൊണ്ട് പണപ്പെരുപ്പനിരക്ക് കുറഞ്ഞതായി പ്രഖ്യാപിക്കുകയും ചെയ്യും. (കമ്പോളത്തിൽ ആവശ്യസാധനങ്ങളുടെയടക്കം വില കുതിച്ചുയരുന്നതൊന്നും അവരെ ബാധിക്കുന്നില്ല). അതിന്റെ അടിസ്ഥാനത്തിൽ പലിശ നിരക്ക് വെട്ടിക്കുറച്ച് മുതലാളിമാർക്ക് നേട്ടമുണ്ടാകുന്ന നിലപാടെടുക്കും. ജനസാമാന്യം കഷ്ടപ്പെട്ട് സ്വരൂപിച്ച് ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന സമ്പാദ്യത്തിൽനിന്നുള്ള വരുമാനം കുറയുകയും ചെയ്യും. ചുരുക്കത്തിൽ ക്രൂഡോയിൽ വില കൂടിയാലും കുറഞ്ഞാലും ജനങ്ങൾ പ്രഹരങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കും. ഇതാണ് മുതലാളിത്തത്തിന്റെ ക്ഷുദ്രപ്രവൃത്തി. ■

## ഉയർന്ന വളർച്ചാനിരക്ക് രേഖപ്പെടുത്തിയ വർഷങ്ങളിൽ നഷ്ടപ്പെട്ടത് 50 ലക്ഷം തൊഴിലുകൾ

**2004**-05 നും 2009-10 നും ഇടയിൽ ഏതാണ്ട് 50 ലക്ഷം തൊഴിൽ നഷ്ടമായിട്ടുണ്ട്. ഇന്ത്യ നിരന്തരവും ഏറ്റവും ഉയർന്നതുമായ 8 ശതമാനം വളർച്ച രേഖപ്പെടുത്തിയ കാലയളവാണിത് എന്നത് ഏറെ വിരോധാഭാസമായിരിക്കുന്നു. സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന ചോദ്യം ഇവിടെ ഉയരുന്നു. അസോചം നടത്തിയ പഠനം വ്യക്തമാക്കുന്നത് സാമ്പത്തിക വളർച്ചയ്ക്കൊപ്പം തൊഴിലില്ലായ്മ മാത്രമല്ല നിലവിലുള്ള തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതും വർദ്ധിക്കുന്നു എന്നാണ്. 'തൊഴിൽ രഹിത വളർച്ച'എന്ന ഈ പ്രതിഭാസത്തിൽ ഒരു പിടി മുതലാളിമാർ ലാഭം പെരുക്കുമ്പോൾ സാധാരണക്കാർക്ക് അവരുടെ ജീവനോപാധികൾപോലും നഷ്ടമാകുന്നു. ബൂർഷ്വാ ഗവൺമെന്റുകളും അവരുടെ കുഴലൂത്തുകാരായ സാമ്പത്തിക വിശാരദന്മാരും അംഗീകരിക്കില്ലെങ്കിലും മുതലാളിത്ത സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായി ഒരു ബന്ധവുമില്ല എന്നതാണ് വസ്തുത. മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ 67%വരുന്ന സേവനവ്യവസായം ഏറെ കൊട്ടിഘോഷിക്കപ്പെടുന്നുണ്ടെങ്കിലും രാജ്യത്തെ തൊഴിൽ ശക്തിയുടെ വെറും 27% മാത്രമാണ് ഉൾക്കൊള്ളുന്നത് എന്ന് പഠനം വ്യക്തമാക്കുന്നു. ഇതുതന്നെ കരാർ തൊഴിലാണോ സ്ഥിരം തൊഴിലാണോ എന്ന് പഠനം വ്യക്തമാക്കുന്നുമില്ല. നാൾചെല്ലുന്തോറും ജനങ്ങളെ സർവ്വനാശത്തിന്റെ പടുകുഴിയിലേക്ക് തള്ളിയിടുന്ന പ്രതിസന്ധിഗ്രസ്തമായ മുതലാളിത്തത്തിന്റെ ബീഭത്സരൂപമാണ് ഇവിടെ ദൃശ്യമാകുന്നത്. (പിടിഐ&യുഎൻഐ-238-2015) ■

# വിജയം വരിച്ച ആലപ്പുഴ ജില്ലയിലെ ചെമ്മീൻ പീലിംഗ് തൊഴിലാളി സമരം

**എഐയുടിയുസിയുടെ കീഴിലുള്ള കേരള മത്സ്യസംസ്കരണ തൊഴിലാളി യൂണിയൻ(കെഎംഎസ്ടിയു) 2008 മുതൽ ചെമ്മീൻ പീലിംഗ് തൊഴിലാളികളുടെ തൊഴിലവകാശങ്ങൾക്കു വേണ്ടി സമരം ചെയ്തുവരികയാണ്. 2010ൽ സർക്കാർ ചെമ്മീൻ പീലിംഗ് തൊഴിലാളികൾക്ക് മിനിമം കൂലി പുതുക്കി നിശ്ചയിച്ചു. അത് നടപ്പിലാക്കാത്തതിനെതിരെ 2011 ആഗസ്റ്റ് മുതൽ കെഎംഎസ്ടിയുവിന്റെ നേതൃത്വത്തിൽ തൊഴിലാളികൾ കൂലിക്കുവേണ്ടി സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്.**



അമ്പലപ്പുഴ വളഞ്ഞവഴിയിൽ നടന്ന കെഎംഎസ്ടിയുവിന്റെ വിജയാഹ്ലാദ പ്രകടനം എസ്‌യുസിഐ ജില്ലാ സെക്രട്ടറി സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.

അരനൂറ്റാണ്ടിലേറെയായിട്ടും കാര്യമായ കൂലി വർദ്ധനവ് ഈ മേഖലയിൽ ഇല്ലായിരുന്നു. 2008-ൽ രണ്ട് കിലോയിൽ അധികം വരുന്ന ഒരു അളവ് ചെമ്മീൻ പീലിംഗിന് തൊഴിലാളികൾക്ക് കേവലം 7 രൂപമാത്രമാണ് ലഭിച്ചിരുന്നത്. കെഎംഎസ്ടിയുവിന്റെ നിരന്തരമായ സമരത്തെതുടർന്ന് 2014 ആയപ്പോൾ അമ്പലപ്പുഴ -കാർത്തികപ്പള്ളി താലൂക്കിലെ ചെമ്മീൻ പീലിംഗ് തൊഴിലാളികൾക്ക് ഒന്നര കിലോയ്ക്ക് 16.50 രൂപ കൂലിയും, 1.50 രൂപ ബോണസും നേടിയെടുക്കാൻ കഴിഞ്ഞു. കൂടാതെ രാത്രികാല പീലിംഗ് നിർത്തലാക്കൽ, ഷെഡ്ഡുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കൽ, ഉച്ചക്കുശേഷം ജോലിയുണ്ടെങ്കിൽ ഉച്ചഭക്ഷണം, ബോണസ് എന്നിവ യൂണിയന്റെ നേതൃത്വത്തിൽ തൊഴിലാളികൾ നടത്തിയ സമരത്തിലൂടെ നേടി. പ്രൊവിഡന്റ് ഫണ്ട്, ഇഎസ്ഐ തുടങ്ങിയവയ്ക്കുള്ള നിരന്തര പ്രക്ഷോഭങ്ങളിലുമാണ് യൂണിയൻ. ഇക്കാരണത്താൽ തന്നെ എങ്ങനെയും ഈ യൂണിയനെ തകർക്കുകയെന്നത് മുതലാളിമാരുടെ അജണ്ടയായി.

### 2015ലെ സമരം

മിനിമം കൂലി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ഈവർഷം സീസൺ ആരംഭത്തിൽ യൂണിയൻ മുതലാളിമാരുടെ സംഘടനയ്ക്ക് കത്തു നൽകിയെങ്കിലും അവർ അത് അംഗീകരിക്കുകയോ ചർച്ചയ്ക്ക് തയ്യാറാവുകയോ ചെയ്തില്ല. ആഗസ്റ്റ് 1നും 6നും ജില്ലാ ലേബർ ഓഫീസർ ചർച്ചക്ക് വിളിച്ചിട്ട് അമ്പലപ്പുഴ-കാർത്തികപ്പള്ളി താലൂക്കുകളിലെ മുതലാളിമാരുടെ സംഘടന അതിൽ പങ്കെടുത്തില്ല. ആഗസ്റ്റ് 6ന് നടന്ന ചർച്ചയിൽ ചേർത്തല താലൂക്കിലെ ഷെഡ്ഡ് ഉടമകൾ തൊഴിലാളികൾക്ക് മിനിമം ബോണസ് 3500 രൂപ നൽകാമെന്നും ആറുമാസത്തിനുള്ളിൽ തൊഴിലാളികളെ മുഴുവൻ ഇഎസ്ഐ, പ്രൊവിഡന്റ് ഫണ്ട് എന്നിവയിൽപെടുത്താമെന്നും കൂലി വർദ്ധന സംബന്ധിച്ച് സെപ്റ്റംബർ 9ന് ചർച്ച നടത്താമെന്നും സമ്മതിച്ചിരുന്നു. നിലവിൽ ചേർത്തല താലൂക്കിൽ 1 കിലോ ചെമ്മീൻ പീലിംഗിന് 14 രൂപ കൂലി നൽകി വരികയാണ്. ആ നിരക്കിൽ ഒന്നരക്കിലോ ചെമ്മീൻ പീലിംഗിന് അമ്പലപ്പുഴ താലൂക്കിലെ തൊഴിലാളികൾക്ക് 21രൂപ കൂലി ലഭിക്കണം. ഈ നിലപാടിൽ ഇവിടുത്തെ മുതലാളിമാരുമായി യൂണിയൻ പലവട്ടം ചർച്ച നടത്തിയിട്ടും അവർ അതിന് തയ്യാറായില്ല. ആഗസ്റ്റ് 19 മുതൽ കെഎംഎസ്ടിയു നടത്തിയ അനിശ്ചിതകാല പണിമുടക്കിനെ തുടർന്ന് കളക്ടർ വിളിച്ചുകൂട്ടിയ ചർച്ചയിൽ അമ്പലപ്പുഴ-കാർത്തികപ്പള്ളി മേഖലയിലും ഒരുകിലോയേ ചെമ്മീൻ അളക്കൂ എന്നും അതിന് 14 രൂപ കൂലി എന്നും അവർ പറഞ്ഞു. നിലവിൽ അമ്പലപ്പുഴയിൽ ഒന്നരക്കിലോ ചെമ്മീൻ പൊളിക്കുന്നതിന് തൊഴിലാളിക്ക് 18 രൂപ ബോണസടക്കം ലഭിച്ചിരുന്നതിനാൽ 1 കിലോ അടിസ്ഥാനത്തിൽ 14 രൂപ എന്നത് തൊഴിലാളികളിൽ ആശയക്കുഴപ്പം ഉണ്ടാക്കുമെന്നും ഒന്നരകിലോ അടിസ്ഥാനത്തിൽ 21 രൂപ കൂലി നൽകണമെന്നും യൂണിയൻ ആവശ്യപ്പെട്ടു. ഉടമകളുടെ പിടിവാശിമൂലം 24 ദിവസം പിന്നിട്ട സമരത്തിന് ഒത്തു തീർപ്പെന്ന നിലയിൽ കളക്ടറുടെ അഭ്യർത്ഥന മാനിച്ചാണ് 1 കിലോ അടിസ്ഥാനത്തിൽ കൂലി 14 രൂപ എന്നത് യൂണിയൻ അംഗീകരിച്ചത്. ഇത് എല്ലാ സ്ഥാപനങ്ങളിലും ത്രാസ്സ് വച്ച് തൂക്കി നൽകണമെന്നും കരാറായി. ഇപ്രകാരം ഒന്നരക്കിലോ ചെമ്മീൻ പീലിംഗിന് തൊഴിലാളിക്ക് 21 രൂപ കൂലി ലഭിക്കും. ചെമ്മീൻ തൂക്കി നൽകുമ്പോൾ വരുന്ന കൃത്യത അളവിൽ വർഷങ്ങളായി തൊഴിലാളികളെ കബളിപ്പിച്ചുകൊണ്ടിരിക്കുന്ന ഉടമകൾക്ക് തിരിച്ചടിയായി. അവർ കമ്മീഷൻ വ്യവസ്ഥയിൽ സപ്ലൈപൊളിപ്പിക്കുന്ന ഒരു കൂട്ടം സ്ത്രീകളെയും കൂട്ടി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഉണ്ടാക്കിയ എഗ്രിമെന്റ് അട്ടിമറിക്കാനും 20 രൂപക്ക് തങ്ങളുടെ കൺമതി അളവ് തുടരാനുമുള്ള കുത്സിത നീക്കത്തിന് ഇറങ്ങിതിരിച്ചു. മൂന്നാർ മോഡൽ എന്ന് പത്രക്കാരും ഏറ്റുപിടിച്ചുകൊണ്ട് യഥാർത്ഥ സമരത്തിനു നൽകാതിരുന്ന പ്രചാരണം ഈ കോലാഹലത്തിനു നൽകി. വീറുറ്റ പോരാട്ടത്തിലൂടെ ജില്ലാ കളക്ടറുടെ മധ്യസ്ഥതയിലുണ്ടാക്കിയ എഗ്രിമെന്റിനെ അട്ടിമറിക്കുവാനായി മുതലാളിമാർ ഗൂഢാലോചന നടത്തിയതിന്റെ ഫലമായിട്ടാണ് കുറച്ചു സ്ത്രീകളെയെങ്കിലും തെറ്റിദ്ധരിപ്പിച്ച് സമരമെന്നപേരിൽ രംഗത്തിറക്കാൻ മുതലാളിമാർക്ക് കഴിഞ്ഞത്. കമ്മീഷൻ വ്യവസ്ഥയിൽ സപ്ലൈ പൊളിപ്പിക്കുന്ന സ്ത്രീകളും അവരുടെ കൂട്ടാളികളും ചേർന്നു നടത്തിയ കോലാഹലത്തെ അധികാരികളും തെറ്റിദ്ധരിക്കുകയാണ് ഉണ്ടായത്. ഇതിനെ തുടർന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറും ജില്ലാ ലേബർ ഓഫീസറും തൊഴിലുടമകളേയും ട്രേഡ് യൂണിയനുകളേയും കോലാഹലമുണ്ടാക്കിയ സ്ത്രീകളേയും ചർച്ചക്കു വിളിച്ചു. ആ ചർച്ചയിൽ കളക്ട്രേറ്റിൽ ഉണ്ടാക്കിയ എഗ്രിമെന്റ് അട്ടിമറിച്ചുകൊണ്ട് പുതിയൊരു എഗ്രിമെന്റ് ഉണ്ടാക്കുവാനുള്ള ശക്തമായ നീക്കം മുതലാളിമാർ നടത്തി. എന്നാൽ കെഎംഎസ്ടിയുവിന്റെ ഉറച്ച നിലപാടുമൂലം ആ നീക്കം പരാജയപ്പെട്ടു. ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിലുണ്ടാക്കിയ എഗ്രിമെന്റുതന്നെ അംഗീകരിച്ച് പിരിയേണ്ടിവന്നു. തുടർന്ന് മുതലാളിമാർ കോലാഹലമുണ്ടാക്കിയ സ്ത്രീകളുമായി ചേർന്നു കൊണ്ട് നിർബ്ബന്ധിച്ച് തൂക്കമില്ലാതെ അളന്ന് നൽകി 21 രൂപ കിട്ടേണ്ട സ്ഥാനത്ത് 20 രൂപയാക്കി കൂലി കുറച്ച് എഗ്രിമെന്റ് അട്ടിമറിക്കുകയാണ്. അളവ് കൂടുതലും കൂലി കുറവും എന്ന അവസ്ഥയാണ് ഇതിലൂടെ ഉണ്ടാവുന്നത്. തൊഴിലാളികളുടെ യഥാർത്ഥ താല്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് നിലകൊള്ളുന്ന കെഎംഎസ്ടിയുവിനേയും അതിന്റെ നേതൃത്വത്തിനെയും ഏതുവിധേനയും തകർക്കുക എന്ന നിലപാടാണ് മുതലാളിമാരും അവരുടെ ഒത്താശക്കാരും കൈക്കൊണ്ടിരിക്കുന്നത്. യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് തൊഴിലാളികൾ കെഎംഎസ്ടിയുവിന്റെ പിന്നിൽ അണിനിരന്നുകൊണ്ട് കള്കടറുടെ സാന്നിദ്ധ്യത്തിൽ ഉണ്ടാക്കിയ എഗ്രിമെന്റ് നടപ്പിലാക്കുന്നതിനുള്ള നിരന്തര പോരാട്ടത്തിൽ എർപ്പെട്ടുകൊണ്ടിരിക്കുകയാണ്. ■

# ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് ശിൽപശാല സംഘടിപ്പിച്ചു

ബിജെപി സർക്കാർ പുതിയതെന്ന പേരിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ലഭ്യമായ രേഖകളെ ആസ്പദമാക്കി അഖിലേന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റിയും ആൾ ഇന്ത്യാ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷനും സംയുക്തമായി സെപ്തംബർ 24 ന് എറണാകുളത്ത് വെച്ച് ഒരു ശിൽപശാല സംഘടിപ്പിച്ചു. ചർച്ചകൾക്കു വേണ്ടി സർക്കാർ സമർപ്പിച്ച 33 തീമുകളെ സംബന്ധിച്ച് വിശദമായി ചർച്ച നടന്നു. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ ശാന്തിരാജിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച ശിൽപശാലയിൽ സംസ്ഥാന സെക്രട്ടറി ബിനുബേബി പ്രധാന പേപ്പർ അവതരിപ്പിച്ചു. പുത്തൻ വിദ്യാഭ്യാസ നയം 2015 നു വേണ്ടിയുള്ള ചർച്ചകൾ സർക്കാർ നടത്തുന്നത് വിദ്യാഭ്യാസത്തിന്റെ കമ്പോളവൽക്കരണത്തിനായുള്ള നീക്കങ്ങൾക്ക് ബഹുജനപിന്തുണയുണ്ടെന്ന് കാണിക്കാൻ മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു. വിവിധ തീമുകളെ ആസ്പദമാക്കി അലീന, ആർ.അപർണ്ണ, അകിൽമുരളി, എ.ഷൈജു, ഷഹസാദ്, വിദ്യ ആർ.ശേഖർ, എന്നിവർ പ്രത്യേകം പേപ്പറുകൾ അവതരിപ്പിച്ചു, ചർച്ചകളിൽ പ്രൊഫ. പി.എൻ തങ്കച്ചൻ, ഡോ.എം ജ്യോതിരാജ് , ഡോ. ശ്രീകുമാരൻ, ബാബുമാഷ്, മണികണ്ഠൻ, കമലടീച്ചർ, കെ.പി.സാൽവിൻ, അഡ്വ.പി.സി.വിവേക് എന്നിവർ പങ്കെടുത്തു. ചർച്ചകൾ ക്രോഡീകരിച്ചുകൊണ്ട് സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം. ഷാജർഖാൻ സംസാരിച്ചു.




ഈശ്വരചന്ദ്ര വിദ്യാസാഗർ അനുസ്മരണത്തോടനുബന്ധിച്ച് നടന്ന വിദ്യാഭ്യാസശിൽപ്പശാലയിൽ പ്രൊഫ.പി.എൻ.തങ്കച്ചൻ പ്രസംഗിക്കുന്നു

ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ എല്ലാ അടിസ്ഥാനങ്ങളേയും പാടേ നിരാകരിക്കുന്ന ആഗോളീകരണ നയങ്ങൾ കൂടുതൽ ശക്തമായി നടത്തുവാൻ വേണ്ടി തട്ടിക്കൂട്ടിയതാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയരേഖയെന്ന് അദ്ദേഹം പറഞ്ഞു. പ്രാഥമിക വിദ്യാഭ്യാസം മുതൽ ജനങ്ങളുടെ എല്ലാ വിദ്യാഭ്യാസ ചുമതലകളിൽ നിന്നും സർക്കാർ പിന്മാറുകയും ചുമതലകൾ ജനങ്ങളുടേതാക്കിമാറ്റുകയും ചെയ്യുന്ന നയത്തെ അരക്കിട്ടുറപ്പിക്കുന്നതോടൊപ്പം, ഉള്ളടക്കത്തിൽ സമ്പൂർണ്ണമായി പിടിമുറുക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യമാണ് പുതിയ പദ്ധതിക്ക് പിന്നിലെന്നും അദ്ദേഹം വിശദീകരിച്ചു.

നയരേഖയുടെ പൊള്ളത്തരവും ഗൂഢോദ്ദേശ്യങ്ങളും വിശദീകരിക്കാൻ സംസ്ഥാനത്ത് കഴിയുന്നത്രയിടങ്ങളിൽ സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുമെന്ന തീരുമാനത്തോടെയാണ് ശില്പശാല സമാപിച്ചത്.

**സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ശില്പശാലയിൽ സേവ് എജ്യുക്കേഷൻ കമ്മിറ്റി അംഗങ്ങൾ പങ്കെടുത്തു.**

സെപ്തംബർ 29 ന് പുതിയ ദേശീയ വിദ്യാഭ്യാസ നയരേഖ 2015 ചർച്ച ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ശില്പശാലയിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ക്ഷണം സ്വീകരിച്ച് സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ, പ്രൊഫ. ഫ്രാൻസിസ് കളത്തുങ്കൽ, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് പ്രൊഫ.എം. ശാർങ്ധരൻ എന്നിവർ പങ്കെടുത്തു. രാവിലെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിച്ച ശില്പശാലയിലും നേതാക്കൾ പങ്കെടുത്തു. ബിജെപി സർക്കാർ ലക്ഷ്യം വെക്കുന്ന വിദ്യാഭ്യാസത്തിന്റെ കാവിവൽക്കരണമെന്ന രഹസ്യ അജണ്ടയെ ജാഗ്രതയോടെ പ്രതിരോധിക്കണമെന്ന് കമ്മിറ്റി എഴുതി സമർപ്പിച്ച രേഖയിൽ ആവശ്യപ്പെട്ടു. വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണവും വർഗ്ഗീയവൽക്കരണവുമാണ് ദേശീയ തലത്തിൽ ഈ രംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്നും സേവ് എജ്യുക്കേഷൻ കമ്മിറ്റി ഓർമ്മിപ്പിച്ചു. ■

*Date of Posting 9 th & 10 th of every month at RMS, Trivandrum.*
*Date of publishing 01/10/2015*
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY
MALAYALAM MONTHLY

Vol 42 No.7
Price : Rs 5.00
October 2015

## അഭയാർത്ഥിപ്രശ്നം:
# സാമ്രാജ്യത്വവിരുദ്ധ ജനകീയ സംഗമം

**അ**റബ്, ആഫ്രിക്കൻ രാജ്യങ്ങളിലെ ജനങ്ങൾ അഭയാർത്ഥികളായി യൂറോപ്പിലേക്ക് നടത്തുന്ന കൂട്ടപാലയനത്തിന് ഇടയാക്കിയ സാമ്രാജ്യത്വ ശക്തികളുടെ ഇടപെടലുകൾക്കെതിരെ ഇന്റർനാഷണൽ ആന്റി-ഇംപീരിയലിസ്റ്റ് കോ-ഓർഡിനേറ്റിംഗ് കമ്മിറ്റിയുടെ ഇന്ത്യൻ ഘടകമായ ആൾ ഇന്ത്യ ആന്റി-ഇംപീരിയലിസ്റ്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 23 ന് സാമ്രാജ്യത്വവിരുദ്ധ ജനകീയ സംഗമം നടത്തി.

എറണാകുളം മേനക ജംഗ്ഷനിൽ നടന്ന സംഗമം പ്രൊഫ. കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. അമേരിക്കൻ സാമ്രാജ്യത്വം നേതൃത്വം സാമ്രാജ്യത്വ-വിഘടനവാദപ്രവർത്തനങ്ങൾ ലോകമെമ്പാടും അശാന്തിയും യുദ്ധവും കെടുതികളും സൃഷ്ടിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. രണ്ടു നൂറ്റാണ്ടിലേറെ സാമ്രാജ്യത്വ അധിനിവേശത്തിനെതിരെ പോരാടിയ നമ്മുടെ രാജ്യത്തിന്റെ മഹത്തായ പാരമ്പര്യത്തെ മറന്നുപോകുന്ന പ്രധാനമന്ത്രി മോദി അദ്ദേഹത്തിന്റെ 'മൻകി ബാത്ത്' പോലുള്ള പരിപാടികളിൽപോലും അഭയാർത്ഥിപ്രശ്നവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് പരാമർശിക്കാൻ തയ്യാറാകുന്നില്ലെന്നത് ഖേദകരമാണ്. തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

ആൾ ഇന്ത്യാ ആന്റി-ഇംപീരിയലിസ്റ്റ് ഫോറം സംസ്ഥാന സെക്രട്ടറി ജി.എസ്.പത്മകുമാർ മുഖ്യപ്രഭാഷണം നടത്തി. സോവിയറ്റ് സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ച ലോകത്ത് യുദ്ധരഹിതമായ സാഹചര്യം കൊണ്ടുവരുമെന്ന പ്രചാരണം പൊള്ളയായിരുന്നുവെന്ന് ഇന്നത്തെ സാർവ്വദേശീയ സാഹചര്യം തെളിയിക്കുന്നു. സാമ്രാജ്യത്വ മൂലധന ചൂഷണത്തിന് പര്യാപ്തമായ വിധത്തിൽ എല്ലാ മൂന്നാംലോകരാജ്യങ്ങളിലും വിഘടന-മതമൗലികവാദ-തീവ്രവാദ ശക്തികളെ ഊട്ടിവളർത്തിക്കൊണ്ട് രാഷ്ട്രീയ അനിശ്ചിതാവസ്ഥയും അശാന്തിയും സൃഷ്ടിക്കുന്നത് അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ ശക്തികളാണ്. ലോകമെമ്പാടും അവർ നടത്തുന്ന ഈ അധിനിവേശപ്രവർത്തനങ്ങളാണ് ഇന്ന് രൂക്ഷമായ ഈ അഭയാർത്ഥി പ്രശ്നത്തിനും കാരണം. ഇതിനെതിരെ ലോകമെമ്പാടുമുള്ള ജനങ്ങളുടെ യോജിച്ച പോരാട്ടം വളർത്തിയെടുക്കാനുള്ള അന്തർദേശീയസാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനത്തിന്റെ ശ്രമങ്ങൾക്കൊപ്പം അണിചേരാൻ അദ്ദേഹം അഭ്യർത്ഥിച്ചു.



**ജനകീയ സംഗമം പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു. മുൻനിരയിൽ ടി.എസ്.നാരായണൻ മാസ്റ്റർ, ജി.എസ്.പത്മകുമാർ, കെ.കെ.ഗോപിനായർ തുടങ്ങിയവർ.**

കെ.കെ.ഗോപിനായർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എംസിപിഐ(യു) കേന്ദ്രകമ്മിറ്റിയംഗം ടി.എസ്.നാരായണൻമാസ്റ്റർ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടേറിയറ്റംഗം പി.എം.ദിനേശൻ, നവോത്ഥാനശക്തി നേതാക്കളായ ടി.രവീന്ദ്രൻ, സി.ബി.അശോകൻ, അഡ്വ.പഞ്ഞിമല ബാലകൃഷ്ണൻ, ജബ്ബാർ മേത്തർ, മഹിളാ സാംസ്കാരിക സംഘടന നേതാക്കളായ കെ.കെ.ശോഭ, എം.കെ.ഉഷ, എഐയുടിയുസി നേതാവ് കെ.ഒ.ഷാൻ, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി രശ്മിരവി എന്നിവരും സംബന്ധിച്ചു. ആന്റി ഇംപീരിയിലിസ്റ്റ് ഫോറം നേതാക്കളായ കെ.കെ.സുരേഷ്, ജി.ആർ.സുഭാഷ്, എൻ.കെ.ശശികുമാർ, എഐഡിവൈഒ ജില്ലാ പ്രസിഡന്റ് പി.പി.അഗസ്റ്റിൻ എന്നിവർ പ്രസംഗിച്ചു.

എഐഎഐഎഫ് ജില്ലാ സെക്രട്ടറി എൻ.ആർ.മോഹൻകുമാർ സ്വാഗതവും എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് കെ.പി. സാൽവിൻ കൃതജ്ഞതയും പറഞ്ഞു. ■

# പ്രതിഷേധസംഗമം

**പ്രൊ**ഫ.എം.എം.കൽബുർഗിയുടെ ഘാതകരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതിയുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 18-ന് സെക്രട്ടേറിയറ്റിന് മുന്നിൽ പ്രതിഷേധസംഗമം നടന്നു. മുതിർന്ന പത്രപ്രവർത്തകനും പൗരാവകാശപ്രവർത്തകനുമായ ബിആർപി ഭാസ്കർ ഉദ്ഘാടനം ചെയ്തു. ചോദ്യങ്ങൾ ഉന്നയിക്കുന്നവരെ നിശ്ശബ്ദരാക്കുകയെന്ന നയമാണ് വർഗ്ഗീയശക്തികൾ അനുവർത്തിക്കുന്നതെന്നും അതിനെതിരെ ജനാധിപത്യവിശ്വാസികൾ ഒന്നിക്കണമെന്നും അദ്ദേഹം പറഞ്ഞു. നരേന്ദ്രധബോൽക്കറെയും പൻസാരെയും കൊലപ്പെടുത്തിയതും ഇതേ ശക്തികൾ തന്നെ. എല്ലാം ആസൂത്രിതമായ കൃത്യങ്ങളായിരുന്നു. പരസ്യമായി കൊലവിളി നടത്താൻ ഇപ്പോൾ ഹിന്ദുവർഗ്ഗീയശക്തികൾക്ക് മടിയില്ലാതായിരിക്കുന്നു. ഗവണ്മെന്റിന്റെ പിന്തുണയുള്ളതുകൊണ്ടാണിത് നടക്കുന്നത്.

ജനകീയപ്രതിരോധസമിതി ജില്ലാപ്രസിഡന്റ് ദേശാഭിമാനി ഗോപി അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ.സി.ഹരിദാസൻ, ജി.എസ്.പത്മകുമാർ, എം.ഷാജർഖാൻ, ഡോ.കെ.പ്രസന്നകുമാർ, പ്രദീപ് രാമൻ, ആറ്റിങ്ങൽ ഡി.ദിവാകരൻ, കനക രാഘവൻ, പി.എസ്.ഗോപകുമാർ എന്നിവർ പ്രസംഗിച്ചു. ■


**സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന പ്രതിഷേധ സംഗമം പ്രശസ്ത പത്രപ്രവർത്തകൻ ബിആർപി ഭാസ്കർ ഉദ്ഘാടനം ചെയ്യുന്നു.**

*(13-ാം പേജിൽ നിന്ന്)*
**പ്രൊഫ.എം.എം.കൽബുർഗി.....**

കൽബുർഗി വധത്തിനെതിരെ പ്രതിഷേധ സായാഹ്നം സംഘടിപ്പിച്ചു. സ.പി.കെ.ഷിബു അദ്ധ്യക്ഷനായി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റിയംഗം സ.ഇ.എൻ. ശാന്തിരാജ്, ജോയ് വടക്കുംപാടൻ, അജയ്കുമാർ, രാജേഷ് അപ്പാട്ട്(സിപിഐ-എംഎൽ) മഹേന്ദ്രൻ, എ.എം.സുരേഷ്, പി.കെ.ധർമ്മജൻ, രാജൻ(നേതാജി സമിതി) എന്നിവർ പ്രസംഗിച്ചു.

**അന്നമനട** ജംഗ്ഷനിൽ സെപ്തം: 17ന് എഐഡിവൈഒ യുടെ നേതൃത്വത്തിൽ കൽബുർഗി വധത്തിനെതിരെ സാംസ്കാരിക സംഗമം നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റിയംഗം അഡ്വ.ഇ.എൻ. ശാന്തിരാജ്, സൈനുദ്ദീൻ, ജോയ് വടക്കുംപാടൻ, എ.എം.സുരേഷ്, പി.കെ.ധർമ്മജൻ തുടങ്ങിയവർ പ്രസംഗിച്ചു.

**മുളങ്കുന്നത്തുകാവ്** ജംഗ്ഷനിൽ സെപ്തം:18 ന് ജനകീയ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ കൽബുർഗി അനുസ്മരണവും ഫാസിസ്റ്റ് വിരുദ്ധ സംഗമവും സംഘടിപ്പിച്ചു. ജി. നാരായണൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ:കെ.ബി.ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്തു. പി.എസ്.വേലായുധൻ, ഡോ.പി.എസ്.ബാബു, അഡ്വ. ഇ.എൻ.ശാന്തിരാജ്, എം.പ്രദീപൻ., എഐഎംഎസ്എസ് ജില്ലാ പ്രസിഡന്റ് ആർ.സുനിത, യു.യു.സുബ്രഹ്മണ്യൻ എന്നിവർ പ്രസംഗിച്ചു.

## കാലടി സർവ്വകലാശാലയിൽ
# വിദ്യാർത്ഥി-ഗവേഷക സംഗമം

**കാ**ലടി സംസ്കൃത സർവ്വകലാശാലയിൽ റിസർച്ച് സ്കോളേഴ്സ് അസോസിയേഷൻ(ആർഎസ്എ) സംഘടിപ്പിച്ച ഇന്ത്യൻ ഫാസിസം-നവരൂപങ്ങൾ എന്ന വർഗ്ഗീയതയ്ക്കെതിരായ വിദ്യാർത്ഥി-ഗവേഷക സംഗമം നിശ്ചയിക്കപ്പെട്ട പ്രകാരം വിജയകരമായി നടന്നു. കവി കുരീപ്പുഴ ശ്രീകുമാർ സംഗമം ഉദ്ഘാടനം ചെയ്തു. ചിന്തിക്കുന്ന സമൂഹത്തെ ഇല്ലാതാക്കാനുള്ള ശ്രമമാണ് പ്രൊഫ.കൽബുർഗിയുടെയും നരേന്ദ്ര ധബോൽക്കറുടെയും ഗോവിന്ദ് പൻസാരെയുടെയും വധത്തിലൂടെയും ഇത്തരം സംവാദവേദികൾ തടയുന്നതിലൂടെയും നടക്കുന്നത്. ഇതിനെതിരെ ജനാധിപത്യബോധമുള്ള കൂട്ടായ്മകൾ കാമ്പസ്സിലും പൊതുസമൂഹത്തിലും ശക്തമാക്കുന്നതിലൂടെ മാത്രമേ ഫാസിസ്റ്റ് അതിക്രമങ്ങൾ പ്രതിരോധിക്കുവാൻ സാധിക്കുകയുള്ളൂ-സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു. ഡോ.സുനിൽ പി. ഇളയിടം മുഖ്യപ്രഭാഷകനായി പങ്കെടുത്തു. നിയന്ത്രണങ്ങൾ ചോദ്യം ചെയ്തുകൊണ്ടും ലംഘിച്ചുകൊണ്ടുമാണ് വിജ്ഞാനവും സമൂഹവും വളരുന്നത്- അദ്ദേഹം പറഞ്ഞു. എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി ബിനുബേബി, എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി എം.വിജിൻ, എകെആർഎസ്എ സംസ്ഥാന സെക്രട്ടറി ജംഷിദ് അലി, ഡിആർഎസ്ഒ സംസ്ഥാന കൺവീനർ വിദ്യാ ആർ.ശേഖർ, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ അബ്ദുറഹ്മാൻ, സോബിൻ മഴവീട്, റഫീക്ക് ഇബ്രഹിം, ലിബിൻ തത്തപ്പിള്ളി എന്നിവർ പ്രസംഗിച്ചു. ആർഎസ്എ കൺവീനർ എസ്.അലീന അദ്ധ്യക്ഷത വഹിച്ചു. ആർഎസ്എ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളായ സൗമിത്ത് സഹദേവൻ സ്വാഗതവും ധന്യ ഇല്ലത്ത് നന്ദിയും പറഞ്ഞു. എസ്എഫ്ഐ-ഇടതുപക്ഷ അദ്ധ്യാപക-അനധ്യാപക സംഘടനകൾ പരിപാടിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് രാവിലെ പ്രകടനം നടത്തി. പരിപാടി വിജയിപ്പിക്കുവാൻ പിന്തുണച്ച സർവ്വകലാശാല സമൂഹത്തോടും പൊതുസമൂഹത്തോടും ആർഎസ്എ ചെയർമാൻ അനസ് നന്ദി പറഞ്ഞു.

ക്രമസമാധാനപ്രശ്നം ഉന്നയിച്ച് സർവ്വകലാശാല രജിസ്ട്രാർ ഏർപ്പെടുത്തിയ വിലക്കിനെ അവഗണിച്ചുകൊണ്ടാണ് വമ്പിച്ച പങ്കാളിത്തത്തോടെ ഈ പരിപാടി നടന്നത്. ■


**ഡോ.സുനിൽ പി. ഇളയിടം മുഖ്യപ്രഭാഷണം നടത്തുന്നു. ഉദ്ഘാടകൻ കുരീപ്പുഴ ശ്രീകുമാർ, വിദ്യാർത്ഥി-ഗവേഷക സംഘടനാ നേതാക്കൾ വേദിയിൽ**

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.